

കലാലയ മാഗസിൻ 2016–2017
ന്യൂമാൻ കോളേജ് തൊടുപുഴ
പുല്ലുകൾ
പൂമരങ്ങളാവാതെങ്ങനെ?.....

## Our Heavenly Patron



John Henry Cardinal Newman

## *Our Manager*



**Very Rev. Msgr. Dr. GEORGE OLIAPURAM**

## *Higher Education Secretary*



**Rev. Dr. GEORGE THANATHUPARAMBIL**

# *Our Principal*



## Rev. Dr. VINCENT NEDUNGATTU

*'Great leaders don't set out to be a leader.*
*They setout to make difference.*
*Its never about the role-always about the goal'*

# Our Sincere Gratitude to...

## Our Former Principal



## Dr. T. M. JOSEPH

Dr. T. M. Joseph has helped us hold our heads high by securing a coveted 'A' grade at the third cycle of NAAC re-accreditation held in March 2016. He has taken Newman College to the heights of fame bravely weathering the storms that struck it. He has proved that he is matchless leader, a peerless visionary, an excellent academician and a great administrator. We will remember him for the selfless service he has rendered to Newman College.

# Our sincere Gratitude to



*'Leadership is about making others better as a result of your presence and making sure that impact lasts in your absence'*

**Dr. K. J. JOHN**
**Former Vice Principal**

*'What you leave behind is not what is engraved in stone monuments, but what is woven into the life of others.'*



**Rev. Fr. FRANCIS KANNADA**
**Former Bursar**

## Vice Principal



**Rev. Dr. MANUEL PICHALAKKATTU**

*'If your actions inspire others to dream more, learn more, do more and become more, you are a leader'*

## Our Bursar



**Rev. Fr. THOMAS POOVATHINKAL**

*'A leader is one who knows the way, goes the way, and shows the way'*

# Adieu

*Retirement may be an end, but its a new beginning too...*



Prof. K. C. Kochurani
Dept. of Zoology



Sri. M. V. Thomas
Office Staff

## RANK HOLDERS



Jipsa Joseph
MSc. Chemistry 3rd Rank



Sudheesh T. P.
MSc. Physics 5th Rank



Sudheesh P. Thankappan
MSc. Physics 7th Rank



Sherin Varghese
MA Literature 8th Rank



Jyothy Joy
MA Literature 9th Rank



# Memory



**JIBIN JOLLY**
**(NTS)**



**SUDHEER K.S.**
**(B.Com Computer Application)**



**Prof. JOSE JOSEPH**



**Prof. P.J. PAUL**






UNION CABINET 2016-2017

# united we Stand


CHAIRMAN
AMAL SELVI


UNION STAFF ADVISOR
PROF. K. P. BENNY


VICE CHAIRPERSON
AMMU MARIA ALEX


GENERAL SECRETARY
KIRAN SHAJI


UUC
AMALKRISHNA E.S.


UUC
AMBADY MOHANAN


ARTS CLUB SECRETARY
DINTO BENNY


MAGAZINE EDITOR
JIBINA JAMES


SPORTS CLUB SECRETARY
BROFIN DAYAS


LADY REPRESENTATIVE
ASWATHY K. R.


LADY REPRESENTATIVE
GOPIKA RAJAGOPAL


IIIRD D. C. REPRESENTATIVE
KRISHNAKANTH N. S.


IIND D. C. REPRESENTATIVE
ALBIN JAMES


IST D. C. REPRESENTATIVE
ASHKAR ALI


P. G. REPRESENTATIVE
KRISHNADATH

# Editorial Board

**STAFF EDITORS**



Rev. Dr. Manuel Pichalakattu



Dr. Bijimol Thomas



Smt. Lally Thomas

**CHIEF EDITOR**



Jibina James

**SUB EDITORS**



Ambady Mohanan



Aswin Babu



Jose Augustine



Vishnu Somarajan



Joseph Thomas



Tomin Sunny



Rexymol Mathew



# *Editorial*

ഇതാണ് സ്വപ്നം!!
തൊടിയിലും വഴിയിലും വീട്ടുമുറ്റത്തും പാതയോരങ്ങളിലും നിന്ന്
കാഴ്ചക്കാരന്റെ കുപ്പായമണിഞ്ഞ്....
പലപ്പോഴും ഒരു നാണംകുണുങ്ങിയായി തലകുമ്പിട്ട് നിന്നിരുന്ന..
ആ പുല്ലുകളും പുൽനാമ്പുകളുമെല്ലാം
കാലാന്തരത്തിൽ നിറമണിഞ്ഞ
പൂക്കൾ സമ്മാനിക്കുന്ന പൂമരങ്ങളായി മാറുന്നത്....
ഇതാണ് കാത്തിരിപ്പ് !!
ഉള്ളിലെ നന്മയും, നേരും, സർഗാത്മകതയും കലാശേഷിയും,
ആസ്വാദ്യപരതയുമെല്ലാം, ഇളംകാറ്റിൽ
പോലും ഇളക്കം തട്ടുന്ന പുൽനാമ്പുകളാകാതെ
തലയുയർത്താൻ ശേഷിയില്ലാത്ത
നാണക്കാരിപ്പുൽച്ചെടികളാകാതെ...
....നിറവും, കരുത്തും ഉറപ്പും, ജീവസ്സുമുള്ള പൂമരങ്ങളായി..

സ്നേഹപൂർവ്വം
നിങ്ങളുടെ സ്വന്തം

ജിബിന ജെയിംസ്

എഡിറ്റർ

# ഉള്ളടക്കം...


Our Patron ........ 3
Our Manager ........ 5
Higher Education Secretary ........ 7
Our Principal ........ 9
Former Principal ........ 11
Our Sincere Gratitude to ........ 12
Vice Principal ........ 13
Adiue ........ 14
Memory ........ 15
Samarpanam ........ 16
Union Cabinet ........ 17
Editorial Board ........ 18
Editorial ........ 19
From Number Sign to Hashtag ........ 22
സ്വാതന്ത്ര്യം തേടുന്ന ഭക്ഷണ സംസ്കാരങ്ങൾ ........ 23
सच्चे साथी ........ 24
അണയാത്ത പ്രകാശനാളം ........ 25
സാഹിത്യരചനകൾ സിനിമയാകുമ്പോൾ ........ 26
ബെന്യാമിനൊപ്പം ഒരു പകൽ ........ 27
I still remember ........ 28
Quantum Entanglement ........ 29
ഈ മഴക്കാലം എന്നെ ഓർമ്മിപ്പിക്കുന്നത് ........ 30
A Darkling Pain ........ 31
The Age of Trolls ........ 32
പായ്ക്കപ്പൽ മുതൽ മെട്രോ വരെ- ........ 33
Cover Story ........ 35
പ്രമുഖരല്ലാത്തവർ ........ 40
അരികെ ........ 40
യോഗ ഒരു ജീവിതചര്യ ........ 41
Gravitational Waves ........ 42
मम्मी से है पहचान ........ 43
घर संसार ........ 43
प्रगतिशील भारत ........ 44
आज का झूला घर, कल की वृध्दासदन ........ 45
नई नज़र ........ 45

നോട്ട് നിരോധനവും ട്രോളുകളും ........
ദശസൂര്യസമാമാത ........
Being Happy ........
ഇരുപത്തൊന്നാം നൂറ്റാണ്ടിലെ സ്ത്രീ ........
ഒറ്റ സപ്പി വിപ്ലവം ........
അനുഭവം ........
Social Protests through Cyberspace ........
The Secret of Success ........
സ്മാർത്ത വിചാരം ഒരു സ്ത്രീ വിചാരം ........
Mother ........
നോട്ടുകെട്ടുകൾ കടലാസുകൾ ........
തെരുവുനായ്ക്കളും സാമൂഹിക ബോധവും ........
കേരളം ഒരു ഭ്രാന്താലയമോ ........
അനുഭവങ്ങൾ ........
കാലത്തിനായ് മാറ്റപ്പെട്ടവൾ ........
ജനാധിപത്യം ........
Rose ........
Do You Know ........
ട്രംപിസം ........
ഇത് നിനക്കായ് ........
Religion an Outlook ........
മണ്ണിനെ മറക്കുന്ന മലയാളി സംസ്കാരങ്ങൾ ........
ഓടിതീർക്കാനുണ്ട് ദൂരങ്ങൾ ബാക്കി ........
International Year of Pulses ........
Nothing is still, Let it be ........
ബെൻഹർ ........
The Future of Tomorrow ........
ഓർമ്മയിലെ ഒ.എൻ.വി ........ 80
എന്താണ് ? ........
The Land of Burning Minds ........ 84
നിലയ്ക്കാത്ത ഓർമ്മകൾ ........ 85
Those were the Days ........ 86
Lucid dreams ........ 87
ലോകാ സമസ്താ സുഖിനോ ഭവന്തു ........ 88
Fading Frangrance ........ 89
ലൂസിയ ........ 90
പലായനം ........ 92
ഓർമയിലെ ന്യൂമാൻ ........ 93






College Union Inauguration

Team

ആ

ര



Name Contest Winner



Oath Taking



Presenting the Caricature



College Union Members

മല്ല; ഹൃദയമുള്ള ആർക്കും കണ്ണുകൾ നിറയും. അത്തരം ക്രൂരതകൾക്കെതിരെ പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ പ്രതികരിക്കാൻ ശ്രമിക്കാതെ ഒറ്റയടിക്ക് കന്നുകാലികളെ കൊല്ലുന്നത് തന്നെ നിർത്തലാക്കിയാൽ രാഷ്ട്രീയ പ്രേരിതമായ നീക്കം തന്നെ എന്ന് പറയാതിരിക്കാൻ ആകില്ല. ഏറ്റവും താഴെക്കിടയിലുള്ള തൊഴിലാളികളുടെ ദേഹത്ത് മണ്ണുവാരിയിട്ടിട്ട് ഏതു കോർപ്പറേറ്റ് ഭീമനെയാണ് രാജ്യം സംരക്ഷിക്കാൻ ആഗ്രഹിക്കുന്നത്.

ഭക്ഷണം ഒരാളുടെ സ്വകാര്യതയാണ്. തീർത്തും അയാളുടെ ആവശ്യങ്ങളുടെയും വൈകാരികതകളുടെയും സ്വകാര്യമായ അവകാശം. അത് നിഷേധിക്കപ്പെടുക എന്നാൽ ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾക്ക് മുകളിൽ സ്വയം ഭരണതലവൻ തന്നെ കത്തിവയ്ക്കുന്നതു പോലെയാണ്. മൃഗങ്ങളോടുള്ള ക്രൂരതയുടെ മേൽ വേണ്ടിയിരുന്നത് നിരോധനം ആയിരുന്നില്ല. മറിച്ച് നിയന്ത്രണമായിരുന്നു. എലിയെ പേടിച്ച് ഇല്ലം ചുടുന്നത് പോലെയുള്ള നിരോധനങ്ങൾ മണ്ടത്തരങ്ങൾ എന്ന് വ്യാഖ്യാനിക്കപ്പെടുന്നതിനൊപ്പം മാനുഷികമായ വൈകാരികതകൾക്കുമുകളിലുള്ള കട കയറ്റമുണ്ടാകും.

ഈ ജനാധിപത്യ രാജ്യത്ത് ജീവി ണ്ടത് നമ്മളും നമ്മുടെ അതേ ആശയം പേറ വരും മാത്രമാകരുതല്ലോ. സമാന്തര ആശയ പേറുന്നവരുടെ സംസ്കാരങ്ങൾക്കും ഇടങ്ങളു കണം. അവയും ചർച്ച ചെയ്യപ്പെടുകയും ന യുക്തം തീരുമാനങ്ങൾ ഉണ്ടാവുകയും വേ അത് നടപ്പിലാക്കുക എന്നതാണ് ജനാധിപ അല്ലാതെ കോർപ്പറേറ്റ് താല്പര്യങ്ങളോ രാഷ്ട്ര താല്പര്യങ്ങളോ പൊതുജനത്തിന് മുകളിൽ ച്ചേൽപ്പിക്കലല്ല. കന്നുകാലികൾക്കും അവകാശ ളുണ്ട്. അവയ്ക്കുമുകളിൽ ക്രൂരമായ ഇടപെ കൾ നടത്താതെ തന്നെ അവയെ സംരക്ഷിക്കുക ഭക്ഷണാവശ്യങ്ങൾക്ക് വേണ്ടി വധിക്കുക ആകാം. മാംസ ഭക്ഷണം അത് ഇഷ്ടപ്പെടുന്നവ സ്വാതന്ത്ര്യമാണ്; ഭരണഘടന ഉറപ്പ് നൽകുന്ന അ കാശവും. അത് നിഷേധിക്കുക എന്നത് ഫെഡ നിലപാടിൽ പ്രവർത്തിക്കുന്ന ഭാരതം പോ യൊരു രാജ്യത്തിന് അനഭിലഷണീയമാണ്.

## सच्चे साथी



TONY TOM, IInd B.Com

साथ बनके रहते हमेशा
हर कदम में साथ दिया
मेरा हाथ न छोडा तुमने
आँखों में छुपे हर दर्द को समझा
आँसुओं को हँसी में बदल दिया
सच्चे साथी, तु है अच्छे साथी।
संभाला है तुम्हें अबने दिल में
ज़िन्दगी में कभी अलग न होंगे हम
है मुझे इच्छा तुम्हें कुछ देने की
पर है नहीं कोई चीज़ तुम्हें देने की
कहती है सिर्फ एक ही बात
मैं तुम्हारी आभारी हूँ।




# അണയാത്ത പ്രകാശനാളം




സച്ചിൻ രാജ്, KS6

കാവാലത്തിന്റെ കയ്യുംപിടിച്ചാണ് ലോക നാടകവേദിയിലേക്ക് മലയാള നാടകം താളം ചവിട്ടി കടന്നുചെന്നത്. കാവാലം നാടകങ്ങൾ മലയാള നാടകവേദിക്ക് നൽകിയ സംഭാവനകളാകട്ടെ ചരിത്രത്തിന്റെ ഭാഗവും. ബൃഹത്തായ ആ കർമ്മകാണ്ഡത്തിന്റെ ആഴവും വ്യാപ്തിയും ആരേയും അതിശയിപ്പിക്കും. കടമ്മനിട്ടയും സച്ചിദാനന്ദനും ബാലചന്ദ്രൻ ചുള്ളിക്കാടും തിരയടിച്ചതുപോലെ എൺപതുകളിലെ ക്യാമ്പസ്സുകളിൽ കാവാലം നിറഞ്ഞുനിന്നു. ആധുനികതയിൽ വേറിട്ട ജീവിതക്ഷേത്രമായിരുന്നു കാവാലം രചനകൾ. അദ്ദേഹത്തിന്റെ വിയോഗം കേരളസമൂഹത്തിനും മലയാളഭാഷയ്ക്കും നികത്താനാവാത്ത വിടവ് സമ്മാനിച്ചിരിക്കുന്നു. ഒരിക്കലും കെട്ടടങ്ങാത്ത അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുന്നിൽ പ്രണാമം.

1967-ൽ എഴുതിയ "സാക്ഷി" എന്ന നാടകം മുതൽ ഏറ്റവും ഒടുവിൽ 2003-ൽ എഴുതിയ "കവി വേഷം" വരെ മലയാളത്തിനു ലഭിച്ച അനുഗ്രഹമാണ്. നാടകം ജീവിതത്തിലേക്കും ജീവിതം നാടകത്തിലേക്കും എന്നും വിവർത്തനം ചെയ്തുകൊണ്ടാണ് കാവാലം ജീവിച്ചത്. വ്യത്യസ്തമായ എത്രയോ ജീവിതപാതയിലൂടെ കടന്നുപോയപ്പോഴും അദ്ദേഹം ഒടുവിൽ എത്തിച്ചേരുന്നത് നാടക വേദിയിൽ തന്നെയായിരുന്നു. നാടകത്തെ ഇത്ര സമഗ്രമായി വിഭാവനം ചെയ്ത മറ്റൊരു നാടക കൃത്ത് മലയാളത്തിലുണ്ടോ എന്നത് സംശയമാണ്. കാവാലത്തിനു നാടകം അഭിനയിക്കാനുള്ള വേദിയല്ലായിരുന്നു. എഴുതാനും സംവിധാനം ചെയ്യാനുമുള്ള ആഗ്രഹങ്ങളാണ് കാവാലം തുടക്കം മുതൽ പുലർത്തിയത്.

കാവാലം നാടകത്തിന്റെ തറയിൽ എന്നും ഉറച്ചുനിന്നു. ഒരിക്കലും തന്റെ നാടകസ്വത്വത്തെക്കുറിച്ചു സന്ദേഹിയായില്ല. നാടകത്തിനു പടരാനുള്ള ഒരുപാട് വഴികളുണ്ടെന്ന് കാവാലം നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. കൃതിയും അവതരണ പാടവവും തമ്മിലുള്ള ബന്ധത്തെ ജീവനുള്ളതാക്കാൻ എപ്പോഴും ശ്രമിച്ചു. സ്വന്തം രചനകൾ സ്വയം സംവിധാനം ചെയ്യാനും മറ്റുള്ളവരെക്കൊണ്ട് സംവിധാനം ചെയ്യിക്കാനും ഉത്സാഹിച്ചു. കേരളീയ അനുഷ്ഠാ നദൃശ്യപാരമ്പര്യത്തിലേക്കുള്ള മടങ്ങിപ്പോക്കിനാണ് കാവാലം പലപ്പോഴും ശ്രമിച്ചത്. പാരമ്പര്യ ത്തിന്റെ ജൈവകാന്തി എങ്ങനെ പുനഃസൃഷ്ടിക്കാമെന്ന് കാവാലത്തിനു നല്ല ബോധ്യമുണ്ടായി രുന്നു. ഭാവനാടകങ്ങളുടെ രംഗാവതരണങ്ങൾ കാവാലം ഇന്ത്യൻ നാടകവേദിക്കു നൽകിയ വലിയ സംഭാവനയാണ്. അന്വേഷണങ്ങളിലെ ആർജ്ജവവും സർഗ്ഗശക്തിയുമാണ് കാവാലത്തെ എന്നും നിലനിർത്തിയത്.

കാവാലം നാരായണപ്പണിക്കർ എന്ന മഹാപ്രതിഭ, ഭാഷയുടെയും കലയുടെയും അമൂല്യസമ്പത്താണ്. നാടകവേദിയിൽ തുടികൊട്ടി ഉയ രുന്ന തനതുസമ്പത്തിന്റെ അപൂർവ്വതാളമാണ് ആ ജീവിതം. യഥാർത്ഥ മലയാളനാടക വേദിയുടെ ഉദയം ഇവിടെ ആരംഭിച്ചിരിക്കുന്നു. വള രുകയും വളർത്തുകയും ചെയ്യേണ്ടത്, കലാസംസ്കാരങ്ങളെ മാനിക്കുന്ന സമൂഹമനസ്സുകളുടെ ധർമ്മമാണ്. സ്വന്തം ഭാഷ യുടെ, പാരമ്പര്യത്തിന്റെ സംസ്കാരത്തിന്റെ വേദിയാണ് നാട കവേദി. അവിടെ ദിശകാട്ടിനിൽക്കുന്ന വഴിയാണ് കാവാലം. ആ വഴി നടന്നാൽ, മലയാള നാടകവേദിയിലെത്തിച്ചേരും.





# സാഹിത്യരചനകൾ സിനിമയാകുമ്പോൾ



അനീറ്റ മാത്യു, M

മലയാള സിനിമയുടെ ആരംഭകാലഘട്ടം മുതലേ സാഹിത്യവുമായി അതിന് അഭേദ്യമായ ബന്ധം ഉണ്
രുന്നു. 1933-ൽ പുറത്തിറങ്ങിയ 'മാർത്താണ്ഡവർമ്മ' മുതൽ ഈ ബന്ധം ആരംഭിച്ചു. മലയാള സിനിമാ ചരിത്രം
ശോധിച്ചാൽ മികച്ച സാഹിത്യ സൃഷ്ടികൾ സിനിമയാക്കപ്പെട്ട് വലിയ വിജയങ്ങളും പുരസ്കാരങ്ങളുമായ
നമുക്ക് കാണാം. ചെമ്മീനും വിധേയനും തന്മാത്രയുമൊക്കെ അത്തരം സുഖമുള്ള അനുഭവങ്ങളാണ് നമുക്ക്.

ശ്രദ്ധേയമായ നിരവധി സംവിധായകർ മികച്ച സാഹിത്യ സൃഷ്ടികളെ അവയുടെ കരുത്ത് ഒട്ടും ചോ
പോകാതെ കഴിവുറ്റ അഭിനേതാക്കളിലൂടെ തിരശ്ശീലയിലെത്തിച്ചിരുന്ന ഒരു സർഗ്ഗാത്മക കാലം കഴിഞ്ഞു പോ
ക്കുന്നു എന്നതാണ് നിലവിലെ അനുഭവങ്ങൾ തെളിയിക്കുന്നത്. കഴിഞ്ഞ കുറേക്കാലങ്ങളായി അത്തരത്തില
ശ്രമങ്ങൾ തീരെക്കുറഞ്ഞു പോയിരിക്കുന്നു. പ്രേക്ഷകരുടെ കാഴ്ചപ്പാടിലുണ്ടായ മാറ്റങ്ങളും നവസിനിമ
ആവിർഭാവവുമൊക്കെ ഇത്തരം സിനിമയ്ക്കു നേരെ മുഖം തിരിക്കാൻ സംവിധായകനെ പ്രേരിപ്പിക്കുന്നു.

എങ്കിലും സമീപകാലത്ത് സാഹിത്യം സിനിമയ്ക്കുണ്ടാക്കിയ അപൂർവ്വം ചില ശ്രമങ്ങളെ മറക്കാൻ സ
ക്കില്ല. നവ തലമുറക്കാരനായ സുഭാഷ് ചന്ദ്രന്റെ 'പറുദീസാ നഷ്ടം' എന്ന ചെറുകഥ 'മൈ മദേഴ്സ് ലാപ്ടേ
എന്ന പേരിൽ യുവകവിയും സംവിധായകനുമായ രൂപേഷ് പോളിന്റെ പ്രഥമ ചലച്ചിത്ര സംരംഭമായി തിയേറ്ററു
ലെത്തി. സുരേഷ് ഗോപി, പത്മപ്രിയ, ശ്വേത മേനോൻ തുടങ്ങി വമ്പൻ താരനിര ഉണ്ടായിരുന്നിട്ടും കഥയോട് ന
പുലർത്താത്ത ആഖ്യാനശൈലിയും കച്ചവടതാൽപ്പര്യമുള്ള തിരുകിക്കയറ്റലുകളും ചിത്രത്തെ പ്രേക്ഷകരിൽ ന
കറ്റി. കെ. പി. രാമനുണ്ണിയുടെ 'സൂഫി പറഞ്ഞ കഥ' സംവിധായകൻ പ്രിയനന്ദൻ അതേ പേരിൽ ചലച്ചിത്രമാക്
പ്പോൾ സംവിധാനശൈലി വിജയമാണെങ്കിലും ഒരു ഓഫ് ബീറ്റ് സംരംഭമെന്ന നിലയിൽ അതും ഒതുങ്ങിപ്പോയി.

ടി. പി. രാജീവിന്റെ 'പാലേരിമാണിക്യം ഒരു പാതിരാകൊലപാതകത്തിന്റെ കഥ' എന്ന ശ്രദ്ധേയമ
നോവൽ അതേ പേരിൽ പ്രശസ്ത സംവിധായകൻ രഞ്ജിത് മമ്മൂട്ടിയെ നായകനാക്കി സിനിമയാക്കിയപ്പോഴ
വാണിജ്യമായ ഒരു സാഹിത്യവിജയം ഏറെക്കാലത്തിനുശേഷം മലയാളസിനിമയിലുണ്ടായത്. മമ്മൂട്ടി അവതരി
മൂന്ന് കഥാപാത്രങ്ങളും മൈഥിലി, ശ്വേത മേനോൻ, ഒരു കൂട്ടം നാടക കലാകാരന്മാരുടെ ഗംഭീര അഭിനയം എന്
യെല്ലാം ചിത്രത്തെ അവിസ്മരണീയമാക്കി.

പ്രശസ്ത കവിയും നിരൂപകനുമായ കൽപറ്റ നാരായണൻ ഭാഷാപോഷിണിയിൽ എഴുതിയ 'ഇത്രമാ
എന്ന നോവൽ കെ. ഗോപിനാഥൻ നായർ സിനിമയാക്കിയെങ്കിലും വിജയം കണ്ടില്ല. നവതലമുറ സിനിമയു
വക്താക്കളിലൊരാളായ ആഷിക് അബു, സന്തോഷ് എച്ചിക്കാനത്തിന്റെ ചെറുകഥ 'ഇടുക്കി ഗോൾഡ്' എന്ന പേ
സിനിമയാക്കിയെങ്കിൽ അത് പേരിൽ മാത്രം ഒതുങ്ങിപ്പോയി. എം. ടി., ബഷീർ, മാധവിക്കുട്ടി എന്നിവരുടെ രചന
ചേർത്തുവച്ച് സോഹൻലാൽ ഒരുക്കിയ 'കഥവീട്', ഗോപാലകൃഷ്ണൻ ഒരുക്കിയ 'നാലുപെണ്ണുങ്ങൾ' അമൽ നീ
പല ചെറുകഥകൾ പല സംവിധായകരുടെ ചെറുചിത്രങ്ങളായി ചേർത്തുവച്ചൊരുക്കിയ 'അഞ്ചു സുന്ദരിക
വി. കെ. പ്രകാശ് നാടകകൃതികൾ അടിസ്ഥാനമാക്കിയൊരുക്കിയ 'പോപ്പിൻസ്' എന്നിവയും ശ്രദ്ധിക്കപ്പെട്ടെങ്കി
വിജയം അകന്നുനിന്നു.

വിനു എബ്രാഹാമിന്റെ 'നഷ്ടനായിക' മലയാളസിനിമയിലെ ആദ്യനായിക റോസിയുടെ കഥ പറയു
ഇതിനെ അടിസ്ഥാനമായൊരുക്കിയ 'സെല്ലുലോയ്ഡ്' പ്രേക്ഷകർ സ്വീകരിച്ചു. മലയാളത്തിൽ പ്രശസ്ത ചെറുക
കൃത്തായ സക്കറിയായുടെ 'പ്രെയ്സ് ദ ലോർഡ്' തിരശ്ശീലയ്ക്കു പിന്നിൽ ഷിബു ഗംഗാധരൻ എത്തിച്ചെങ്കി
ബോക്സ് ഓഫീസിൽ മൂക്കുകുത്തി.


ടി. പി. രാജീവന്റെ 'കെ. ടി. എൻ. കോട്ടൂർ എഴുത്തും ജീവിതവും' എന്ന പേരിൽ സിനിമയാക്കിയപ്പോ
തിയേറ്ററിൽ ഭേദപ്പെട്ട അഭിപ്രായം നേടി. ചിത്രത്തിലെ നായകവേഷം കൈകാര്യം ചെയ്ത ദുൽഖർ സൽമാൻ ത
വേഷം ഭംഗിയാക്കി. ഇപ്പോൾ ഉണ്ണി ആറിന്റെ 'ലീല' എന്ന ചെറുകഥയും രഞ്ജിത്ത് സിനിമയാക്കിയിരിക്കു
രാജ്യാന്തര ചലച്ചിത്രമേളയിലും ദേശീയ സംസ്ഥാന ചലച്ചിത്ര അവാർഡുകളിലും പുരസ്കാരങ്ങൾ വാരിക്കൂട്ടി
ജയരാജിന്റെ 'ഒറ്റാൽ' ലോകസാഹിത്യകാരനായ ആന്റൺ ചെക്കോവിന്റെ 'വാംഗ' എന്ന ചെറുകഥയെ അടിസ്ഥ
മാക്കിയായിരുന്നു.

മലയാള സാഹിത്യവുമായി അല്ലെങ്കിൽ സാഹിത്യമേഖലകളുമായി സിനിമ ഏറ്റവും കൂടുതൽ അടു
നിന്നത് 1960 കളിലായിരുന്നു. ഇന്നും സാഹിത്യകൃതികളെ ആധാരമാക്കി നിരവധി മലയാള സിനിമകൾ പ്രേ
കർക്കു മുന്നിൽ എത്തുന്നുണ്ട്. അണിയറയിൽ സാഹിത്യകൃതികൾ സിനിമാരൂപം പ്രാപിക്കുന്നതിന്റെ വാർത്തക
ശക്തമാണെങ്കിലും അതിലെത്രയെണ്ണം പ്രേക്ഷകന്റെ അംഗീകാരം നേടി തീയേറ്ററുകളിൽ ചലനമുണ്ടാക്കുമെ
കണ്ടുതന്നെ അറിയണം.





# ബെന്യാമിനൊപ്പം ഒരു പകൽ



**വിഷ്ണു സോമരാജൻ KS4**

ആധുനികകാലത്ത് മലയാളസാഹിത്യത്തെ വിശ്വചക്രവാളത്തോളം
എത്തിച്ച എഴുത്തുകാരനാണ് ബെന്യാമിൻ. കാലത്തിന്റെയും ദേശത്തിന്റെയും അതി
രുകളില്ലാത്ത പിന്നാമ്പുറങ്ങളിൽ നിന്നും വർത്തമാനകാല യാഥാർത്ഥ്യങ്ങളിൽ
നിന്നും ഉറവെടുക്കുന്ന സാർവ്വലൗകീകവും സാർവ്വജനീനവുമായ അന്വേഷണങ്ങ
ളാണ് ബെന്യാമിൻ കൃതികൾ. ബെന്യാമിനോടും ബെന്യാമിൻ കൃതികളോടുമൊപ്പം ഒരു പകൽ ഒന്നിച്ചു
കൂടുവാനും ക്രിയാത്മകസംവാദങ്ങളിലൂടെ ആ കഥാപ്രപഞ്ചത്തിന്റെയും ജീവപരിസരത്തിന്റെയും
സാന്നിദ്ധ്യം അനുഭവമാക്കിമാറ്റാനും പത്തനംതിട്ട കുളനടയിലെ 'വായനക്കൂട്ടം' സംഘടിപ്പിച്ച 'ബെന്യാമി
നൊപ്പം ഒരുപകൽ' എന്ന സർഗ്ഗസംവാദം ചർച്ച ചെയ്തതിൽ നിന്നും......



? ആടുജീവിതം.....തികച്ചും തീവ്രമായ ജീവിതത്തിന്റെ പകർത്തെഴുത്തിനെക്കാൾ പ്രവാസ ജീവിതത്തിന്റെ കാണാക്കാഴ്ചകളെ തുറന്നു കാട്ടുകയല്ലേ?

● *തീർച്ചയായും....മലയാളത്തിന് തികച്ചും അന്യമായ ജീവിതം വായനക്കാരന് പകർന്നു നൽകുക എന്നതായിരുന്നു ലക്ഷ്യം. അതു നേടുവാൻ കഴിഞ്ഞു എന്നു തോന്നുന്നു.*

? 'എന്നെ വിസ്മയിപ്പിച്ച നോവൽ 'എന്ന് മയ്യഴിയുടെ കഥാകാരൻ എം.മുകുന്ദൻ പറഞ്ഞപ്പോൾ എന്തു തോന്നി?

● *എനിക്ക് ഗുരുനാഥനാണ് അദ്ദേഹം. വളരെ വർഷങ്ങൾക്കുമുമ്പ് അദ്ദേഹത്തെ നേരിൽ കാണുമ്പോൾ എനിക്ക് ഗുരുനാഥനാണ് അദ്ദേഹം. വളരെ വർഷങ്ങൾക്കുമുമ്പ് അദ്ദേഹത്തെ നേരിൽ കാണുമ്പോൾ ഞാൻ 8 ചോദ്യങ്ങളാണ് ചോദിച്ചത്. അന്ന് അദ്ദേഹം എന്നോട് പ്രവാസത്തെക്കുറിച്ച് എഴുതുവാൻ പറഞ്ഞു. പിന്നീട് 'ആടുജീവിതം' രചിച്ചപ്പോൾ ഞാൻ അദ്ദേഹത്തിന് അത് അയച്ചുകൊടുത്തു. എനിക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ അവാർഡാണ് അദ്ദേഹത്തിന്റെ വാക്കുകൾ.*

? ആടുജീവിതം എഴുതാൻ എത്ര വർഷമെടുത്തു?

● *ആടുജീവിതം എഴുതുമ്പോൾ എനിക്ക് 36 വയസ്സുണ്ട്. ഒരു എഴുത്തുകാരൻ ഒരു കൃതിയെഴുതുവാൻ എത്ര നാൾ എടുത്തു എന്നതിൽ അർത്ഥമില്ല. എന്റെ അനുഭവങ്ങൾ മുഴുവനും ആ കൃതിയിലുണ്ട്. അങ്ങനെ നോക്കിയാൽ ആടുജീവിതം എഴുതുവാൻ 36 വർഷമെടുത്തു.*

? ഇബ്രാഹിം ഖാദരിയ്ക്ക് എന്ത് സംഭവിച്ചു എന്നതിന് നോവലിൽ ഒരിടത്തും പറയുന്നില്ല. യഥാ
ത്തിൽ എന്താണ് സംഭവിച്ചത്?

● ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ. ഉത്തരം ഇല്ലാതെ തന്നെ അവസാനിക്കട്ടെ എന്നതാണതിന്റെ ഉത്ത
അത് വായനക്കാരന് ഏതു രീതിയിലും അനുമാനിക്കാം.

? താങ്കളുടെ എല്ലാ കൃതികളിലും കഥാപാത്രം അവരുടെ സ്വത്വം വെളിപ്പെടുത്തുന്നു. യഥാർത്ഥ
അതിന്റെ ആവശ്യകതയെന്താണ്?

● ഓരോ കഥാപാത്രങ്ങൾ തങ്ങളുടേതായ ആദർശങ്ങളും അഭിപ്രായങ്ങളും അറിയിക്കുക എന്ന
കൃതിയുടെ ധർമ്മമാണ്. 'ഞാൻ' ആരാണ്? എന്ന ചോദ്യത്തിന്റെ ഉത്തരമാണ് ഇവിടെ വെളിപ്പെടു
ന്നത്. അത് തന്നെയാണ് ഓരോ കൃതിയുടെയും ആത്മാവ്.

? ആടുജീവിതം അറബിഭാഷകളിലേക്ക് പരിഭാഷപ്പെടുത്തുകയും നല്ല പ്രതികരണങ്ങൾ അവിടെ
ലഭിക്കുകയും ചെയ്യുകയുണ്ടായി. പിന്നീട് 'ആടുജീവിതം' അറബ് രാജ്യങ്ങളിൽ സർക്കാർ നി
ധിച്ചു. അതിനെക്കുറിച്ച് എന്താണ് താങ്കൾക്ക് പറയാനുള്ളത്?

● ആടുജീവിതം മാത്രമല്ല, പ്രവാസജീവിതത്തിന്റെ കാണാപ്പുറങ്ങൾ ചിത്രീകരിച്ച എല്ലാ രചന
അവിടെ നിരോധിച്ചിട്ടുണ്ട്. അതിൽ നിന്നും മനസ്സിലാവുന്നത് വായിക്കപ്പെടേണ്ട എന്തോ ഒന്ന്
കൃതിയിലും ഉണ്ടെന്നാണ്. എല്ലാം ശരിയാണെന്നവകാശപ്പെടുന്ന ഒരു കൃതിയും ഒരിടത്തുമില്ല. അ
കൊണ്ട് നിരോധനാജ്ഞ അഭിമാനപൂർവ്വം സ്വീകരിക്കുന്നു. ഇതേ ചോദ്യം 'ആടുജീവിതം' അറബി
ലേക്ക് പരിഭാഷപ്പെടുത്തിയ സുഹൈൽ വാഹി ചോദിച്ചപ്പോഴും ഇതേ ഉത്തരം തന്നെയാണ് ഞ
നൽകിയത്.

# I Still Remember...



Mathachan Benny KOS

Four years back, he had lost his eyesight in an accident. Yet he never burdened himself on others. He did all his work by himself. But since the month of May he was in accute condition. The Doctor had told that he was suffering from viral infection of brain.

I can never forget the day when I went to see him. He was lying down unconcious giving no response to what we said. But I could feel his tremondous pain through the lines on his face and the swelling of the eyes. It seemed that had been crying for long hours. We all felt very helpless as we could do nothing to relieve h from the pain. Then onwards, everyday I used to pray to God to be merciful and show kindness on him, to ease him from the suffering. Yes, God so. One day everything about h was calm and quiet. The whole family was shocked. O, God this was not the thing we pray for. Since then a peculiar emptiness linjers deep in my heart. I try to get the incident by keepi myself I was busy by walking and smiling to others. But not a single day passes by without remembrance.

Everyday before going to bed, I wish I could meet him only once just once in drea and ask him how he is. Many saints have revealed that life is a hallusination and the dea opens the dooe to truth.

Yet no matter how hard I try, I am unable to accept this truth.



# Quantum Entanglement

NITHIN JOSEPH, BS4

Introduction

Physics has always been a world of certainties, cause we have always thought the laws of physics as something that is certain precise. For example, the laws that Newton put forward can be used to predict the movements of heavenly bodies to the speed at which a ball hits the floor. For a long time the laws of classical physics were sufficient and they seemed to explain every phenomenon that we came across. We could describe everything from the scale of atoms to the observable universe using classical physics. But when we went down to much smaller scale, ie., at the scale of sub atomic particles, the classical laws of physics started to become irrelevant. The particles at this scale seemed to defy the laws of classical physics. We now needed a new law to explain the strange properties of these particles and the quantum theory was born. Quantum theory was able to explain everything from strange properties of light to properties of sub atomic particles. And the maths of Quantum theory could accurately predict the probability to find a particle at a certain location. But the quantum theory also predicts some strange properties of these particles, one of which is going to be discussed here


Strangeness of quantum realm

At the quantum scalar the scale at when the laws of quantum theory becomes apparent, the particles behave in strange ways. Here the duality of nature becomes more apparent. The duality of nature states that matter is both a particle and a wave, although in our everyday life we only encounter just the particle nature of matter but at quantum level it is way more pronounced. For example we all know that light is both a particle and a wave. Another way this place is strange the importance it gives to the act of observation. Particles can be at several places at once until its measured. This is where the Schrödinger's cat analogy comes into play, the cat is both alive and dead until the box is opened. Similarly the particle has multiple properties until it is measured. Particles exists in state of superposition of multiple properties and the act of measurement causes the collapse of superposed states into a definite property. For example imagine we are measuring the spin of an electron, it could either be clockwise or counter clockwise ,ie, spin up or down. The electrons exists in a state of superposition of both spins until it is measured ie., it is both spin up and spin down until its measured, the act of measuring causes particle to confine to either spin up or spin down. And the particle has a 50% chance to choose either. Another interesting property of particles at quantum scale is entanglement, which is a bit more absurd than everything I've said so far. And it the topic i am supposed to discuss

Quantum Entanglement

Don't worry if you don't understand things I am about to say, cause even I don't understand most of what I am about to say when I searched Quantum entanglement wikipedia gave me this "Quantum entanglement is a physical phenomenon that occurs when pairs or groups of particles are generated or interact in ways such that the quantum state of each particle cannot be described independently of the others, even when the particles are separated by a large distance-instead, a quantum state must be described for the system as a whole". I understood nothing so after some digging through multiple sites I got an overall view of the topic. But as don't know the math behind this, I can confidently say that I don't know what it actually means. So here is an explanation of the bit i understood

Sometimes particles can get entangled. This means that the two particles are now connected and change in one particle can bring about change in its partner no matter how far apart they are. Particles can get entangled when they are brought together and their quantum states are made to be similar or two entangled particles can be created by the decay of a single particle. For example a particle of 0 spin maybe break down to form two particles, one with +1/2 spin and the other with -1/2 spin, which are entangled. But once two entangled particles are created, they affect each other no matter how far apart they are. For example, take two entangled electrons. As I've mentioned before ,they exist in super positioned state of both up and down spin. Now imagine taking one of these entangled partners to the moon. On moon we decided to measure the spin of the electron. The act of observation will cause the electron to become either spin up or spin down. If the one on the moon is spin up then the superposition of the it's partner on earth would collapse into a spin down and vise versa. Even if only one of the partners is measured, the act of observing one causes the other one to collapse into the opposite spin instantaneously, no matter how far apart they are. Even though there is no physical contact between them, the partners affect each other the moment one is measured. Since information cannot travel faster than c(or speed of light),it is impossible that information of one partners measurement reaches the other instantaneously. Scientists still haven't been able to figure out how the one particles affects its partners at exactly the same moment. But since there are experimental evidences for quantum entanglement, it is true even though we don't really know how it. Quantum entanglement is one of the hardest topics in Quantum mechanics to wrap your head around. So don't worry if you couldn't grasp the things mentioned above, cause even Einstein could'nt accept it and said that Quantum theory was in complete, and called quantum entanglement as "spooky action at distance".



# ഈ മഴക്കാലം എന്നെ ഓർമ്മിപ്പിക്കുന്നത്



കൃഷ്ണപ്രസാദ്, 2nd BC

കിഴക്കേ ചക്രവാളത്തിൽ നിന്നും വന്ന പ്രകാശം അന്തരീക്ഷപാളികളെയും കോൺക്രീറ്റ് പാളികളേ കടന്ന് രാജേന്ദ്രന്റെ അടുത്തെത്തുമ്പോൾ അയാൾ ഒരു പുസ്തകത്തിൽ തല ചേർത്തു കിടക്കുകയായിരു കിടന്ന കിടപ്പിൽ മുഖമുയർത്താതെ അയാൾ ഭിത്തിയിലേയ്ക്കു നോക്കി. തീയതി 16, പ്രത്യേകിച്ച് ഒന്നും ചെയ്യ ല്ലാത്ത ഒരു ദിവസം കൂടി. കിടക്കയിൽ എഴുന്നേറ്റിരുന്ന് ഒരു സിഗരറ്റിന് തീ കൊടുക്കുമ്പോഴും അയാളുടെ ഇന്ന് എന്തുചെയ്യും എന്നതിനെക്കുറിച്ചായിരുന്നു.

കരീന കപൂറിനെ വാൾപേപ്പറായി സെറ്റു ചെയ്ത മൊബൈൽ ഫോണെടുത്ത് നമ്പറുകൾ വെറ സെർച്ച് ചെയ്യുമ്പോഴും അയാൾക്കു പ്രത്യേക ഉദ്ദേശമൊന്നും ഇല്ലായിരുന്നു. അനിറ്റയുടെ നമ്പർ കാണുന്നതുവ അനിറ്റ അഗർവാൾ, അച്ഛൻ മഹാരാഷ്ട്രക്കാരനും, അമ്മ മലയാളിയും. അയാളുടെ ഭാഷയിൽ പറഞ്ഞാൽ interstate product. അവളോട് ഇതു പറയുമ്പോൾ അതിലെ അർത്ഥമോ അർത്ഥക്കേടോ അയാൾ ചിന്തിച്ചിരുന്നില്ല

മഴവെള്ളത്തിൽ കുതിർന്ന ഷൂസും ദുഃഖവുമായി അയാൾ ബുക്ക് ഷോപ്പിലെത്തുമ്പോൾ അവളൊരു ക റുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവരെ പറഞ്ഞ് വിട്ടതിനുശേഷം മുഖത്തൊരു പുഞ്ചിരി വരുത്തി അവൾ അയാളുടെ അടുത്തേക്കു ചെന്നു.

"ദേ, എന്റെ അടുത്ത് നിന്റെ ഈ റബ്ബിഷ് ആർട്ടിഫിഷ്യൽ സ്മൈൽ, ആത്മാർത്ഥമാണെങ്കിൽ മതി."

"ഓ വാട്ട് എ ഡേർട്ടി സ്മൈൽ. ഇന്ന് നീ ഏതാടാ അടിച്ചത്? കലാകാരന്മാർക്ക് ഈ ടൈപ്പ് സാധനങ്ങളേ എന്നുണ്ടോ?"

"ഒന്നുപോടീ, കലാകാരന്റെ കീശയിലെവിടുന്നാ കാശ്."

"നല്ല പ്രാസം, കവി!"

"നിനക്ക് കളി, ബാക്കിയുള്ളവന്റെ പാടിനെപ്പറ്റി നിനക്കെന്തറിയാം?"

"അതുപോട്ടെ, എവിടെ വരെയായി നിന്റെ പെയിന്റിംഗ്. ഈ മാസം അവസാനമല്ലേ കൊടുക്കേണ്ടത്? കോൺട്രാ റുടെ കൈക്ക് ഒരു മയവും ഉണ്ടാവില്ല കേട്ടോ."

"ഒന്നുമായില്ല, ഒരു തീം കിട്ടണ്ടേ?"

"ഒന്നും കിട്ടിയില്ലെങ്കിൽ എന്നെയങ്ങ് വരച്ചോ. എന്നിട്ട് മോണാലിസ എന്ന് പേരും കൊടുത്തോ."

"അതിലും ഭേദം ഞാനൊരു തൂക്കുകയർ വരക്കുന്നതാ." "അയ്യട," അവൾ മുഖം കോട്ടിപ്പിടിച്ചു.

"പുതുമഴയായ് പൊഴിയാം... മധുമയമായ് ഞാൻ പാടാം.." അനിറ്റയുടെ ഫോൺ ശബ്ദിച്ചു. ഫോൺ അറ്റന്റ് ചെയ അവളുടെ മുഖം വിവർണമാകുന്നത് അയാൾ ശ്രദ്ധിച്ചു.

"വാട്ട് ഹാപ്പൻഡ്."

"നത്തിംഗ്, ദി സെയിം ഡൈവോഴ്സ് കേസ്. മറ്റന്നാൾ കോർട്ടിൽ ഹാജരാകണം."

"അപ്പോൾ ആദിത്യ?"

"ദറ്റ്സ് നോട്ട് ഡിസൈഡഡ്."

"നിങ്ങൾ ഇങ്ങനെ ചെയ്യുന്നത് കഷ്ടമാണ്. ഹീ ഈസ് എ ചൈൽഡ്. അവനെ ഇത് വേദനിപ്പിക്കും."

"ഐ നോ ദാറ്റ്. ബട്ട് വാട്ട് ക്യാൻ ഐ ഡു? ഐ കാൺഡ് അഡ്ജസ്റ്റ് വിത്ത് ഹിം."

ആരുമില്ലാത്ത കുട്ടിയുടെ വേദന നിനക്കു മനസ്സിലാകില്ല!

"രാജു എനിക്ക് മനസ്സിലാകും. പക്ഷെ ലൈഫ് ഒന്നേയുള്ളൂ. അതിങ്ങനെ അഡ്ജസ്റ്റ് ചെയ്ത്, ഐ കാൺഡ് ബെയ ഇറ്റ്."

രാജേന്ദ്രൻ ഒന്നും പറയാതെ ഇറങ്ങി നടന്നു. ഒരു പെരുമഴയത്ത് ഓടിയ കുട്ടിയുടെ മുഖം അയാളുടെ ഉള്ളി നിറഞ്ഞു.

"നിനക്ക് തീം കിട്ടിയോ?" പിന്നിൽ നിന്നും വിളിച്ചു ചോദിച്ചത് അയാൾ മനസ്സിലാണ് കേട്ടത്. അപ്പോൾ തുടുത്ത കവിളുകളും കണ്ണുകളുമുള്ള മുഖം തെളിഞ്ഞുവന്നു. മനസ്സിന്റെ നിറക്കൂട്ടുകൾ ആ മുഖത്തേക്ക യാൾ ചാലിച്ചു....



# A Darkling Plain

Turbulent waves and thunder storms
Heavenly drops and teary face
Neither Gods nor did the men
Brought peace, inside and out.

An ugly duckling among the elites
Struggling fiercly to survive
Anger oppressed, soaked in pain
No kins, no castle could be the savior
For the mistake of being born privileged

Love was a luxury, a phobia
Finding a living was the priority
Feelings suppressed, biting teeth
No man, no name could be the savior
For the mistake of being self-dependent

Settled, when the currency flowed
And then began the new generation
Of Rape victims and survivors
En route updated every minute
To the parents who rarely slept

Confused about good and bad looks
Refused every helping hand
Took a shelter, away, abroad
To the heavenly bliss
And wondered who is 'secular'?

A while ago they warned
About the Onset of a war
Electronic or humane, not precise
Let us all pack and go back
To honour our land, sacrificing lives

Back here everything seemed normal
Long ques, unsettled finances
Living Gods, Divine animals
Violence, inequalities, murder, wars...
Over these petty things!

Wars are fought, in the streets
And at homes as well
Only this time, it will be massive
To find a place in the international column
Hashtagged as the # land of chaos





Teen Maria George, LS8



# മുട്ട

ഗോപിക എസ്., CS2

പുറത്ത് തട്ടിയപ്പോൾ
ഉള്ളുലഞ്ഞ് പോയി...
തെന്നിവീണത്,
പൊള്ളുന്ന ചട്ടിയിൽ...
ജീവിതം വേവുമ്പോഴും
ജീവിക്കാനാശിച്ച
ഒടുവിൽ കാലദന്തങ്ങളിൽ
ഞെരിയുമ്പോൾ
ജന്മം കൊതിച്ച ഭ്രൂണങ്ങൾ
കടൽച്ചുഴികണ്ട് ഭയന്നു.

# The Age of Trolls



Naveen Thomas,

Freedom of expression is one of the basic rights every democratic government promises its citizens. The option to have open discussions on topics far-ranging and varied, expressing one's feelings regarding different ideas and the freedom to criticise the elected government-these are understood to be granted to the citizens of a true democracy. Today, with the saturation of social media to such a degree, sharing one's ideas and opinions and people reacting and responding to incidence is a reality that none of us can wholly deny or escape. Unlike the earlier times, if we see something happening that contradicts our beliefs or toes the line of good taste and decency, we have the option to respond to it immediately. Social changes have been achieved because of the people are able to voice their disco with the actions of those in power. Big and mighty people have been brought low when people brought their vile or insensitive ide actions to light. But like everything, it's a double- edged sword.

One of the side-effects of the spread of social –media and real time reactions of opinions is the trolling and meme culture late 2010s. Humour is a popular tool for online trolls, most of which is only good-natured ribbing meant to entertain and possibly hel uploader tweak their future uploads accordingly, but inevitably quite a few of these trolls happen to be just vile and juvenile attempts to a incense others. Online trolls can be considered as the newest versions of the humorous revolutions like Kunchan Nambiar's "Thu Unsurprisingly, trolling transcended Youtube, and has become very much part and parcel of social media platforms like Face Whatsapp and Twitter. Especially with the coming up of the meme –culture, where humour and sarcasm is laced with clever word-play funny images to offer criticism or ridicule(most of the time), online trolling has boomed. Most of the time it is socially rele critique,commentaries on current political climate or playful poking at celebrities or politicians ,but like everything else , there is a da underbelly to this culture.

The trolls in social media often exceeds the limit the creatively of the budding youth and the credibility of these trolls becom question mark. The half baked information in the trolls also focus on the pornographic content. Online bullying is one of the worst form trolling, where oft-times cruel intentions of the trolls are used to attack and humiliate persons, or communities. We have seen time again this happening, particularly when it comes to matters regarding easily profiled communities like the LGBTQ, women, the disa those with mental issues, minority communities etc. Profiles dedicated to nothing but trolling others, most often without a shred of a sens humour or social conscience have become of a menace.

Sarcasm, ICU, Troll Malayalam are the prominent online forums in malayalam where decisions and comments are made. M often than not, they target the unwitting and spread untrue and unreliable information that then becomes generally accepted, which big-red flag because this can lead to big issues later in time. The latest and biggest example that can be provided of this online troll costing bit too much is the election of someone like Donald Trump, nothing more than a pity celebrity with sketchy credentials questionable ethics to the position of the POTUS over a highly qualified and experienced candidate the Bernie Sanders or Hillary Clinton.

Freedom of speech is necessary, but what we also need to establish is a safe environment where the freedom doesn't encroach the liberties or lives of others and affect them detrimentally. Attacking anyone for their beliefs in unwise and regrettable especially w done with malice and misinformation. Trolling, when done right, can be an entertaining and socially relevant way to offer construct criticism with use of humour and sarcasm, but with anything else, having censure and a sense of ethics that stops it from becoming vile a cruel with only malcontent and malice as a driving force should be stopped.



# പായ്ക്കപ്പൽ മുതൽ മെട്രോ വരെ - കൊച്ചിയിലൂടെ ഒരു യാത്ര



Joseph Thomas, MS4

എറണാകുളം, ഒരിക്കലെങ്കിലും അവിടെ പോയിട്ടുള്ളവർ ട്രാഫിക്ക് ബ്ലോക്കുകൾ നിറഞ്ഞ ആ യാത്ര ഒരിക്കലും മറക്കില്ല. കളമശ്ശേരി മുതൽ എറണാകുളം മഹാരാജാസ് കോളേജ് വരെയുള്ള 16 കിലോമീറ്റർ യാത്ര യുടെ ദൈർഘ്യം കലൂരിലേയും കച്ചേരിപ്പടിയിലെയും നോർത്തിലേയും ഹൈക്കോർട്ട് ജംഗ്ഷനിലെയും തിരക്കി നെയും ട്രാഫിക് ബ്ലോക്കുകളേയും ആശ്രയിച്ചിരിക്കുന്നുവെന്നത് ഈ പ്രതിസന്ധി വ്യക്തമാക്കുന്നു. ബ്ലോക്കിൽ നിന്നും ഒഴിഞ്ഞു മാറുന്നതിനായി ഫുട്പാത്തിലേക്ക് കടന്നു കയറുന്ന ഇരുചക്രവാഹനങ്ങൾ കലൂരിലും നോർത്തി ലുമൊന്നും പുതുമയല്ല. ഈ പ്രതിസന്ധിയെ മറികടക്കുന്നതിനുള്ള പരിഹാരമാകുമെന്ന പ്രതീക്ഷയിൽ കൊച്ചി മെട്രോ വരുംദിവസങ്ങളിൽ യാഥാർത്ഥ്യമാവുകയാണ്. കൊച്ചിയുടെ സാറ്റലൈറ്റ് നഗരമായ ആലുവ മുതൽ പാലാ രിവട്ടം വരെയുള്ള 11 സ്റ്റേഷനുകളിലൂടെയാണ് മെട്രോ ആദ്യഘട്ടത്തിൽ ഓടിത്തുടങ്ങുന്നത്. പാലാരിവട്ടം മുതൽ പേട്ട വരെയുള്ള രണ്ടാംഘട്ട നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നുണ്ട്.

ആദ്യ കാലം മുതലേ കൊച്ചി അവ ളുടെ വാണിജ്യ ബ ന്ധങ്ങൾ കൊണ്ടും കായലോരങ്ങളുടെ വശ്യ ഭംഗി കൊണ്ടും വിദേശികളെ ആകർ ഷിച്ചിരുന്നു.



എ.ഡി 1102ൽ കുലശേ ഖര സാമ്രാജ്യത്തിന്റെ തകർച്ചയോടെ നില വിൽവന്ന കൊച്ചിരാജ്യ ത്തിൽ 16-ാം നൂറ്റാ ണ്ടിന്റെ ആദ്യകാലം മുതലേ വിദേശശക്തി കളുടെ കടന്നുകയറ്റം ആരംഭിച്ചിരുന്നു.


വാസ്കോ ഡി ഗാമ യുടെ നേതൃത്വത്തിൽ കേരളത്തിലെത്തിയ പോർച്ചുഗീസുകാരാണ് കൊച്ചിയുടെ വാണിജ്യമേഖലയെ ആദ്യം ചൂഷണം ചെയ്തത്. അവർ കൊച്ചിയിൽ ആധിപത്യം സ്ഥാപിക്കുകയും കൊച്ചിയെ അവരുടെ കോളനിയാക്കുകയും ചെയ്തു. പിന്നീടങ്ങോട്ട് കൊച്ചി യൂറോപ്യൻ ശക്തികളുടെ ഗോദയായി. ഈ കാലയളവിൽ അവർ തങ്ങളുടെ ആരാധനാലയങ്ങളും കോട്ട കളും കൊട്ടാരങ്ങളും നിർമ്മിച്ചു. ഡച്ചുകാരും ഫ്രഞ്ചുകാരും ബ്രട്ടീഷുകാരുമെല്ലാം കൊച്ചിയെ കവർന്നെടുത്തു. 1914 മുതൽ 1947 വരെ കൊച്ചിയെ കൈപ്പിടിയിലൊതുക്കിയ ബ്രട്ടീഷ് ഭരണകൂടം അവരുടെ സ്വാർഥതാൽപര്യങ്ങൾക്കു വേണ്ടി കൊച്ചിയുടെ ഘടനയിൽ തന്നെ മാറ്റങ്ങൾ വരുത്തി. കൊച്ചി തുറമുഖം, വില്ലിംഗ്ടൺ ഐലന്റ് തുടങ്ങിയ നിർമ്മിതികൾ ഇതിനുദാഹരണമാണ്. 1928ൽ പ്രവർത്താനമാരംഭിച്ച കൊച്ചി തുറമുഖം കൊച്ചിക്ക് പിന്നീട് കൈവന്ന വികസിതമുഖത്തിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. മദ്രാസ് പ്രസിഡൻസി ഗവർണർ ആയിരുന്ന വില്ലിംഗ്ടൺ പ്രഭു വിന്റെ നിർദ്ദേശപ്രകാരം നിയമിതനായ സർ റോബർട്ട് ബ്രസ്റ്റോയാണ് വില്ലിംഗ്ടൺ ഐലന്റിന്റെ നിർമ്മാണത്തിനു നേതൃത്വം നൽകിയത്. ആദ്യകാലത്ത് ബ്രിട്ടീഷ് സേനയുടെ താവളമായിരുന്നു ഐലന്റ്. റോയൽ എയർഫോഴ്സും, റോയൽ മറൈനും അവിടെ പാളയമടിച്ചു. 1947ൽ ഭാരതം സ്വതന്ത്രമായതിനുശേഷം ഈ ഭൂപ്രദേശം ഇന്ത്യൻ

യൂണിയന്റെ ഭാഗമായി. പിന്നീട് വില്ലിംഗ്ടൺ ഐലന്റ് ഇന്ത്യൻ നേവിക്കു പ്രിയപ്പെട്ടതായി മാറി. നേവി സതേൺ നേവൽ കമാന്റിന്റെ ഹെഡ് ക്വാർട്ടേഴ്സ് ഇവിടെ പ്രവർത്തനം ആരംഭിച്ചു.

1949ൽ തിരുവിതാംകൂറും കൊച്ചിയും ലയിച്ചു. പിന്നീട് മലബാർ രാജാവുമായി കുടിച്ചേർന്ന് 1956ൽ നവം 1ന് കേരളസംസ്ഥാനം നിലവിൽ വന്നു. ഈ കാലയളവിൽ കൊച്ചി ഇന്നുകാണുന്ന രീതിയിലുള്ള വളർച്ച കൈ ച്ചിരുന്നില്ല. 1967ൽ കേരള സംസ്ഥാനം നിലവിൽ വന്ന് കൃത്യം 11 വർഷങ്ങൾക്കു ശേഷമാണ് കൊച്ചി കോർപ്പറേ നിലവിൽ വന്നത്. 1980കളുടെ മധ്യത്തോടെയാണ് കൊച്ചി അവളുടെ പുതിയമുഖം തേടിയുള്ള യാത്ര ആരംഭി 1990കളുടെ ആരംഭത്തോടെ കേന്ദ്രസർക്കാരിന്റെ സാമ്പത്തികനയങ്ങളെ കൂട്ടുപിടിച്ച് കൊച്ചി അവളുടെ സാമ്പ കനില മെച്ചപ്പെടുത്തി. 1999ൽ നെടുമ്പാശേരിയിൽ പ്രവർത്തനമാരംഭിച്ച കൊച്ചി ഇന്റർനാഷ എയർപ്പോർട്ടുകൂടി യാഥാർത്ഥ്യമായതോടെ കൊച്ചിയിലേക്കുള്ള വിദേശസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധ ണ്ടായി. വൻകിടകമ്പനികൾ അവളുടെ വളർച്ച മുന്നിൽ കണ്ടുകൊണ്ട് അവിടെ ചുവടുറപ്പിച്ചു. വിവര സ തികവിദ്യ ശക്തിപ്രാപിച്ചതോടെ കൊച്ചി ഐ.ടി പാർക്കുകളെ വരവേറ്റു. അങ്ങനെ അവൾ കേരളത്തിന്റെ ഹബ്ബ് ആയി വളർന്നു. പിന്നീടുള്ള അവളുടെ വളർച്ച അത്ഭുതാവഹമായിരുന്നു. എം.ജി റോഡിന്റെ ഇരുവ ളിലും ഉയർന്നുവന്ന വൻകെട്ടിടങ്ങൾ കൊച്ചിയുടെ മുഖച്ഛായ തന്നെ മാറ്റി. വ്യവയായസ്ഥാപനങ്ങൾ നേടിയെ വിജയം ഷോപ്പിംഗ് മാളുകൾക്ക് വഴിതുറന്നു. എന്നാൽ, ഈ വ്യവസായമുന്നേറ്റം കൊച്ചിയെ ഒരു കോൺക്രീറ്റ് മാക്കി മാറ്റി. മറൈൻഡ്രൈവിലും മഹാരാജാസിലും മാത്രം വൃക്ഷസമ്പത്തു നിലനിന്നു.

വികസനപാതയിലൂടെ അതിവേഗം മുന്നേറിയപ്പോൾ നഗരത്തിലെ ഗതാഗതകുരുക്കും രൂക്ഷമായി. ചെ ദൂരങ്ങൾ താണ്ടുന്നതിനുപോലും ഒരുപാട് സമയം വേണ്ടിവരുന്നു. ഇതിനൊരു പരിഹാരമെന്ന നിലയ്ക്ക കൊച്ചിയിലെ ജനങ്ങൾ മെട്രോയെ നോക്കി കാണുന്നത്. കൊച്ചിയുടെ ഗതാഗതക്കുരുക്കെന്ന ഊരാക്കുടുക്ക മെട്രോ എങ്ങനെ നേരിടുമെന്ന് വരുംദിവസങ്ങളിൽ കണ്ടറിയാം. കൊച്ചി മെട്രോയെക്കുറിച്ചുള്ള ചർച്ചകൾ വ ങ്ങൾക്ക് മുമ്പ് ആരംഭിച്ചതാണ്. 2004ൽ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി കേരളസർക്കാർ ഡി. ആർ.സിയെ ചുമതലപ്പെടുത്തി. എന്നാൽ കേന്ദ്രസർക്കാർ ആശങ്ക പുലർത്തിയതിനെത്തുടർന്ന് പദ്ധതി തടസ 2012 മാർച്ച് 22ന് പി.ഐ.ബി. പദ്ധതിക്ക് അനുമതി നൽകി, തുടർന്ന് പദ്ധതി കേന്ദമന്ത്രിസഭയ്ക്കു സമർപ്പിച്ചു. തുട കേന്ദ്രാനുമതിയും സഹകരണങ്ങളും പദ്ധതി ചിലവിന്റെ 20.26% കേന്ദ്രം വഹിക്കുമെന്ന ഉറപ്പും കേരള സർക്കാ ലഭിച്ചു. മാർച്ച് 28നു ചേർന്ന കെ.എം.ആർ.എൽ പ്രതിനിധികളുടെ യോഗത്തിൽ ഡി.എം.ആർ.സിയുമായി ചേ പ്രവർത്തിക്കുമെന്ന് തീരുമാനമെടുത്തു. ശ്രീ. ഇ. ശ്രീധരന്റെയും, ശ്രീ. ഏലിയാസ് ജോർജ്ജിന്റെയും നേതൃത്വത്ത പദ്ധതി ആരംഭിച്ചു. ആലുവ മുതൽ പേട്ട വരെയുള്ള 22 സ്റ്റേഷനുകളാണ് പദ്ധതിക്കായി സജീവമാക്കുന്നത്. വരെയുള്ള സ്റ്റേഷനുകളുടെ പണി പൂർത്തിയാക്കിയതിനു ശേഷം തൃപ്പൂണിത്തുറ വരെ വ്യപിക്കുന്നതിനും ധാ യായിട്ടുണ്ട്. ആലുവ മുതൽ പാലാരിവട്ടം വരെയുള്ള 11 സ്റ്റേഷനുകളിലൂടെയാണ് മെട്രോ ആദ്യം ഓടിത്തുടങ്ങ ത്. പാലാരിവട്ടം മുതൽ പേട്ട വരെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ അടുത്ത ഘട്ടത്തിൽ പൂർത്തിയാക്കും. കൂടി പൂർത്തിയാകുന്നതോടെ ഗതാഗത പ്രതിസന്ധിക്കു പരിഹാരമാകുമെന്നാണ് പൊതുവേയുള്ള വിലയിരുത്ത ജങ്കാറുകളും, ഫെറികളും, മറ്റു മോട്ടോർ വാഹനങ്ങൾ നിറഞ്ഞു നിന്ന കൊച്ചി യാത്രകളിലെ പുതുമുഖമായിരി മെട്രോ.

മെട്രോയുടെ ഉദ്ഘാടനം സാമൂഹികമാധ്യമങ്ങളിൽ ട്രോളന്മാർക്കു ചാകരയായിരിക്കും. 2016 ഇലക്ഷ മുമ്പ് മുഖ്യമന്ത്രിയുടെ മെട്രോ ഉദ്ഘാടനത്തെ ട്രോളന്മാർ കണക്കിനു പരിഹസിച്ചു. മെട്രോ ഉദ്ഘാടനത്തിൽ പ്ര നമന്ത്രി പങ്കെടുക്കുന്നതിനെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങളും ട്രോളുകൾക്ക് വിഷയങ്ങളാകുന്നുണ്ട്. നമു കാത്തിരിക്കാം, മെട്രോയുടെ വരവിനായ്. കൊച്ചി ഇനിയും വളരും. ആ വളർച്ചയിൽ ഭാഗമാകാൻ മെട്രോയ് കഴിയട്ടെ.......







# TRANSGENDERS



Jomini Johnson, LS6

Transgenders are people who have their gender identity or gender expression that is different from their determined sex. It is also a term used to describe people whose gender identity differs from the sex the doctor marked on their birth certificates. This is also an umbrella term used since 1990s and the term that is most confusing in English language.

Quoting India Sexane: While the word originally have a more narrow definition.. to describe those who defy societal expectations and assumptions regarding femaleness and maleness; this include people who are transsexual(those who live as members of the sex other than the one they were assigned at birth), intersex(those who are born with a reproductive or sexual anatomy that doesnot fit the typical definitions of female or male), and genderques( those who has identity outside of the male or female binary), as well as those whose gender expression differs their anatomical or perceived sex(including crossdressers, drag performers, masculine woman, feminine men, and so on).

Usually there is a gender binary that would instigate the personal sense of being a man or a woman. This gender binary cannot exist in transgenders, since the word 'man' or 'woman' doesnot fit for them other than 'transman' or 'transwoman'. According to 2011 census, India has 6 lakh people belonging to the transgender community. These people are always discriminated from our society and they face much opposition from the people who consider them as the other. Many do not think that human rights are applicable for transgenders too. But, they are twice removed from the world of common men. Most transgenders face a lot of violent discrimination in access to work, public accommodations and healthcare. They are not even legally protected, and face discriminations from many places irrespective of the parliament bills that were passed by the government. The Rights of Transgender Person Bill, 2014 is a proposed Act of the parliament of India which seeks to end the discriminations faced by transgender people in India. After the new law comes into enactment, anyone forcing a transgender to leave a community or residence, making them remove their clothes and parading them to do bonded labour are treated as violent and atrocious acts towards them which is punishable with imprisonment up to two years along with a fine. The issues concerning them are seen widely popular in accordance with other socially relevant news.

Trans literature is somehow identified to be a recent origin from the late 1970s and there are many books that holds 'transgender' as its theme. Some of them are *Cobra* by Severe Paraday (1992), *Stone Butch Blues* by Leolie Feinberg (1993), *Gender Outlaw* by Kate Bernstein(1994), *Man Enough to be a Woman* by Jayne Cannby (1995) etc. There are also many Indian writer who wrote on the theme 'Transgender'. It is difficult to talk about people who are transsexual or transgender without first defining the words 'sex' and 'gender'. Sex community refers to whether a person is physically female and/or male. Because the physical traits that we most

often take into account when describing 'sex' when biological in origin(eg, sex chromoso hormones, reproductive systems, genitals, and so forth), there is a tendency to see sex as bei 'natural' aspect of gender. However this is not quiet the case. Cultural expectations assumptions play a large role in shaping how we determine and consider sex. For example, in culture, such assumptions are genital-centred. A person's sex is assigned at birth based on presence or absence of a penis. Thus, genitals play a far more important role in determining legal sex than do one chromosomes (which in most cases are never actually examined) or reproductive capacity.

After all a woman can have a hysterectomy, or a man can have a vasectomy, with changing or nullifying their legal sex. Indeed, the fact that we even have a 'legal' demonstrates the society greatly shapes we understanding of sex. The word 'gender' is regula used in a number of ways. Most commonly, it is used in a manner that is indistinguishable fr 'sex'(ie ,to describe whether a person is physically, socially and legally male and/ or fema Other people use the word 'gender' to describe a person's gender identity(whether they iden as female, male, both or neither), or the privilege, assumptions, expectations and restricti they face alone to the sex perceive them to be. Because of the many meanings infused into the writer will use the word 'gender' in a broad way to refer to various aspects of a perso physical or social sex, their sex-related behaviours, the sex-based class system which they situated within or (inmost cases) some combination there of.

# മാരിവിൽപോലെ മെട്രോ



നീലച്ചിറകാർന്ന ചിത്രപതംഗമോ,
നിൻ പാറിപ്പറക്കലിൽ ഒലികൾ
അറബിക്കടലിന്റെ രാജറാണിക്കുള്ളിൽ
നവതരംഗങ്ങൾ തൻ അലകൾ.
വാനം, തൊടാതോടുമീ നവചാരുത-
യെഴുതുന്ന വിസ്മയചരിതം
സിരകളിലാകെരണമെന്ന പോലെയാ
നഗരത്തിലൂടെങ്ങിതൊഴുകു.
കെട്ടുപിണഞ്ഞുകടുംകുരുക്കേന്തും
പാതതൻ ടാറിൻ കറുപ്പിൻ
വേരുന്നുമായിരം കൽത്തൂണുമീതെ
നീലച്ചിറക്കടി വിരിയുന്നിതാ.
മഴവില്ലുവിപ്ലവം പാടെ മറക്കാത്ത
ആദർശമലയാള മണ്ണിൽ
ട്രാൻസ്ജെൻഡറങ്ങുയർത്തു കൊടിയാല
പ്രയാണം തുടങ്ങുമീ മെട്രോ
പാർശ്വവത്കൃതരാമവർക്കിന്നി-
താശ്വാസവരദാനമേകും തുടക്കം
പച്ചക്കൊടിവിശുമാക്കരം നീട്ടി
എരിഞ്ഞടങ്ങും ചുറപ്പുനാട
സമത്വമീയാശയം വർണ്ണമായ് തീരെ
ചിത്രമായ് തെളിയുന്നു നവമാതൃക
ലിംഗമേതാകിലും തുല്യതനീട്ടുമീ
മാനവിക ചരിതങ്ങളിനിയും.

Swetha S Nair, LS6







# ഒറ്റ



പ്രണയിക്കാതെ പ്രാപിക്കുകയും, വിശക്കാതെ കൊല്ലുകയും ചെയ്യുന്ന ജീവിയാണ് മനുഷ്യൻ. സച്ചിദാനന്ദന്റെ ഈ വരികൾ വല്ലാതെ ആകർഷിച്ചിട്ടുണ്ട്. പ്രണയം എന്ന വാക്കു പോലും ഇന്ന് ശരീരത്തിൽ തളയ്ക്കപ്പെട്ടിരിക്കുന്നു.

Tomin Sunny, CS4

ജന്മനാ ഉള്ള ലിംഗാവസ്ഥയോട് പൊരുത്തപ്പെടാനാവാത്ത മാനസികനില ഉള്ളവരാണ് ഭിന്നലിംഗക്കാർ, മൂന്നാം ലിംഗക്കാർ എന്നൊക്കെ നാം വിളിക്കുന്ന ട്രാൻസ്ജൻഡേഴ്സ്. ലിംഗനീതി നിശ്ചയിക്കപ്പെടേണ്ടത് ജന്മം കൊണ്ടല്ല എന്ന തിരിച്ചറിവുകൊണ്ടാണ്. ആണായി വളർന്നവർ സ്ത്രീത്വത്തിലേക്കും പെണ്ണായി വളർന്നവർ പുരുഷത്വത്തിലേക്കും സ്വന്തം അസ്ഥിത്വം തിരിച്ചറിഞ്ഞ് കൂടുമാറുന്നത്. ട്രാൻസ്ജെൻഡർ എന്നാൽ ഭൂരിഭാഗവും വിശ്വസിക്കുന്നതുപോലെ അല്ലെങ്കിൽ തെറ്റിദ്ധരിപ്പിക്കപ്പെട്ടിരിക്കുന്നതുപോലെ പുരുഷന്റെ ഉടലിൽ സ്ത്രീയുടേതായ തിരിച്ചറിവുകളുള്ള വ്യക്തി മാത്രമല്ല, തിരിച്ചും, അതായത് ശാരീരികമായി സ്ത്രീയായിരിക്കെ പുരുഷനെന്ന് സ്വയം തിരിച്ചറിയപ്പെടുന്നവരും തുല്യം ഉൾപ്പെടും. ചെറുപ്പത്തിലേ സ്ത്രീപുരുഷപ്രകൃതിയും അവയവങ്ങൾ കൂടിച്ചേർന്ന് സങ്കീർണ്ണമായ ഘടനയുമുള്ളവരിൽ മൊത്തം ബാഹ്യാന്തരികഘടനകളുടെ സ്വഭാവം പഠിച്ച് കൂടുതൽ ചായ്‌വ് എങ്ങോട്ടാണോ അതിനനുസരിച്ച് ശസ്ത്രക്രിയ നടത്തി പൂർണസ്ത്രീയോ പുരുഷനോ ആക്കി മാറ്റാറുണ്ട്. എന്നാൽ എല്ലാവരിലും ഇത് സാധ്യമാകണമെന്നില്ല.

ഒന്നാം ലിംഗവും രണ്ടാം ലിംഗവുമെന്ന് സ്ത്രീപുരുഷനന്മകളെ വേർത്തിരിച്ചുകാണാതിരിക്കെ ട്രാൻസ്ജെൻഡേഴ്സിനെ മാത്രം മൂന്നാം ലിംഗമായി കണേണ്ട കാര്യമില്ല. അങ്ങനെ അഭിസംബോധന ചെയ്യപ്പെടുന്നതിൽ തന്നെ അവർ തൃപ്തരല്ല. അങ്ങനെയെങ്കിൽ ഒന്നും രണ്ടും സ്ഥനം ഏത് ലിംഗക്കാർക്കാണ് പതിച്ചുനൽകിയിരിക്കുന്നത് എന്ന മറുചോദ്യവും പ്രതീക്ഷിക്കാം.

ഭിന്നലിംഗക്കാർ എല്ലാക്കാലത്തും ഉണ്ടായിരുന്നു. എന്നും അടിച്ചമർത്തപ്പെട്ടവരായി ആർക്കും കേറി കൊട്ടിപ്പാടാവുന്ന പരാതിയില്ലാത്ത തകരച്ചെണ്ടയായി. അവർക്കുവേണ്ടിയുള്ള ചർച്ചകളും ശബ്ദങ്ങളും ശക്തമായിട്ട് അധികകാലമായിട്ടില്ല. അപമാനം സഹിക്കവയ്യാതെ നാടുവിട്ട് മെട്രോ നഗരങ്ങളുടെ പിന്നാമ്പുറങ്ങളിൽ അതിജീവനത്തിനായി കൂട്ടമായി താമസിച്ച് മറ്റൊരു തൊഴിലും ലഭിക്കില്ലെന്നതിനാൽ ലൈംഗികവൃത്തിയിലേക്ക് നയിക്കപ്പെടുകയും സർവ്വരാലും ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്ന ഇവരെ മാലിന്യക്കൂനയിൽ തള്ളിയതും തിരികെ കയറാൻ ഇടം കൊടുക്കാത്തതും സമൂഹം തന്നെയാണ്. എല്ലാ ഭിന്നലിംഗക്കാരും ലൈഗിംകതൊഴിലാളികളല്ല എന്നു നാം മറക്കരുത്. ഇന്ത്യയിലെ നൂറ്റാണ്ട് പഴക്കമുള്ള ഭിന്നലിംഗവിഭാഗമാണ് ഹിജഡകൾ. സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് (ഒറ്റപ്പെടുത്തിയ) ഇവർ തെരുവിൽ നിന്നും തീവണ്ടി യാത്രക്കാരിൽ നിന്നും പണം പിരിച്ചും കല്ല്യാണങ്ങളിൽ നൃത്തം ചവുട്ടിയും പാട്ടുപാടിയും ഉപജീവനം തേടുന്നു. എന്നാൽ അതിലും ഒരുങ്ങുന്നതല്ല കഴിയുംവിധം അന്തസ്സായി ജോലിചെയ്ത് ജീവിക്കുന്ന ഇന്ത്യയിലെ അരക്കോടിയോളം വരുന്ന ഭിന്നലിംഗക്കാർക്കിടയിലെ മികവുറ്റവർ.

കൊടിയ അപമാനങ്ങളുടെയും പരിഹാസങ്ങളുടേയും സ്കൂൾ ദിനങ്ങൾ, കോളേജ് ഹോസ്റ്റലിലും പുറത്തും മനസ്സിന്റെയും ശരീരത്തിന്റെയും മേലുള്ള കടന്നാക്രണമങ്ങൾ. ജീവിതം അവസാനിപ്പിക്കാൻ തോന്നിയ നിമിഷങ്ങൾ. പക്ഷേ ആണും പെണ്ണും കെട്ടവനെന്ന് ചാർത്തിക്കിട്ടിയ പട്ടത്തിനുമപ്പുറം തന്നിൽ ശ്രദ്ധിക്കപ്പെടേണ്ട കഴിവുകളുണ്ടെന്ന് തോന്നിത്തുടങ്ങിയ നിമിഷം മുതൽ അവർ വളരുകയായിരുന്നു. ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ്ജൻഡർ ഐ.എ.എസ്. ഓഫീസർ ഐശ്വര്യ ഋതുപർണ ചവുട്ടിക്കയറിയത് പൊള്ളുന്ന പടവുകൾ. പക്ഷേ സിവിൽ സർവ്വീസ് കിട്ടിയ ശേഷവും ഏറെനാൾ കോടതി കയറിയിറങ്ങേണ്ടി വന്നു അവർക്ക്, തന്റെ ലൈംഗികാസ്ഥിത്വം മുദ്രപേപ്പറിൽ അംഗീകരിച്ചു കിട്ടാൻ. ലോകത്തെ ബോധിപ്പിക്കാൻ.

ഭിന്നലിംഗക്കാർ നേരിടുന്ന വെല്ലുവിളികൾക്ക് അറുതിയിടാൻ അവർക്കുവേണ്ടി നിയമങ്ങൾ ക്കുവാനും മുഖ്യാധാരയിൽ ഭാഗഭാക്കുകളാക്കുവാനും ഗവൺമെന്റുകൾ ഏറെ വൈകിയെങ്കിലും മാവുന്നുണ്ടെന്നുള്ളത് ആശ്വാസകരം തന്നെ. എന്നാൽ ഇത് എത്രത്തോളം ലക്ഷ്യം കാണുന്നുവെന്ന് ചികഞ്ഞുപരിശോധിക്കേണ്ടിയിരിക്കുന്നു. കൊച്ചി മെട്രോയിൽ ജോലി നൽകപ്പെട്ടവരും യു.പി സ്ഥിരാധ്യപകനിയമനം ലഭിച്ച 67 പേരും വരാൻ പോകുന്ന അഖിലേന്ത്യാ മിസ് ട്രാൻസ്ക്യുഷൻ മത്സ മൊക്കെ ഉദാഹരണങ്ങൾ. എന്നാൽ മെട്രോയിലെ ശമ്പളം മഹാനഗരത്തിലെ ലോഡ്ജ് വാടകയ്ക്ക് ഒന്നിനും തികയുന്നില്ലന്ന ജോലി കിട്ടിയ ട്രാൻസ്ജെൻഡറുടെ പരാതി അധികമാരും ശ്രദ്ധിച്ചില്ല.

വെറുതെ ജോലിയും പണവും നൽകിയാലും സമൂഹത്തിന് ഇവരോടുള്ള കാഴ്ചപ്പാടിന് മാറ്റം സംഭവിക്കുന്നില്ലെങ്കിൽ അവരുടെ ദുരിതങ്ങൾ പരിഹരിക്കപ്പെടുക അസാധ്യം. ആരുടേയും ദ്യമോ ദാക്ഷിണ്യമോ പ്രതീക്ഷിച്ചല്ല, തങ്ങൾക്കവകാശപ്പെട്ട, എന്നാൽ ഈ കാലമത്രയും നിഷേധിക്ക അവകാശങ്ങൾക്കു വേണ്ടിയാണവർ ഇന്ത്യയിലെവിടേയും സമരത്തിനിറങ്ങിയിട്ടുള്ളത്. മറിച്ച് കടന്ന മൃഗസ്നേഹംകൊണ്ടോ ഗൂഢരാഷ്ട്രീയ ലക്ഷ്യങ്ങൾകൊണ്ടോ അല്ല. സർക്കാർ വാഗ്ദ ചെയ്യുന്ന തൊഴിലുറപ്പിനേക്കാൾ ഇവർക്കാവശ്യം മറ്റുള്ളവർ കൈകടത്താത്ത സ്വതന്ത്ര്യത്തോടെയ ജീവിതമാണെന്ന് സർക്കാരുകൾ മനസ്സിലാക്കണം. സ്ത്രീക്കും പുരുഷനും സുരക്ഷാനിയമങ്ങൾ എന്നാൽ ഭിന്നലിംഗക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരാതി സ്വീകരിച്ച് നീതി നടത്തിക്കൊടുക്കാന് പ്രയോഗികസംവിധനം ഇനിയും കൈവരിക്കേണ്ടിയിരിക്കുന്നു. സംരക്ഷിക്കേണ്ടവർ പോലും ലൈം തൊഴിലാളികളെന്നും അപഥസഞ്ചാരികളെന്നും അടച്ച് മുദ്രകുത്തി ഉപേക്ഷിക്കുന്നതായി സമകാല സ ങ്ങളിൽ നിന്ന് വ്യക്തമാണ്.

വികൃതസങ്കരമായ മംഗ്ലീഷിനെ കൈനീട്ടി സ്വീകരിക്കുന്നവർ പ്രകൃതിസങ്കരമായ ട്രാൻസ്ജെന് ഴ്സിനെ ഓക്കാനത്തോടും അറപ്പോടുംകൂടി ആട്ടിയോടിക്കുന്നു. ഒരു തെറ്റും ചെയ്യാത്തവർ പോലും ത്തിന്റെ പേരിൽ ധ്വംസിക്കപ്പെടുന്നു. ഭാഷയിൽ നപുംസകലിംഗത്തിനുള്ള സ്ഥാനം യഥാർത്ഥജീ ത്തിൽ എവിടെയാണ്? പ്രമുഖ മതചരിത്രങ്ങളിലെല്ലാം പരാമർശവിധേയമായിട്ടുള്ള, അവതാര പ്പോലും വാഴ്ത്തപ്പെട്ടിട്ടുള്ള ട്രാൻസ്ജെൻഡറിന് ഇന്ന് മതങ്ങളിൽ എവിടെയാണ് സ്ഥാനം? ഏതെ പൗരനും തുല്യഅവകാശങ്ങൾ നൽകുന്ന ഇന്ത്യൻ ജനാധിപത്യഭരണവ്യവസ്ഥിതിയിൽ ഭിന്നലി ക്കാരുടെ അവകാശങ്ങൾ കടലാസിൽ മാത്രമാണോ?

ലോകത്തിലാദ്യമായി ഭിന്നലിംഗക്കാർക്കായി മാത്രമുള്ള ആരാധനാലയം ഇന്തൊനേഷ്യ പ്രവർത്തിക്കുന്നതായി വായിച്ചു. ഇന്ത്യയിൽ ആദ്യത്തെ ലക്ഷ്വറി ട്രാൻസ് സ്പായെപ്പറ്റിയും കേട്ടു. യെല്ലാം പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹത്തിന്റെ ചെറുത്തുനിൽപ്പിന്റെ പ്രതീകങ്ങള വാഴ്ത്തപ്പെടുമ്പോഴും സ്ഥാപനവത്ക്കരിക്കപ്പെട്ട അയിത്തത്തിന്റെ ഇത്തരം സങ്കേതങ്ങൾ സൃഷ്ടിച്ചാ നാം ഭിന്നലിംഗക്കാർക്ക് സൗകര്യമൊരുക്കേണ്ടത്? ഭിന്നലിംഗക്കാരെ ഭിന്നതയാർന്ന അസ്വസ്ഥതയോ ചെറുതിരുത്തുകളിലേക്ക് ചുരുക്കുന്നതാവരുത് അവർക്കായുള്ള പ്രവർത്തനങ്ങൾ. എല്ലാ ലിംഗവി ങ്ങളും സമരസപ്പെട്ടുകൊണ്ടുള്ള ജീവിതം സാധ്യമല്ല എങ്കിൽ സമൂഹത്തിന്റെ ധാർമ്മിക അപച്യുതിയാ പരിണിതഫലം.

ഏറ്റവും നിസ്സഹായരാക്കപ്പെട്ട ഒരു കാലഘട്ടം കപടസദാചാരികളുടെ നാട്ടിൽ അവർക്കുണ്ടായ ന്നു. എന്നാൽ പലരുടേയും ശ്രമഫലമായി പ്രതീക്ഷയുടെ പുതുനാമ്പുകൾ തളിർക്കുന്നുണ്ട്. അത് ചെറുതല്ല മറിച്ച് ആശാവഹവുമാണ്. ഷോർട്ട് ഫിലിമുകളും ചർച്ചകളും കവർസ്റ്റോറികളും തുടങ്ങി പ താൽപര്യങ്ങൾക്കപ്പുറത്ത് മാനുഷികതാൽപര്യങ്ങളെ മുൻനിർത്തി ഇവർക്കായി മുന്നോട്ടുവരുന്ന നേതൃ ങ്ങൾ വരെ പ്രതീക്ഷകളാണ്. നിലവിൽ പേരിനുമാത്രം നൽകുന്നതിൽ പരിമിതപ്പെടുത്താതെ മറ്റു വി ക്കാരെപ്പോലെ എല്ലായിടങ്ങളിലും ഭിന്നലിംഗക്കാർക്ക് എന്നാണ് സംവരണം ലഭിക്കുക എന്നത് ഉത്ത കിട്ടേണ്ട ചോദ്യം തന്നെ. എന്നാൽ ജോലിയിടത്തും സ്കൂളിലും പൊതുസ്ഥലങ്ങളിലുമുള്ള മനം മ ക്കുന്ന ദുരനുഭവങ്ങൾ മൂലം ഒടുക്കം എല്ലാം ഇട്ടെറിഞ്ഞ് തേങ്ങുന്ന മുഖങ്ങൾ ഇനി ഉണ്ടാവില്ല എന്നു ക്കുകയാണ് ആദ്യം വേണ്ടത്. വിദേശരാജ്യങ്ങൾ തുല്യപദവിയും മാന്യതയും കൽപ്പിച്ചു നൽകി





ടാൻസ്ജെൻഡേഴ്സിനെ നാം ആകെക്കൂടി ദയ കാട്ടി മഹാമനസ്കത കാട്ടാറുള്ളത് സിനിമകളിലും കോമ ഡികളിലും അപഹാസ്യപരിവേഷം നൽകിയായിരുന്നു. മിസ്സും മിസ്റ്ററും പോലെ മൂന്നാം ലിംഗക്കാർക്ക് മിക്സ് എന്ന് പലരാജ്യങ്ങളിലും അഭിസംബോധന ഉണ്ട്. എന്നാൽ നമ്മുടെ നാട്ടിൽ കിട്ടാവുന്നതിലുമങ്ങേ യറ്റം മോശം പദങ്ങൾ തിരഞ്ഞുകണ്ടെത്തി നാം അവരെ വിശേഷിപ്പിക്കുന്നു. ഇത്രയും സാക്ഷരത നേടി യിട്ടും ആ സമഭാവന കൈമുതലാക്കാൻ നാം വളർന്നിട്ടില്ല.

കേരളത്തിലെ മൂന്നാംലിംഗക്കാരുടെ സംസ്ഥാന സമ്മേളനത്തിൽ തൊഴിൽ സംവരണം, 60 വയസ് കഴിഞ്ഞവർക്ക് പെൻഷൻ, തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് തുടങ്ങിയവയിൽ മൂന്നാം ലിംഗമെന്ന കോളം ഉൾപ്പെടെയുള്ളവ അവർ ആവശ്യപ്പെട്ടു. ആൺ-പെൺ, നന്മ-തിന്മ, വെളുപ്പ്-കറുപ്പ് തുടങ്ങിയവ യായി മനുഷ്യവ്യവഹാരങ്ങളെ സ്ഥാനപ്പെടുത്തുന്ന വ്യവസ്ഥാപിത രീതിയിൽ നിന്ന് ഭിന്നമായൊരു മൂന്നാ മിടമാണ് അവർ ചോദിക്കുന്നത്. ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനും ചേർന്ന രൂപമായാണ്. സൃഷ്ടി ച്ചതെന്നും മനുഷ്യന്റെ സൗന്ദര്യത്തിൽ അസൂയപൂണ്ട ദൈവം അവരെ രണ്ടാക്കി വേർപ്പെടുത്തിയെന്നും ആദിസൃഷ്ടിയിലാണ് മനുഷ്യന്റെ പൂർണരൂപമെന്നും പ്രസ്താവിക്കുന്നതും സമാനവുമായ ഒന്നിലേറെ മിത്തുകളും പുരാണങ്ങളും ഉണ്ടെങ്കിലും അർധനാരീശ്വര സങ്കൽപ്പത്തേയും കടന്നുനിൽക്കുന്ന ഭിന്നലിംഗ മെന്ന സവർഗത്തെ നമ്മുടെ നാട് 21-ാം നൂറ്റാണ്ടിന്റെ ശൈശവം പിന്നിട്ടിട്ടും അംഗീകരിച്ചിട്ടില്ല.

ശാരീരിക ലിംഗാവസ്ഥയോട് പൊരുത്തപ്പെടാത്ത മാനസികാവസ്ഥയുള്ളവരാണ് തങ്ങളെന്ന് പ്രഖ്യാപിക്കുന്ന ഭിന്നലിംഗത്തിനെ വ്യവസ്ഥാപിതമായ ആണെന്നും പെണ്ണെന്നും ഉള്ള വിഭാഗത്തിലേക്ക് തള്ളാനെ നമ്മുടെ നിയമസംഹിതകൾക്ക് വഴിയുണ്ടായിരുന്നുള്ളു. വോട്ടവകാശവും സംവരണവുമില്ലാതെ ഈ മൂന്നാം തരക്കാരെ എവിടെ കൊള്ളിക്കാമെന്ന് അപേക്ഷാ ഫോമുകളുടെ ഉത്തരം കിട്ടാത്ത ചോദ്യവു മായിരുന്നു. അടിച്ചുപുറത്താക്കൽ നിർത്തി അരികിലേക്ക് തള്ളുന്നതല്ല ജനാധിപത്യവ്യവസ്ഥ; മറിച്ച് അംഗീ കരിക്കലും അവകാശങ്ങൾ നൽകലുമാണ്. ഏതാനും ചില ഉദ്യോഗസ്ഥക്കസേരകളിലും ചാനൽ പരിപാടി കളിലും കാണുന്ന ട്രാൻസ്ജൻഡേഴ്സ് പങ്കുവയ്ക്കുന്ന വേദനകൾക്കുമപ്പുറമാണ് നാമറിയാത്ത ആ വിഭാ ഗത്തിന്റെ ദുരിതഗാഥ.

അവരും സ്നേഹം അർഹിക്കുന്നു. കാരണം അവർക്കു സ്നേഹിക്കാനറിയാം. അവരും മനുഷ്യത്വം അർഹിക്കുന്നു. കാരണം അവരും നമ്മേപ്പോലെ മനുഷ്യരാണ്. പല ക്യാമ്പസുകളും അവർക്കായി പഠന അവസരങ്ങൾ നൽകുന്നുണ്ട്. അവരെ അവരായിത്തന്നെ സൗഹൃദവലയത്തിൽ ചേർക്കുന്ന വിദ്യാർത്ഥികൾ പ്രതീക്ഷയുണർത്തുന്നു. അത്ഭുതജീവികളെ മൃഗശാലയിൽ വളർത്തുന്നതുപോലെ ഭക്ഷണവും താമസവുമല്ല, നമ്മളിലൊരാളായി കാണാനാണ് അവർ ആഗ്രഹിക്കുന്നത്. അതിനു പദ്ധതികൾ തുടങ്ങേണ്ടത് ഉന്നതങ്ങളിൽ നിന്നല്ല, വീടുകളിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നുമാണ്. ആണും പെണ്ണും മാത്രമല്ല മൂന്നാമതൊരാൾകൂടെ കൂട്ടിനുണ്ടെന്ന് ബാല്യകാലേ അവനും അവളും അറിയട്ടെ. അവരേയും ബഹുമാനത്തോടെയും സ്നേഹത്തോടെയും സമാധാനത്തോടെയും കാണാൻ പഠിക്കട്ടെ. പൂന്തോട്ട ത്തിൽ റോസാപ്പൂ മാത്രമായാൽ എന്തു ഭംഗി? കുറച്ചുകൂടി ഉദാരമാക്കാം ഹൃദയം. അവരും വിടരട്ടെ. നമുക്കൊപ്പം.



# പ്രമുഖയല്ലാത്തവൾ

കറുത്ത മേക്കപ്പിൽ പകൽ കുടുതൽ സുന്ദരിയായ്
ഉപ്പ് വറ്റിച്ച കടൽ സ്വസ്ഥയായ്
ആകാശം കീറിപ്പിളർന്ന് ആരവം തുടങ്ങി
പുഴ കൊഴുപ്പ് കളഞ്ഞ് സ്ലിം ബ്യൂട്ടിയായി
വാക്കുകൾ പിശകുകളുടെ ഗെയിം തുടർന്നു
ദുഃസ്വപ്നം തിളച്ച് മറിഞ്ഞ് നീരാവിയായി
വിദൂഷകൻ ചായം തേച്ച് മിനുങ്ങികഴിഞ്ഞു
കാമവിഷം ഇൻജക്ട് ചെയത് റെഡിയായി
പ്രമുഖയല്ലാത്ത അപരിചിതയെ 'കാര്യമായി പരിഗണിച്ചു'
ആ മാനം ഫേസ്ബുക്കിനും വാട്സാപ്പിനും വിറ്റു!
ലാഭം കിട്ടിയ വിദൂഷകൻ പേരിനൊരു വിലങ്ങണിഞ്ഞു...
മരിച്ച പെണ്ണിന് പുഷ്പവൃഷ്ടി!
ബാക്കിയുള്ളത് കോലാഹലം!!



അമ്മു മരിയ അലക്സ്, LS6



# അരികെ



സന്തോഷ് വി. പി., HS4

സഹികെട്ടപ്പോൾ പത്തു മാസം വയറ്റിൽ ചുമന്നതിന്റെ സങ്കടം പറഞ്ഞുകൊണ്ട് ആ തള്ള മകനെ ചീത്ത പറഞ്ഞുകൊണ്ടിരുന്നപ്പോൾ അവൻ ആ തള്ളയുടെ വയറ്റിൽ പത്തുമാസം കിടന്നതിന്റെ സങ്കടം പറഞ്ഞുകൊണ്ട് തള്ളയുടെ തള്ളയ്ക്കു വിളിച്ചു.

നിലാവിന്റെ തണുത്ത ശോഭ പരത്തുന്ന ആ രാത്രിയിൽ നീറുന്ന രണ്ടു ഹൃദയങ്ങൾ നിർത്താതെ സ്പന്ദിക്കുന്നത് സർക്കാരാശുപത്രിയിലെ കീറിയ മെത്തയും തുറ... ബിച്ച ജനാലകളും കേട്ടുകൊണ്ടിരുന്നു.

വാഹനാപകടത്തിൽ അവശേഷിച്ച ജീവൻ ദൈവാനുഗ്രഹമായി കണ്ട ആ തള്ള... മകന്റെ എടുത്തുചാട്ടത്തെ കുറ്റപ്പെടുത്തിയില്ല. പെട്ടെന്ന്, അവൻ നിശബ്ദതയെ തലോ...ടിക്കൊണ്ട് വിളിച്ചു. അമ്മേ...

നിറഞ്ഞ കണ്ണുകളിൽ നിന്നൊഴുകിയ ഉപ്പുനീർ നിലാവെളിച്ചത്തിൽ അമ്മയുടെ കവിള്... കളിൽ കനം തൂങ്ങിനിന്നു. മകനെ നെഞ്ചോടു ചേർത്തുകൊണ്ട് അവന്റെ നെറുകയിൽ ചുംബിച്ചു. ഇപ്പോൾ സർക്കാർ ആശുപത്രിയിൽ ശബ്ദമുണ്ട്, വെളിച്ചമുണ്ട്, നിലാവിനു... മപ്പുറം ശോഭ പരത്തുന്ന രണ്ട് മുഖങ്ങൾ ഉണ്ട്. ഇവിടെ അവശേഷിക്കുന്നത് പത്തു... മാസം വയറ്റിൽ കിടന്ന മകനല്ല. പത്തുമാസം വയറ്റിൽ ചുമന്ന അമ്മ മാത്രമാണ്. നീറുന്ന മറ്റൊരു ഹൃദയമാണ്.



# യോഗ ഒരു ജീവിതചര്യ



നമിത സുരേഷ്, MS4

**യോ**ഗ എന്നാൽ യോജിപ്പ് എന്നർത്ഥം. ശരീരത്തിന്റെയും മനസ്സിന്റെയും സമന്വയത്തിലൂടെ പ്രാപ്തമാക്കുന്ന സൗഖ്യമാണ് യോഗ. ശരീരവും മനസ്സും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. ഇവ രണ്ടിന്റെയും സന്തുലനാവസ്ഥയിൽ മാത്രമേ ആത്മശാന്തി പ്രാപ്തമാവുകയുള്ളൂ. യോഗ കേവലം ശാരീരിക വ്യായാമമുറയല്ല. ശരീരം, ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി, ആത്മഭാവം എന്നിവയെ ഏകീകരിച്ചുള്ള സാധനയാണ്. ആരോഗ്യവും ലളിതജീവിതവും സദ്ചിന്തയുമാണ് യോഗയുടെ പ്രയോജനം. യോഗ ഒരു ജീവിതചര്യയാണ്.

യോഗയുടെ ഉത്ഭവത്തെ കൃത്യമായി ഒരു കാലഗണനയാൽ രേഖപ്പെടുത്താനോ പ്രത്യേകം മതത്തിന്റെയോ ഉപജ്ഞാതാവിന്റെയോ പേരിൽ എടുത്തുപറയാനോ സാധ്യമല്ല. പതഞ്ജലിയുടെ യോഗസൂത്രമാണ് യോഗയുടെ അടിസ്ഥാനഗ്രന്ഥമെങ്കിലും പതഞ്ജലിക്ക് എത്രയോ വർഷങ്ങൾ മുമ്പുതന്നെ യോഗ ലോകത്തിന്റെ നാനാഭാഗങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്നു. 25000 വർഷങ്ങൾക്കുമുമ്പ് സൈബീരിയയിൽ ഉടുലെടുത്ത ഷമനിസത്തിലും സിന്ധു നദിതട സംസ്കാരങ്ങളിലും വേദങ്ങളിലും ഉപനിഷത്തുകളിലും ബുദ്ധമതത്തിലും ജൈനമതത്തിലും സൂഫിസത്തിലും ഇസ്ലാമിസത്തിലും ക്രിസ്തുമതത്തിലും യോഗയുടെ വിവിധ അഭ്യാസങ്ങൾക്കു സമാനമായ അനുഷ്ഠാനങ്ങൾ കാണാൻ കഴിയും. ബുദ്ധനും ജൈനനും പത്മാസനത്തിലിരുന്നാണ് ധ്യാനിച്ചിരുന്നത്. സൂഫികൾക്കു ധ്യാനത്തിന് ഏറെ ഇഷ്ടപ്പെട്ട ആസനം വജ്രാസനമാണ്. അനേകായിരം വർഷങ്ങളുടെ പരിണാമഫലമായിട്ടാണ് യോഗ വികസിച്ചതും ഒരു ശാസ്ത്രമായിത്തീർന്നതും. എന്നാൽ ഭാരതീയ സംസ്കാരം യോഗയുടെ വികസനത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ടെന്നും ഭാരതീയ ഋഷിവര്യന്മാരുടെ സംഭാവനയുടെ ഫലമായാണ് യോഗ ഒരു ജീവിതശാസ്ത്രമായി രൂപപ്പെട്ടതെന്നും ചരിത്ര ഗവേഷണങ്ങളിലൂടെ മനസിലാക്കാം.

ശരിയായ ശുചിത്വം (ശരീരത്തെ ബാഹ്യമായും ആന്തരികമായും ശുചീകരിക്കുന്ന രീതി), ശരിയായ ഭക്ഷണം (മിതാഹാരം), ശരിയായ വ്യായാമം (ആസനങ്ങൾ, മുദ്രകൾ, ബന്ധങ്ങൾ) ശരിയായ ശ്വസനം (പ്രാണായാമങ്ങൾ), ശരിയായ വിശ്രമം (വിശ്രമാസനങ്ങൾ), ശരിയായ ചിന്ത (യാമ-നിയമ അനുഷ്ഠാനങ്ങൾ) എന്നീ ആറ് അടിസ്ഥാനതത്ത്വങ്ങളുൾക്കൊള്ളുന്ന ഒരു സമ്പൂർണ്ണ ആരോഗ്യശാസ്ത്രമാണ് യോഗ. മനോശാരീരികാരോഗ്യം ഉറപ്പുവരുത്തുന്നതും രോഗപ്രതിരോധശക്തി ഉണ്ടാക്കുന്നതും രോഗങ്ങളെ വേരോടെ പിഴുതുകളയുന്നതും യോഗശാസ്ത്രത്തിലെ ഈ ആറ് അടിസ്ഥാനതത്ത്വങ്ങളുടെ അനുഷ്ഠാനമാണ്. യോഗ വ്യക്തിത്വ വികസനത്തിനുള്ള ഒരുത്തമ പ്രായോഗികാഭ്യാസമാണ്. അതിനാൽ ഇതിന്റെ അഭ്യസനത്തിനു ജാതിമതലിംഗപ്രായഭേദമില്ല.

ആസനങ്ങൾ, മുദ്രകൾ, ബന്ധങ്ങൾ എന്നിവയുടെ അഭ്യാസത്തിലൂടെ ശരീര ചാപല്യങ്ങളെ നിയന്ത്രിക്കുവാനും പ്രാണായാമങ്ങളിലൂടെ ശ്വാസോച്ഛ്വാസത്തെ നിയന്ത്രിക്കുവാനും ഇതിലൂടെ മനസ്സിനെ വരുതിയിലാക്കാനും സാധിക്കുമെന്നും യോഗ ശാസ്ത്രീയമായി തെളിയിക്കുന്നു. മനോനിയന്ത്രണം ഉണ്ടാകുമ്പോഴാണ് ധ്യാനം സംഭവിക്കുന്നത്. ധ്യാനം സഹജമാകുമ്പോൾ ശ്വാസോച്ഛ്വാസഗതി സ്വമേധയാ നിശ്ചലമാവുകയോ സാവധാനത്തിലാവുകയോ ചെയ്യുന്നു. അപ്പോൾ മസ്തിഷ്കത്തിൽ മനസ്സും ശാന്തമാകുന്നു. ഏകാഗ്രത വർദ്ധിക്കുന്നു. ഈ അവസ്ഥയിൽ ഉപബോധമനസ്സിൽ പറ്റിപ്പിടിച്ച ഉത്കണ്ഠ, ഭീതി, മുതലായവ പുറംതള്ളപ്പെടുന്നു. മനസ്സിൽ സത്ചിന്തകൾ, സർഗാത്മകത,ബുദ്ധിശക്തി, ഏകാഗ്രത, ഓർമ്മശക്തി, മുതലായവ ഉണ്ടാകുന്നു. ഇതാണ് യോഗയിലെ ശാസ്ത്രീയ തത്ത്വം.




# *Gravitational Waves: breakthrough discovery after a century of expectation*


Sona George,

On February 11, 2016 the LIGO scientific collaboration and Virgo collaboration team announced that they had made the first observation of gravitational waves originating from a pair of merging black-holes using the Advanced LIGO detectors. On June 15, 2016 a second detection of gravitational waves from coalescing black holes was announced. Gravitational Waves are ripples in the curvature of spacetime that propagate as waves at the speed of light generated in certain gravitational interactions that propagate outward from their source. Albert Einstein predicted the existence of gravitational waves in 1916 in his general theory of relativity. Einstein's mathematics showed that massive accelerating objects would disrupt spacetime in such a way that 'waves' of distorted space would radiate from the source. The strongest gravitational waves are produced by catastrophic events such as colliding black holes, the collapse of stellar cores (supernovae), coalescing neutron stars, or white dwarf stars, the slightly wobbly rotation of neutron stars that are not perfect spheres, and the remnants of gravitational radiation created by the birth of universe itself.

Gravitational waves can penetrate regions of space that electromagnetic waves cannot. They are able to allow the observation of the merger of black holes and possibly other exotic objects in the distant universe. Such systems cannot be observed with more traditional means such as optical telescopes or radio telescopes and so gravitational-wave astronomy gives new insights into the working of the universe. In principle, gravitational waves could exist at any frequency. However, very low frequency waves would be impossible to detect and there is no credible source for detectable waves of very high frequency. Gravitational waves are constantly passing Earth; however, even the strongest have a minuscule effect and their sources are generally at a great distance. Detecting and analyzing the information carried by gravitational waves will allow us to observe the universe in a way never before possible







# मम्मी से है पहचान

मम्मी करती सारा काम
बिना किए ज़रा आराम
सुबह से लेकर शाम
रखती हम सब का ध्यान

जब भी पढंने बैठे हम
देती हम पर पूरा ध्यान
हर पल देती हमको सीख
बनो अच्छे सच्चे इंसान

मम्मी से है हमारी दुनिया
उनसे ही है अपनी पहचान
कभी न दे हम उनको दुःख
रखे हम भी उनका ध्यान



ANJANA SABU, HS4



# घर संसार

सबसे पहले मेरे घर का
अंडे जैसा था आकार।
तब मैं यही समझती थी बस
इतना-सा ही है संसार। ।
फिर मेरा घर बना घोसला,
सुखे दनिको से तेयार
तब मैं यही समझती थी बस
इतना-सा ही हैं संसार। ।
फिर मैं निकल गई शाखों पर
जो थी हरी-भरी सुकुमार
तब मैं यही समझती थी बस
इतना-सा ही है संसार। ।
आखिर जब मैं आसमान में,
अच्छी दूर तक पंख पसारा।
तभी समझ में मेरी आया,
बहुत बड है यह संसार। ।



Rexymol Mathew
Ist B Com

# प्रगतिशील भारत



BINEESHA M SHAJ

अरूण यह मदुमय देश हमारा
जहाँ पहँच अनजान
क्षितिज को मिलता ऐक सहारा

भारत, यह ऐक नाम नहीं ऐक ऐहसास है । सवा सौ करोर देशवासियें के दिलों की धडकन हमारा हिन्दुस्थान। भारत की सभ्यता और संस्कृति दुनिया भर में विख्यात है।

महान हिमालय से रक्षित तथा पवित्र गंगा से सिचित इस देश में अनेक संत और महात्माओं ने जन्म लिया है । हमारा भा आज़ादी के समय से ही प्रगती कि और बढता जा रहा है, और आज हम इस स्थान तक पहँच चुके है जहँ वडे वडे प्रतिशी देश हमारे सामने झोटे लगते है ।

हमारे प्रिय Dr. A.P.J. अब्दुल कलाम जी ने एक बार कहा था, सन २०२० तक भारत प्रगतिपूण राष्ट्रों की श्रेणी मे पहँ जायेगा। लेकिन क्या आज की स्थिति के अनुसार भारत प्रगतिपूर्ण राष्ट्र बन गयेंगा ?

आंतकवाद, प्रदूषण, बेरोजगारी, भष्डाचार, राजनीतिक समस्याएँ, गरीवी, आदि समस्याएँ देश कि आगे बढने कि रास्ते रुकावढे पैदा कर रहा है ।

"कहने कि तो बडी खुश नसीब है भारत फूलों कि हसीन पंखडी है भारत लेकिन इस एटमिक युग मे शरत के ढंर प खडी है भारत।"


यह सब समस्याएँ एक काली बादल के तरह हमारी देश के उपर छाधी गया है। जो हमे प्रंगतिशील बनने से रोक रहा है। कृ आदि के क्षेत्र में जो विज्ञान हमारे पास था वह भी आज नष्ट होने को है । लेकिन फिर भी आगे बदने कि इच्छा इरनी बडी कि जारी समस्याएँ सामने से निकल जाता है ।

हम उन बीरों के बच्चे है, जो थुन के पक्के सच्चे थे हम उनका मान वदायेंगे, हम जग में नाम कमायेंगे। रोको मत आगे बदने दो, आज़ादी के दीवाने है हम मातृभूमि की सेवा में अपना सर्वस्व लगायेंगें ।

गरीबी कइ जगह बढती जा रहा। लोग खाना केलिए मिलने केलिए कुछ भी करने केलिए तैयार हो जाता है। काल बाज़ार, काला धन आदि भ्प्टाचार कि संख्या बढाता है और देश के कोनों कोनों मे हर पल आतकदादियाँ जन्म ले रहा है अच्छी तरह से पढने के बाद भी नै जवानों को कोई नौकरी नही मिलती। किसानो को अपनी अधिकार नही मिलते। फिर भी मन मे एक ऐसी इच्छा है भारत को आगे बढते देखने का। इसी इच्छा ने आज भी देश को जीवित रखा है।

भारत में ऐसी कइ जारी चीज़े हो रहा हे जो देश कि अन्नती को बढाने कि कोशिश कर रहा है । समय का सदुपयोग करके विज्ञान को आगे बढाने हम सभी देशवासियों आगे कि रास्ते कि और बद से है। सरकार दूवारा लग किये ग विमुदीकरण के कारण काले थन वालों पर बहुती नियंद्रण आ गया है। हमारी सरकार ने बाहर से आनेवाली कमपिनियों क और आदिक बदावा देखकर मेक इन इनडिया अथवा भारत मे बनाऊ का आयोजन किया है। इसी तरह सब अपने कोशिश मे लगे हूए है। हमें भी अपनी देश को प्रगतिशील बनानु केलिए प्रयास करना पडेगा।

सब कोइ अपना काम करो
देश को थोडा प्यार करो
सोचने का समय गया
उठो लिखो इतिहास नया।







# आज का झूला धर, कल की वृध्दासदन



SREELAKSHMI C. R., ZS4



शीर्षक अपको निथ्धारित ही चौंका सकता है, किनतु यह आज के वदनते समाज की एक कडवी सच्चाई से कोई मुँह नहीं मोड सकता। आज कल हाथों को थामकर मासूम झूलाकर में पहँचाएँगो, वही मासूम यौवन की देहरी पार करते ही उन काँपते हाथों को वृध्दसदन पहुँचाएँओ इसमें कोइ संदेह नहीं । यह खूयाल तव आया, जव एक अखवार में पढा कि शहर के एक वृध्दसदन में अगले दस सान तक किसी भी वज़ुर्गो को नहीं लिया जाएगा। वहाँ की सारि सीटें भर्ती हो चुकी हैं। यह एक चौंक्कांवाला खवर है, जो आज के वदलते समाज पर एक करास चोट है, पर इसकी भयावहता को आखिर कौन समझेगा?

एक पिता को आँखों में अपने वच्चे को देखकर कौन-सा सपना पलता है, कभी उसके चेहरे पर देखने की कोशिश को है आपने ? जव एक पिता आपने मासुम और लाडले की ऊँगली थामकर चलना सखिता है, उसको मू में खडि प्रतीक्षा रहेंगे कि कल जव मैं बूढा हो जाऊँ, तो मेरे लाडले, तुम वी इसी तरह मेरे हाथ थाम कर मुझे आश्रय देना। लेकिन बहुत हि कम ऐसे भाग्यशालि होते होंगे, जिनका यह सपना सच होता है...।



# नई नज़र

सोचने के लिए रम होता है मज़बूर
क्या है इसज़िदगी का मतलाब?
नहीं है प्रेम और प्यार
सिर्फ है स्वार्थ का व्यवहार

बंद हो चुका है प्रेम से देखनेवाली वह पुरानी
खुला रहता है नफरत की नहीं नज़र
खतम हो चुका है मुस्कान भरा वह पुराना संवाद
शुरू हो गया है डाह भरी नइ विचार ।

वन गइ है मानव प्रेम का पोवत्त भावना,
सिर्फ एक नीति हुइ काल की दानाक समृति
चारों चरफ इर्ष्यं और हिंसा
क्यों है हम ऐसा ? कैसे बन गये हम ऐसा?


चाहिए हमें ऐक नइ सोच,
ऐक नइ दिल और नइ नजंर
उडे मानव मन की चिडिया,
स्वार्थ की गहरीइ से प्रेम की ऊचाई तक ।




MATHEW JOSHY, PS4

# നോട്ട് നിരോധനവും ട്രോളുകളും






ജിസ് റോയി, ES4

**അ**ഞ്ചുറിന്റേയും ആയിരത്തിന്റേയും നോട്ടുകൾ ടിക്ക് പിൻവലിക്കുക എന്ന് വച്ചാൽ എന്ത് ചെയ്യാനാണല്ലേ? കൈക്കൂലിയുടെ കാര്യത്തിൽ അഗ്രഗണ്യരായ മലയാളികൾ.

ബാങ്കിലിടാതെ വേറെയെന്തെങ്കിലും ചെയ്യാൻ വീട്ടിൽ ച്ചവർ ഇപ്പോൾ നെഞ്ചത്തടിച്ച് നിലവിളിയാണ്. അതു രാജ്യം മൊത്തം പണത്തിനു വേണ്ടിയുള്ള നെട്ടോട്ടത്തിലാണ്. ടി. എമ്മുകളിൽ പണമില്ല, ബാങ്കുകളിൽ പണമില്ല, എവിടെ യാലും ബിവറേജസിന്റെ മുന്നിലെ ക്യൂ എന്ന പോലെ ബാങ്കു നീണ്ട ക്യൂ അങ്ങനെ പടർന്ന് പന്തലിച്ച് നിൽക്കുകയാണ്. ചെയ്യാനാ, നമ്മളൊക്കെ ഇതു സഹിച്ചല്ലേ പറ്റു.

നോട്ട് നിരോധനംമൂലം കോളടിച്ചത് ട്രോളർമാർക്കാ അപ്പോൾ എന്നോടു ചോദിക്കും എന്താണ് ട്രോളുകൾ ഫേസ്ബുക്കിലെ ട്രോളർമാരെല്ലാം തന്നെ ട്രോളുകളെ ഇരുകൈ നീട്ടി സ്വീകരിച്ചിരിക്കുകയാണല്ലോ. യുത്തൻമാർ മാത്രമല്ല കളും മുതിർന്നവരും ട്രോളുകളുടെ ആരാധകരായി മാറിക്കഴിഞ്ഞ

ട്രോളർമാർക്ക് അവരുടേതായ ഭാഷാ പ്രയോഗങ്ങളു പൊതുവായി വരുന്നത് സംഘികൾ, സുഡാപ്പികൾ, കമ്മി, കൊ അച്ചായൻസ്. ഇപ്പോൾ മനസ്സിലായികാണുമല്ലോ ട്രോളർ ഭീകരൻമാരാണെന്ന്. ഇതു മാത്രമല്ല രാഷ്ട്രീയ നേതാക്കൻമാരെ ട്രോളർമാർ ചുരുക്കി വിളിക്കാറുണ്ട്. നമോ (നരേന്ദ്രമോഡി), (കെ. സുരേന്ദ്രൻ), വിഷകല (ശശികല), ചിറ്റപ്പൻ (ജയരാജ എന്നിവരാണ് ട്രോളർമാരുടെ പ്രധാന ഇരകൾ.

സമകാലീന വിഷയങ്ങളെ നർമ്മത്തിന്റെ ചേരുവയോ സിനിമയിലെ ചില സീനുകൾ കുട്ടിച്ചേർക്കുന്ന ചിത്രണം മൈമുകളിൽ എഡിറ്റ് ചെയ്ത് എടുക്കുന്നവയെയാണ് പൊതു സോഷ്യൽ മീഡിയകളിൽ ട്രോളുകൾ എന്ന് വിളിക്കുന്ന ചുരുക്കിപ്പറഞ്ഞാൽ ഏതെങ്കിലും സിനിമയുടെ ഡയലോഗിൽ മാ വരുത്തുന്നു എന്ന് തന്നെ പറയാം.

കള്ളപ്പണം തടയുന്നതിനും അത് തിരിച്ച് പിടിക്കുന്നതിന് വേണ്ടിയാണ് നോട്ട് നിരോധനം നടപ്പിലാക്കിയത് എന്നതായിരുന്ന പ്രധാന വാദം. എന്നാൽ പുതിയ നോട്ടുകൾ ഇറക്കി മണിക്കൂ കൾക്കകം പുതിയ നോട്ടുകളുടെ കള്ളനോട്ട് ഇറങ്ങിയതും ഇ വാദം പൊളിഞ്ഞു തരിപ്പണമായി. കുടാതെ കള്ളപ്പണക്കാരേക്കാ ദുരിതമനുഭവിക്കേണ്ടി വന്നത് സാധാരണക്കാരായ ജനങ്ങള എന്ന ചോദ്യമാണ് ട്രോളർമാരും മറ്റു വിമർശകരും ഉന്നയിച്ച കൃത്യമായ തയ്യാറെടുപ്പുകളോടെയാണ് നോട്ട് നിരോധനം ഏർപ്പെ ടുത്തിയത് എന്നതായിരുന്നു മറ്റൊരു വാദം. എന്നാൽ നോട്ട് പിൻവ ലിച്ച് ഓരോ ദിവസം കഴിയുന്തോറും ചില്ലറ ക്ഷാമം രൂക്ഷമാ തോടെ തയ്യാറെടുപ്പുകൾ എത്രത്തോളം ആയിരുന്നുവെന്ന് പരിഹാ സ്യരൂപത്തോടെ ട്രോളുകയാണ് ചെയ്തത്. കമ്മ്യൂണിസ്റ്റ്കാർ എ എമ്മുകൾ കാലിയാക്കുകയാണ് എന്ന ബി.ജെ.പി. സെൽ തലവന്റെ





പരാമർശവും സോഷ്യൽ മീഡിയയിൽ ട്രോളുകകൾ വഴിയൊരുക്കുന്നതിന് മറ്റൊരു കാരണമായി എന്ന് പറയാതെ വയ്യ.

ട്രോൾ മലയാളം, ഐസിയു അടക്കമുള്ള ഫേസ്ബുക്ക് ഗ്രൂപ്പുകളാണ് പ്രധാനമായും നോട്ട് നിരോ
ധനത്തെപ്പറ്റി ട്രോളുകൾ ഇറക്കിയത്. നിരോധനം കൊണ്ട് വിലപോയ മുന്തിയ നോട്ടുകളായ 1000, 500
എന്നിവയും വില കുടിയ 100, 50, 20, 10 നോട്ടുകളും വച്ചുള്ള ട്രോളുകളും ചില സംഘപരിവാർ പ്രവർത്ത
കർ വ്യാപകമായി പ്രചരിപ്പിച്ച ചിപ്പ് ഘടിപ്പിച്ച പുതിയ 2000 രൂപയുടെ നോട്ടും ട്രോളുകൾക്കിരയായി.

നോട്ടു ട്രോളുകൾക്ക് കെ. എം. മാണിയും കെ. ബാബുവുമൊക്കെയാണ് പ്രധാനമായും ഇരകളാ
യത്. കാർട്ടൂൺ ചിത്രങ്ങളുടെ അകമ്പടിയോടെ ചതിച്ചതാ, മോഡി ചതിച്ചതാ എന്ന വാചകമാണുള്ളത്.
ഇനിമുതൽ കൈക്കൂലി 2000 രൂപയാക്കണമെന്നും ട്രോളർമാർ പരിഹസിക്കുന്നു.

നോട്ട് നിരോധനത്തിൽ ബാങ്കിലെ നോട്ട് മാറ്റം സീനിയർ സിറ്റിസണ് മാത്രമായി പരിമിതപ്പെടുത്തിയ
പ്പോൾ ട്രോൾ ചെയ്യപ്പെട്ടത് മമ്മൂട്ടിയായിരുന്നു. ബാങ്കിൽ നോട്ട് മാറാൻ നിൽക്കുന്നവരുടെ കുട്ടത്തിൽ
മമ്മൂട്ടിയും ഉണ്ടത്രേ. എന്നാൽ അങ്ങനെ ഒരു സംഭവമേ ഉണ്ടായിട്ടില്ല. എന്നാൽ ട്രോളർമാർ സങ്കല്പിച്ചു
ട്രോൾ ചെയ്യുകയാണ്. ബാങ്കിലെ ക്യൂവിനെ ബിവറേജസിലെയും സിനിമാ തിയേറ്ററിലേയും ക്യൂവിനോട്
ഉപമിച്ച ലാലേട്ടനും കിട്ടി ട്രോളർമാരുടെ വക ഒന്നൊന്നര ട്രോളുകൾ. അതിർത്തിയിലെ പട്ടാളക്കാരെ
ഓർത്ത് കപടരാജ്യസ്നേഹം പ്രകടിപ്പിച്ച സംഘപരിവാർ പ്രവർത്തകർക്കും കിട്ടി ട്രോളേഴ്സിന്റെ വക ഒരു
ലോഡ് പൊങ്കാല.

ട്രോളുകളിൽ പരിഹാസം മാത്രമല്ല സാമൂഹ്യമാധ്യമങ്ങളിൽ നിറയുന്നത്, പുതിയ നോട്ടിന്റെ ചിത്ര
ങ്ങളും വിവരങ്ങളുമായി അറിവ് കൈമാറുന്നുമുണ്ട് സമുഹ സൈറ്റുകൾ. ട്രോൾ ഒരു കലയല്ല,
ഒരൊന്നൊന്നര കലയാണ് എന്ന് നോട്ട് നിരോധനത്തിലൂടെ കാണിച്ചു തന്നു.

## ദശസൂര്യസമാമാത



ബ്രദർ ജെയിംസ് ബിനു ചാക്കോ
LS4

കരുണയുടെ തൃക്കണ്ണുള്ളവളേ
അപരന്റെ നോവറിയുന്നവളേ
മധുവൂറും നിൻ കാരുണ്യമെല്ലാം
എവിടെ നീ ഒളിപ്പിച്ചു.

എൻ ഇഹലോകദിനങ്ങൾ
ആയുസ്സിൽ നിന്ന് കടം കൊണ്ടതല്ലേ
എൻ പരലോക ലക്ഷ്യം നിൻ
വിരൽത്തുമ്പിലുരുണ്ട മണിമുത്തുകളല്ലേ?

അകലെയായിരിക്കുമ്പോൾ മിഴികൾ
നിറയ്ക്കുന്ന ഓർമ്മകൾ
അരികെയായിരിക്കുമ്പോൾ മനഃശാന്തി
ഇത് ഉൽപ്പത്തിയല്ലമ്മേ തത്വമസി തന്നെ

ഏതു കാതും കേൾക്കാൻ
കൊതിക്കുന്ന പ്രേമകാവ്യമേ
ഏതു പിണച്ചും വായിച്ചെടുക്കുന്ന
വേദഗ്രന്ഥമേ
എന്നെ ഊട്ടാനായ് ഉണ്ണാൻ മറന്നവളേ
എന്നെ ചിരിപ്പിക്കാനായ് കോമാളിയായവളേ

വല്ലായ്മ ഇല്ലായ്മയെന്നറിഞ്ഞാൽ
ചാരത്തു ചേർത്തു പിടിക്കുന്ന സ്നേഹമേ
നിൻ ചെടികളിൽ എൻ പുണ്യയാമം വിരിയുമ്പോൾ
എൻ ഹൃദയനോവുകൾ എവിടെയോ മറയുന്നു.



ബിബിന വിമല ബാബു, ZS6



# BEING HAPPY

Everyone wants to be happy. Happiness measures the quality of the life we live. We may be in good or bad circumstances, b... we can be happy and lively. But how can we achieve this happiness and what is real happiness? Most of the people a... unaware what is actually meant by the so called word 'happiness'.

There are three basic principles which we can follow to be happy in our life:

- We live the feeling of our thinking.

  As William Shakespeare wrote, "Nothing is either good or bad but thinking making it so".

  Being happy starts with the realization that you are both the source and cause of your own well being. We never get t... experience the world as it really is; we only get to experience our thoughts about the world. Happiness is no... something that should come from outside. It should come from our inside. Even when it look as though you... circumstances, are resposible for your happiness, that is never true. Your thoughts are the root of your emotions. Ju... get curious and ask yourself, "If I was not thinking like this how different might I feel?

- Everything is good inside.

  We walk with two versions of ourselves. One is unconditioned self which is innocent, flawless and untouched by an... trauma, criticism or injustice we may have faced in our life. The other one is our more learned self, more commonl... known as the ego.

  The primary role of the ego is to separate you from the truth of who you really are a human being who is alread... complete, whole and mentally and spiritually healthy. The ego believes that happiness is attained through materi... success, achievement, striving, earning and deserving.

  But your unconditioned self is the much wiser you. It already knows that you are what you seek; that real happiness i... what naturally happens when you dare to show up unedited. All the happiness you have been looking for outside o... you can finally be yours when you stop chasing and start choosing.

- Our relationship with ourselves determines our relationship with everyone else.

  It is said that, "No amount of self-improvement can make up for lack of self-acceptance". Don't try make ourselve... better with more qualities merely to present to the world. Treat ourselves with kindness and compassion, we will star... feeling better.

  The more we are willing to love ourselves, in all our messy glory, the less we will go searching for happiness in the wrong places. If comfort ourselves with self-love, we will no longer need to find comfort through external fixes.

  Forgiveness is the key. Start by forgiving yourself for all the times you've allowed your ego block your joy.

  So to be happy, love yourselves, love others and let these love come from within. There is no better way to be happy in this life. So stay happy and healthy.



# ഇരുപത്തൊന്നാം നൂറ്റാണ്ടിലെ സ്ത്രീ



ആവണി ജയൻ, LS4

ശാസ്ത്രസാങ്കേതിക മേഖലകളിൽ നാം കൈവരിച്ച നേട്ടങ്ങൾ വിലമതിക്കപ്പെട്ടവയാണ്. കാലം മാറുന്നതിനോടൊപ്പം കോലം മാറണം എന്ന ചൊല്ല് ഇവിടെ അന്വർത്ഥമാകുന്നു. ഇന്ന് മാനവികതയിൽ നിന്നും യാന്ത്രികതയിലേയ്ക്കുള്ള ഒരു പരിണാമത്തിന് നാം സാക്ഷികളാകുന്നു. ഈ ഹൈടെക് യുഗത്തിൽ പുരോഗതിയുടെ മൂർദ്ധന്യത്തിൽ എത്തി നിൽക്കുമ്പോഴും സംസ്ക്കാരസമ്പന്നരെന്ന് സ്വയം അഭിമാനിക്കുമ്പോഴും ഓർക്കുക. ലൗകികതയ്ക്ക് പ്രാധാന്യം കൊടുക്കുന്ന മനുഷ്യൻ കരകയറാത്ത അന്ധതയുടെ പടുകുഴിയിൽ അകപ്പെട്ടിരിക്കുന്നു.

പുരുഷനും സ്ത്രീയും തുല്യരാണ് എന്ന പ്രപഞ്ച സത്യത്തെ മനസ്സിലാക്കാൻ തയ്യാറാകാത്ത മൂഢരായ ഒരു പുരുഷ സമൂഹം ഇന്ന് ഉയർന്നു വന്നിരിക്കുന്നു എന്നത് വേദനാജനകമായ കാര്യം തന്നെയാണ്. ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ സ്ത്രീ ഉയർച്ചയുടെ പടവുകൾ താണ്ടുന്നു. എന്നാൽ അടിച്ചമർത്തപ്പെടുന്നവരുമുണ്ട്.


സർവ്വംസഹയാണ് സ്ത്രീയെന്ന് പുരാണങ്ങളിൽ പറഞ്ഞുവച്ചിരിക്കുന്നു. അതെ, അവൾ ഒരു പരിധി വരെ അങ്ങനെയാണ്. എന്നാൽ, അവൾക്കും ഒരു മനസ്സുണ്ട്, ഉയരങ്ങളിൽ എത്തിച്ചേരണം എന്ന സ്വപ്നമുണ്ട്. അവൾ ആഗ്രഹിക്കുന്നത് സ്നേഹവും കരുതലുമാണ്. സ്വന്തം കുടുംബത്തിനുവേണ്ടി സ്വപ്നങ്ങളെ മറക്കുവാൻ അവൾ തയ്യാറാണ്. എന്നാൽ അങ്ങനെയുള്ള സ്ത്രീയെ ത്യാഗിനി എന്ന പേരിൽ അടിച്ചമർത്തുകയും ചെയ്യുന്നു. ഒരു പെൺകുഞ്ഞ് ഭൂമിയിൽ പിറന്നുവീഴുമ്പോൾ ആ കുഞ്ഞിന്റെ അച്ഛനമ്മമാർ അവളുടെ നല്ല ഭാവിക്കുവേണ്ടി സമ്പാദിക്കുവാൻ ആരംഭിക്കുന്നു. വളർന്നുവരുന്ന ആ കുഞ്ഞിലെ സ്ത്രീത്വത്തെ ഉണർത്തുവാൻ അമ്മയ്ക്കു കഴിയുന്നു. എന്നാൽ തന്റെ സ്വപ്നങ്ങൾക്കു ചിറകു നൽകുവാൻ കൊതിക്കുന്ന അവളെ ഇല്ലായ്മ ചെയ്യുവാൻ മുഖംമൂടിയണിഞ്ഞ നരാധമന്മാർ നമുക്കുചുറ്റും കഴുകൻ കണ്ണുകളുമായി കാത്തിരിക്കുന്നു എന്നത് വേദനാജനകമാണ്.

അമ്മയെയും പെങ്ങളെയും തിരിച്ചറിയാൻ കഴിയാത്തവർ ചുറ്റുമുള്ളപ്പോൾ നാം ഭയപ്പെടണം. എല്ലാ പുരുഷന്മാരെയും ഒരേ കണ്ണിൽ വീക്ഷിക്കുവാൻ സാധ്യമല്ല. എന്നാൽ ചില ഞരമ്പുരോഗികളും അവർക്കിടയിൽ ഉണ്ട് എന്നത് പുരുഷസമൂഹത്തിന് അപമാനം തന്നെയാണ്.

മാനുഷികമൂല്യങ്ങൾക്ക് പ്രാധാന്യം നഷ്ടപ്പെടുന്നു. സ്നേഹബന്ധങ്ങൾക്ക്, വിശ്വാസത്തിന് കോട്ടം സംഭവിക്കുന്നു. എങ്ങനെ ഈ സമൂഹത്തിൽ ഒരു സ്ത്രീ ജീവിക്കും? അവൾക്ക് സ്വാതന്ത്ര്യം നഷ്ടപ്പെട്ടിരിക്കുന്നു. രാത്രിയേയും പകലിനേയും അവൾ ഒരുപോലെ ഭയക്കുന്നു. വൃദ്ധർക്കുപോലും സമാധാനമില്ലാത്ത ഒരു സ്ഥിതി എങ്ങനെ അംഗീകരിക്കാൻ കഴിയും.

സ്ത്രീകൾക്കുവേണ്ടി സ്ത്രീ സംരക്ഷണസമിതികൾ ഇന്ന് സജീവമാണ്. എന്നാൽ ഒരു പ്രശ്നമുണ്ടായിട്ട് അത് ചർച്ച ചെയ്യുന്നതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്? പ്രശ്നങ്ങൾക്കു കാരണക്കാരായവരെ ശിക്ഷിക്കാൻ നിയമപാലകർക്ക് കഴിയണം. നീചന്മാർക്ക് ഒരു പരിഗണനയും നൽകരുത്. അവർ മനുഷ്യരല്ല. ആയിരുന്നുവെങ്കിൽ അവർക്ക് ഒരിക്കലും ഇത്രമേൽ ക്രൂരമായി ചിന്തിക്കാൻ കഴിയുമായിരുന്നില്ല.

സുരക്ഷിതമായ ഭാവിജീവിതത്തെക്കുറിച്ച് ഓർത്ത് വ്യാകുലപ്പെടുന്ന പെൺകുട്ടികൾ ഒന്നോർക്കുക. കാലം എത്ര തന്നെ മാറിയാലും, പുരോഗതികൾ കൈവരിച്ചാലും, സ്ത്രീകളുടെ ജീവിതം ഞാണിന്മേൽ കളിപോലെയാണ്. ദൈവാനുഗ്രഹം ഉണ്ടെങ്കിൽ മാത്രമേ വിജയിക്കാനാവുകയുള്ളൂ. സ്മാർട്ട് ഫോണും ബൈക്കും ഫ്രണ്ട്സും മാത്രമല്ല ജീവിതം. നാം നമ്മെ തിരിച്ചറിയണം. പ്രായത്തിനനുസരിച്ചുള്ള പക്വത കാട്ടണം. കൊള്ളേണ്ടതിനെ കൊള്ളാനും തള്ളേണ്ടതിനെ തള്ളാനും നാം പ്രാപ്തരാകണം.



# ഒറ്റ സപ്ലി വിപ്ലവം



വിഷ്ണു സോമരാജൻ, KS4

3-ാം സെമസ്റ്റർ ഫലം വന്നിരിക്കുന്നു, എന്ന വാർത്ത
കേട്ടപ്പോൾ മുതൽ കോളേജ് ലൈബ്രറിയിലെ കമ്പ്യൂട്ട
റിന് മുന്നിലാണ്. ആദ്യം സേർവർ തകരാറിലാണ് എന്ന്
കാണിച്ചു പിന്നീട്, ഒന്നുകൂടെ ടൈപ്പ് ചെയ്ത്, 'എന്റർ'
കീ അടിച്ചു. അപ്പോൾ ഒരു പുതിയ താൾ തെളിഞ്ഞു
വന്നു.

റിസൽട്ട് നോക്കി......

ആറ് വിഷയത്തിൽ ഒന്നിന് ചുവപ്പുനിറം
തെളിഞ്ഞുനിന്നു-Failed. കണ്ണുകൾ ഇരുണ്ടു. ആ
പതിഞ്ഞ മുഖത്ത് മഴക്കാറുകൾ തളം കെട്ടി... എന്നിങ്ങ
നെ ആരും വിചാരിക്കരുത്. ആ പതിഞ്ഞ മുഖം വരണ്ട
ഭൂമികയായിത്തന്നെ നിലനിന്നു. എങ്കിലും ഉള്ളിന്റെ
യുള്ളിൽ ജയിക്കുമെന്നൊരു തോന്നൽ മുളപൊട്ടിയ
പ്പോഴേ പറിച്ചെറിഞ്ഞപ്പോൾ ഒരു വിഷമം......

സെമസ്റ്റർ സപ്ലികൾ ഒരലങ്കാരമായി കൊണ്ടു
നടക്കുന്ന സുഹൃത്തുക്കളുടെ ഇടയിൽ താനൊരു അപ
ശകുനമാണ്.....

അവരുടെയത്രയും തോൽവികൾ തനിക്കില്ല.
അവൻ ആലോചിച്ചു.....

ഉന്നതവിജയം നേടാനുള്ള സാഹചര്യം
ഉണ്ടായിരുന്നോ? 'വിജയിക്കാനുള്ളത് തീർച്ചയായും
ഉണ്ടായിരുന്നു.' ചെറുതെങ്കിലും അത്ര തരക്കേടില്ലാത്ത
വിജയം. പക്ഷേ, ഇവിടെ കാര്യങ്ങളെല്ലാം മാറിയിരിക്കു
ന്നു. ആ ഒറ്റ പേപ്പർ തന്നെ പരാജയത്തിന്റെ സമുദ്രത്തി
ലേക്ക് വലിച്ചുകൊണ്ടുപോയിരിക്കുന്നു. ഇത്തരമൊരു
പരാജയത്തെ ആദ്യമായല്ല കണ്ടുമുട്ടുന്നത്. ജീവിച്ചു
എന്നതിന് 20 വർഷം തികയുന്നതിന്റെ എല്ലാ സുപ്രധാന
സന്ധികളിലും തോൽവികൾ മുന്നിൽ വന്നുനിന്നിട്ടുണ്ട്.

3-ാംതരം വരെയും എല്ലാത്തിനും മുഴുവൻ
മാർക്കും നേടിയിരുന്നതിന്റെ നിറമുള്ള ഓർമ്മകൾ ശില
യായി മനസ്സിൽ കിടക്കുന്നു. പിന്നീടങ്ങോട്ട് കുത്തനെ
താഴെപ്പോവുകയായിരുന്നില്ല....പതിയെപ്പതിയെ പിറ
കിൽ ആവുകയായിരുന്നു. അപ്പോഴുണ്ടായ തോൽവി
കൾ എല്ലാം ശാശ്വതമായിരുന്നു. ഒന്നല്ലെങ്കിൽ മറ്റൊ
ന്നിൽ ശരാശരി വിജയം നേടിക്കൊണ്ടിരുന്നു.

അങ്ങനെ ഒരു വിധം ഡിഗ്രി വരെയെത്തി. ആദ്യ
രണ്ടു സെമസ്റ്ററുകൾ ആരേയും ബുദ്ധിമുട്ടിക്കാതെ കട
ന്നുകൂടി. കൂട്ടുകാരും അങ്ങനെയൊക്കെയായിരുന്നു.
ചിലർക്ക് ഒന്നോ രണ്ടോ വിഷയങ്ങൾ കിട്ടിയില്ല. അങ്ങ
നെയിരിക്കുമ്പോഴാണ് ഈ 3-ാം സെമസ്റ്റർ ഒരു
ദുഃസ്വപ്നം പോലെയിന്ന് നിസ്സഹായതയുടെ മഞ്ചവു
മായി മുന്നിൽ വന്നു നിൽക്കുന്നത്...കർണനെയും,
നെപ്പോളിയനെയും, ഭഗത്സിംഗിനെയും ആത്മസുഹൃ
ത്തുക്കളാക്കി പലരും ഫേസ്ബുക്കിൽ ആഘോഷങ്ങൾ
തുടങ്ങികാണും.......

ഒന്നോർത്തുനോക്കുമ്പോൾ ശരിയാണ് 'ചെറിയ
തോൽവി ഒന്നിന്റെയും അവസാനമല്ല. എങ്കിലും
കലാലയത്തിനപ്പുറത്തേക്ക് ഒരു സമൂഹമുണ്ട്.....
അവർക്ക് കർണനെ അറിയണ്ടാ.....

ഭഗത്സിങ് ആരുമല്ല.....

അവർക്കാവശ്യം തന്റെ വിധിയെയാണ്....തന്റെ ക
യത്തിലെ പൂർവ്വികന്മാർ മുമ്പേ പോയ വഴിച്ചാലു
നേരിട്ട അതേ ചോദ്യശരങ്ങൾ ഇനി തന്റെ നേ
പാഞ്ഞടുക്കും...... അവയെല്ലാം എങ്ങനെയും ത
ചെയ്യാം.... പക്ഷേ, സ്വന്തം മനഃസ്സാക്ഷിയെ ഒരി
തോൽവിയുടെ ന്യായീകരണ വചനങ്ങൾ
അഭിഷേകം ചെയ്യാൻ കഴിയില്ല....ഇതു പരാജയം
യാണ്..

അധികനേരം അവിടെ നിൽക്കുവാൻ
യില്ല. കമ്പ്യൂട്ടർ ഓഫ് ചെയ്ത് ലൈബ്രറിയിൽ ന
ങ്ങി. ആരേയും മുന്നിൽ കണ്ടുമുട്ടല്ലേയെന്ന് മനസ്സ്
ച്ചു. എന്നാൽ ആഗ്രഹങ്ങൾ കോർത്തിണക്കിയ
കൾ പൊട്ടുന്നത് ക്ഷണനേരത്തിലാണല്ലോ... കൃഷ്ണ
മാർ സാർ തന്റെ മുന്നിലേക്ക് നടന്നുവരു
അദ്ദേഹത്തിന് മുന്നിൽ കൃത്രിമമായൊരുചിരി മു
ക്കൊണ്ടുവരുന്നതിലെങ്കിലും ഞാൻ വിജയിച്ചു.....

സാർ ചോദിച്ചു.

'റിസൽറ്റ് എങ്ങനെയുണ്ട്?

ഇനിയൊന്നും ഒളിക്കേണ്ടതില്ല. ഞാൻ ഉത്തരം ന
'ഒരു വിഷയത്തിന് പോയി സാർ'

നീരസം ഭാവിക്കുന്ന ഒരു നോട്ടത്തെ പ്രതീക്ഷിച്ച
യ്ക്ക് സാർ നൽകിയത് അനുകമ്പാപൂർണമായ
ചിരിയാണ്. ആ ചിരിയ്ക്കപ്പുറം സംസാരം നീള
എന്തിലേക്കാണെന്ന് ഞാൻ ഊഹിച്ചു. 'പഠിക്കേണ്ട
ത്ത്...''അല്ലേലും നിനക്കൊക്കെ.....''നാണമില്ലേ
തോറ്റു എന്നു പറയാൻ...'എന്നാൽ സാർ പറ
'അതിനി നടക്കുമെന്ന് തോന്നണില്ല. എല്ലാത്തിനും
ക്കുമെന്നൊരു പ്രതീക്ഷയുണ്ടാർന്നു.... പലരും
പ്ലസ്സും മികച്ച വിജയവും നേടണമെന്ന് പ്രാർത്ഥ
മ്പോൾ ഞാൻ മാത്രം ഒരു ശരാശരി വിജയം ആഗ്ര
രുന്നു.

എന്നാലോ....ഇപ്പോൾ തോൽക്കുകയും ചെയ്തു......
സാർ എല്ലാം കേട്ടുനിന്നു, എന്നിട്ട് ചോദിച്ചു....
'നീ എം. എൻ. വിജയൻ മാഷിനെക്കുറിച്ച് കേട്ടിട്ടുണ്ടോ
ഞാനാകെ കേട്ടിട്ടുള്ള വിജയൻ 'പിണറായി വിജ
ആണ്.

സാർ തുടർന്നു....

'എന്നാൽ നീ കേൾക്കേണ്ട ഒരാളാണ് അദ്ദേഹം.....മ





ളത്തിലെ എക്കാലത്തെയും മികച്ചയൊരു ചിന്തകനായി
രുന്നു എം. എൻ. വിജയൻ മാഷ്. പ്രഭാഷണമായിരുന്നു
തട്ടകം. പരീക്ഷയിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥി
കളെ അനുമോദിക്കാൻ കൂടിയ ചടങ്ങിൽ അദ്ദേഹം നട
ത്തിയ ഒരു പ്രസംഗം ഉണ്ട്...

ഞാനതിന്നും ഓർക്കുന്നു.

'ഇവിടെ കുട്ടികൾ സമ്മാനം വാങ്ങാൻ വന്നിരിക്കുന്നു,
പക്ഷേ, സമ്മാനം വാങ്ങാൻ കഴിയാത്ത കുട്ടികൾ
എവിടെയൊക്കെയോ ഉണ്ട്. ഇവിടെ വരാത്ത, പത്രങ്ങ
ളാൽ വേട്ടയാടപ്പെടാത്ത കുട്ടികളുണ്ട്. കളർ ചിത്രങ്ങളാ
യിത്തീരാൻ സാധിക്കാതെ പോകുന്ന കുട്ടികളുണ്ട്, ഇത്
വെളിച്ചത്തിന്റെ മറുപുറമാണ്.

ഇവിടെ എന്തുണ്ട് എന്നു മാത്രമല്ല, എന്തില്ല
എന്നതുകൂടി ചിന്താവിഷയമായി തീരേണ്ടതുണ്ട്. ജയിച്ച
വരെ കാണുമ്പോൾ തോറ്റവരെവിടെ എന്ന അന്വേഷണം
നമ്മുടെ സമൂഹത്തിൽ പ്രസക്തമായി തീരേണ്ടതുണ്ട്.
ഞാൻ ജോലി ചെയ്തിരുന്ന ബ്രണ്ണൻ കോളേജിൽ
ജോലിക്കപേക്ഷിക്കുകയും വേണ്ടത്ര വിവരമില്ല എന്ന
പേരിൽ ജോലി ലഭിക്കാതെ പോവുകയും ചെയ്ത
മണ്ടനാണ് ചങ്ങമ്പുഴ.

പക്ഷെ, അദ്ദേഹത്തിന്റെ മരണശേഷം അതേ കോ
ളേജിൽ ജോലി ചെയ്ത പലരും ഇതേ ചങ്ങമ്പുഴയെപ്പറ്റി
തീസിസ്സ് എഴുതി ഡോക്ടറേറ്റ് നേടി എന്നതാണ് കാല
ത്തിന്റെ പ്രതികാരം. ഗാന്ധിജി എല്ലാ ക്ലാസ്സുകളിലും
ഒന്നാമനായിരുന്നില്ല.....ഐൻസ്റ്റീനും എല്ലാ ക്ലാസ്സുകളി
ലും ഒന്നാമനായിരുന്നില്ല. SSLC മുതൽ എഴുതിയ എല്ലാ
പരീക്ഷകളും തോറ്റ വ്യക്തിയാണ് ഇടപ്പള്ളി രാഘ
വൻപിള്ള.

ഇത് പരാജയപ്പെടുന്നവരുടെ ലോകം കൂടിയാണ്.

ജയിച്ചു വരുന്ന വിദ്യാർത്ഥികൾക്കൊപ്പം തന്നെ
ജീവിതത്തിൽ പരാജയം സംഭവിക്കുന്നവരെക്കൊണ്ടും
നിറയുന്ന ലോകമാണിതെന്നും.......അവർ ലോകത്തിന്
ജയിക്കുന്നവരെപ്പോലെ തന്നെ ആവശ്യമായ ഒരു ഉപക
രണമാണെന്ന ബോധം നമുക്കുണ്ടാവണം....

ഇത്രയും വിശദീകരിച്ചിട്ട് കൃഷ്ണകുമാർ സാർ
തുടർന്നു, 'അതുകൊണ്ട് ഈ ഒരു തോൽവി നിന്റെ വലി
യൊരു പരാജയമാണെന്ന് കരുതരുത്..........പരിശ്രമി
ക്കുക....നിന്റെ പ്രവർത്തികൾ നിന്നെ ലക്ഷ്യത്തിലെ
ത്തിക്കും.....'

സാർ നടന്നകന്നു....

എനിക്ക് ഒരു വെളിപാട് ഉണ്ടായി. 'എഴുതിയെടുക്കാ
വുന്ന സപ്ലികളെ എനിക്കുമുള്ളൂ.....'

എല്ലാവർക്കും അങ്ങനെ തന്നെ.....

# അനുഭവങ്ങൾ



അശ്വിനി സോമൻ
NSS വോളണ്ടിയർ

സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കുമ്പോഴാണ് ജീവിതം അർത്ഥപൂർണ്ണമാകുന്നത്. എന്റെ
സ്വപ്നങ്ങൾക്ക് ചിറകു നൽകിയത് നാഷണൽ സർവ്വീസ് സ്കീം എന്ന ഞങ്ങളുടെ കൂട്ടായ്മ
യാണ് ആർ.ഡി. ക്യാമ്പിലേക്ക് ഞാൻ ചുവടുവച്ചപ്പോൾ ഈ കൂട്ടായ്മയോടുള്ള എന്റെ
സ്നേഹം അതിന്റെ പാരമത്യയിലെത്തിയിരുന്നു. ഇത്തവണത്തെ പ്രീ.ആർ.ഡി. സെലക്ഷൻ
ക്യാമ്പ് നടന്നത് ചെന്നൈയിൽ വച്ചായിരുന്നു. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ
നാനാഭാഗങ്ങളിൽ നിന്നെത്തിയ ഞങ്ങൾ അൻപത്തിയാറ് NSS വോളണ്ടിയേഴ്സിനും രണ്ട്
അദ്ധ്യാപകർക്കുമൊപ്പമുള്ള അവിടേക്കുള്ള യാത്ര വിജ്ഞാനപ്രദവും ആഹ്ളാദകരവുമായിരുന്നു. ആകാംക്ഷ നിറ
ഞ്ഞതായിരുന്നു ചെന്നൈയിലെ നിമിഷങ്ങൾ. സൂര്യഭഗവാൻ കിഴക്കിനെ പുണർന്നപ്പോൾ ഞങ്ങളുടെയുള്ളിൽ
ക്യാമ്പിന്റെ ആദ്യദിനത്തെക്കുറിച്ചുള്ള പ്രതീക്ഷകളുടെ തിരയിളക്കമായിരുന്നു. ക്യാമ്പിലെ ചിട്ടയും രീതികളും രാവിലെ
യുള്ള വ്യായാമമുറകളും എന്നിൽ കൂടുതൽ ഉണർവ്വേകി. ക്യാമ്പിൽ കൂടുതൽ സമയവും പരേഡിനായാണ് നീക്കി വച്ചി
രുന്നത്. ഇടയ്ക്ക് കിട്ടുന്ന വിശ്രമവേളകളും മറ്റും കൂടുതൽ കൂടുതൽ സൗഹൃദങ്ങൾ എനിക്ക് സമ്മാനിച്ചു. മറ്റു ഭാഷക
ളോടും മറുനാടൻ സംസ്കാരത്തോടും ഇഴുകി ചേരാനുള്ള അവസരം കൂടിയാണ് ഈ ക്യാമ്പ് എനിക്ക് നൽകിയത്.
വൈകുന്നേരങ്ങളിലെ കലാസന്ധ്യയാണ് ഏവരേയും ഏറ്റവുമധികം ആകർഷിച്ചത്. ഓരോ നാടിന്റെയും തനിമയും
സംസ്ക്കാരവും ഉയർത്തിക്കാട്ടുംവിധമുള്ള കലാപരിപാടികളാണ് വേദിയിൽ അരങ്ങേറിയത്. ഓരോ ദിനവും ചെന്നൈ
യുടെ ആത്മാവിനെ തൊട്ടാണ് കടന്നുപോയത്. പത്തു ദിവസങ്ങൾ പത്തുമണിക്കൂർ പോലെയാണ് കടന്നുപോയത്.
മനുഷ്യമനസ്സുകളെ അതിശക്തമായി ബന്ധിപ്പിക്കാൻ ഊർജ്ജസ്വലമായ ഈ പത്തുദിനങ്ങൾ ധാരാളമാണെന്ന് ഞാൻ
മനസ്സിലാക്കി. ആ നല്ല നാളുകളുടെ ഓർമ്മയിൽ മുഴുകുമ്പോഴും ഞാൻ മനസ്സിലാക്കുന്നു, സമയം അത് ആർക്കുവേ
ണ്ടിയും കാത്തുനിൽക്കുന്നില്ല. ഓരോ നിമിഷവും ചരിത്രത്തിന്റെ ഭാഗമാവുകയാണ്. ഇത്തരം നല്ല അനുഭവങ്ങളുടെ
നിറച്ചാർത്താകണം നാമോരോരുത്തരുടേയും ജീവിതം.

# Social Protests Through Cyber Space



Neenu Jose, MS4

A notable feature of recent public engagement with the cyber space is its use by a wide range of activists and groups in social and political protests. Often we tag line the term cyberspace with all the bad endeavours happening through internet. Lot more than cyberspace, we have heard the term 'cybercrimes'. The youngsters nowadays express their keen interests regarding the socially relevant issues through cyberspace.

Social media is not altogether deprived of mortality. Still, there are many programmes tele casted by one television channels. Often social media's influence depends on how we use it as an integrated web. This integration could turn into a curse as well as a boon.

Jisha Murder Case is an excellent example of how the social protests have aroused mass movements. Many, young dedicated ones came forward to fight for Jisha through cyber space. Several blogs and write ups also came forward. Justice For Jisha had been their aim. Following this mass mobility several acts were taken against the culprits. This is not an isolated example.

Demonitisation had its own effects on each and every Indian. This unexpected move which aimed to curtail the flow of black money in the Indian market changed our economy as a whole. Widespread protests against this action by the government have appeared through cyberspace.

Months back, a newspaper headline noting down the cruel rape attempt against a renowned Molly wood actress invited widespread protests through cyberspace. Although the responses were high since she was a celebrity it is evident that the protests have forced the authorities to take quick and appropriate actions.

As a whole, cyberspace has given new strength to social activism and in the process have laid the path for a new form of government. Cyberspace is no more to be considered a bad word in the lexicon. Note down how many hours we spend on social media try to use it, keeping in mind the fact that we are responsible citizens of the country. Try to use it appropriately . Its effect depend on how we, the users use it. So we should continue our social activities and perpetuate a healthy use of cyberspace.






# മിനിമം ഇൻവെസ്റ്റ്മെന്റ് മാക്സിമം ബെനഫിറ്റ്



പ്രിയ സുകുമാരൻ, ZS4

ലോകത്തിൽ വച്ച് ഏറ്റവും വിലപിടിപ്പുള്ളത് എന്താണെന്ന് ചോദിച്ചാൽ തീർച്ചയായും ഭിന്നാഭി
പ്രായമുണ്ടാകും. എന്നിരുന്നാലും, സമയം വളരെ വിലപ്പെട്ടതാണെന്ന് പറഞ്ഞാൽ അതിനോട് വിയോജി
പ്രായമുണ്ടാകും. എന്നിരുന്നാലും, സമയം വളരെ വിലപ്പെട്ടതാണെന്ന് പറഞ്ഞാൽ അതിനോട് വിയോജി
ക്കുവാൻ ആർക്കും സാധിക്കുകയില്ല. കാരണം, ഒരിക്കലും തിരിച്ചുകിട്ടില്ലാത്തതാണ് കടന്നുപോയ സമയം.

അൽപസമയത്തേക്ക് നിശബ്ദമായിരുന്ന് നമ്മിലേക്ക് തന്നെ തിരിയുക. നമ്മുടെ ഹൃദയസ്പന്ദനം
തിരിച്ചറിയുന്നില്ലേ? ഒരർത്ഥത്തിൽ പറഞ്ഞാൽ നമ്മിൽ നിന്നും പറന്നകലുന്ന നിമിഷങ്ങളുടെ ചിറകടി ശബ്ദ
മാണത്. അതെ ഇനിയൊരിക്കലും തിരികെ ലഭിക്കാനാവാത്തവിധം നമ്മിൽ നിന്ന് അകന്നകന്ന് പോകുന്ന
നിമിഷങ്ങൾ.

ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. ടൈം ഈസ് മണി. പക്ഷെ, സമയത്തെ പണത്തിനോടുപമിക്കുന്നത്
പൂർണമായും ശരിയല്ല. പണം നഷ്ടപ്പെട്ടാൽ നമുക്കത് ഏതെങ്കിലും തരത്തിൽ വീണ്ടെടുക്കാം. പക്ഷെ സമയ
ത്തിന്റെ കാര്യത്തിൽ അത് ഒരിക്കലും സാധിക്കുകയില്ലല്ലോ? നഷ്ടപ്പെട്ട സമയം എന്നന്നേയ്ക്കുമായ് നഷ്ട
പ്പെട്ടതുതന്നെ. ആർക്കും അത് വീണ്ടെടുക്കാൻ സാധിക്കുകയില്ല.

Every yesterday, a dream of happiness

And every tomorrow, a vision of hope

സമയത്തിന്റെ വിലയെക്കുറിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ള ഒരാൾ ഒരിക്കലും സമയം പാഴാക്കികളയുകയില്ല.
The future is brought by the present എന്ന ചൊല്ല് കേട്ടിട്ടുണ്ടായിരിക്കുമല്ലോ? നാളയെ വാങ്ങുവാൻ നമ്മൾ
ഇന്നിനെയാണ് കൊടുക്കേണ്ടിയിരിക്കുന്നത്. അതെ, നമ്മുടെ ഭാവി ആശ്രയിച്ചിരിക്കുന്നത് നാം ഇന്നിനെ
എങ്ങനെ വിനിയോഗിക്കുന്നു എന്നതിലാണ്.

സമയത്തിന്റെ അളവ് എല്ലാവർക്കും തുല്യമാണ്. ഒരു നിമിഷത്തിന്റെ പോലും കൂടുതലോ, കുറവോ
ആർക്കും ഉണ്ടാകാറില്ല. പക്ഷെ, ഈ നിമിഷങ്ങളെ നാം എങ്ങനെവിനിയോഗിക്കുന്നു എന്നതിന്റെ അടിസ്ഥാന
ത്തിലാണ് നമ്മുടെ ജീവിതവിജയം നിർണയിക്കപ്പെടുന്നത്. ബുദ്ധിമാന്മാർ കിട്ടുന്ന നിമിഷങ്ങളെ അനുഗ്രഹ
ങ്ങളാക്കി മാറ്റുമ്പോൾ വിഡ്ഢികൾ അതിനെ ശാപഗ്രസ്തമാക്കി മാറ്റുന്നു.

നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും നമ്മുടെ ആയുസ്സിന്റെ ഒരു ഭാഗമാണ്. ഈ നിമിഷങ്ങൾ
മിനിറ്റുകളായും മണിക്കൂറുകളായും ദിവസങ്ങളായും മാസങ്ങളായും വർഷങ്ങളായും വളരെവേഗം കടന്നു
പോകും. ഒന്നുകൂടി വ്യക്തമാക്കി പറഞ്ഞാൽ നാം കണ്ണടച്ചു തുറക്കുന്ന വേഗത്തിൽ അത് നമ്മെ പിരിഞ്ഞു
പോകും.

സമയം ശരിയായി ഉപയോഗിക്കുവാൻ നാം ചില കാര്യങ്ങൾ ശ്രദ്ധിക്കണം. ഒന്നാമത് ഇന്നത്തെ
ദിവസം എന്തൊക്കെയാണ് ചെയ്യേണ്ടതെന്ന് നേരത്തെ നന്നായി പ്ലാൻ ചെയ്യണം. ഏറ്റവും പ്രധാനപ്പെട്ട കാര്യ
ങ്ങൾക്ക് മുൻഗണനകൊടുക്കണം. ശരിയായ പ്ലാനിംഗ് ഉണ്ടെങ്കിൽ ഒരു നിമിഷംപോലും പാഴായിപ്പോകില്ല.
രണ്ടാമത് സമയത്തെ പാഴാക്കിക്കളയുന്ന പ്രവർത്തനങ്ങളോട് വിടപറയുക. അർബുദം പോലെ സമയത്തെ
കാർന്നുതിന്നുന്നവയാണവ. കൂടാതെ കാര്യങ്ങൾ തികഞ്ഞ ശ്രദ്ധയോടെ ചെയ്യേണ്ട സമയത്തുതന്നെ ചെയ്യു
ക. കാര്യങ്ങൾ ധൃതിയിൽ ചെയ്യാൻ നാം ശീലിക്കണം. ലോക
പ്രശസ്ത ശാസ്ത്രജ്ഞനായ തോമസ് ആൽവ എഡിസൺ ഒരി
ക്കൽ പറയുകയുണ്ടായി. Life is so short, so I am going to
hustle. ജീവിതം വളരെ ദൈർഘ്യം കുറഞ്ഞതാണ്. അതു
കൊണ്ട് ഞാൻ കാര്യങ്ങൾ ധൃതിയിൽ ചെയ്യാൻ പോകുന്നു.
ഇതിനു പുറമേ എല്ലാ ദിവസവും കുറച്ചു നേരമെങ്കിലും പ്രാർത്ഥ
നയ്ക്കും ഉല്ലാസത്തിനും നാം മാറ്റിവയ്ക്കണം. അങ്ങനെ സമ
യത്തെ ശരിയായി വിനിയോഗിച്ച് പരമാവധി നേട്ടം കൈവരി
ക്കാൻ നമുക്ക് ശ്രമിക്കാം.






## Women's Forum
























## വടം-വലി














Inter Collegiate Camp




KSRTC Stand Cleaning



Nature Camp




Anti Drugs Day

## NSS



Spandanam 2017



Road Maintanence



Magazine Releasing



Cleaning



Independence Day







Certificate of Appreciation for best NSS Unit



Learn to Earn


X'mas Day
Merry Christmas
HAPPY
GLORIA





NCC
Passing out Parade
Happy Republic Day 26th January
NEWMAN COLLEGE NCC
18 (K) BN NCC MUVATTUPUZHA
Republic Day
Phoenix 2016
Yoga Day
ദിവസവും മുന്നൂറ് പൊതിച്ചോർ: ഇത്
എൻ.സി.സി.ക്കാരുടെ 'ഗാർഡ് ഓഫ് ഓണർ'
Share a Bread Programme
Blood Donors Camp
Independence day
Best NCC Unit
Kulamavu Guard
College Band Inauguration






# My name is Rajini Chandy



Rajini Chandy
Film Actress

I am an alumni of Newman College (1966-68). My father Mr. Chandy A. Parayil was the Headmaster of St. Sebastian High School. My brother Mr. Benny Antony and sister Mrs. Saji Thomas also studied there. My college days were entirely different when compared to the present day campus. There is a loss of intimacy as well as respect for the teachers and the students have too much freedom. But I was a tomboy, a don't care type bindas person. I never had any love affair, may be the boys were afraid of my father. To be frank I was open and friendly with every one and had no secrets.

I can still feel the smell of the lunch that my mum used to pack for me. It was not luxurious, a normal meal with some fish fry or meat and some vegetable 'thoran', packed nicely in banana leaves. We seldom roamed around and it was straight to home after school. When I was in school I used to participate in many programs but through out my college life Iwas very reluctant. Though I had taken the first group and I was good in Maths (even now), I was not a good student. And I repent about it. I think if I had studied well I could have been an engineer or an IAS officer. Anyway those days are long gone. I still remember my Chacko sir and my uncle and the then zoology professor Mr. N. V. John.

One incident that I can recall is about a young English lecturer whose name I cannot recall. Some of the professors used to spend time in the library before class hours. This young English lecturer used to be a frequent visitor and he acted as if he is reading newspaper to watch the girls who entered the college via that passage. I noticed this and said aloud, "enginey pathram vayichal conkkannu pidikkum ketto". Other lecturers heard this and made fun of him. He was so angry with me that when he got a chance he insulted me in front of some boys. These boys did not know about the real issue between us and they gave me a nickname.

Another one of my memories is about attending a fancy dress competition as a Sardarji's. I smoked a cigarette for that and won the prize. But the funny thing is that Sardarji's generally do not smoke, as it is against their religion.

I got married at an age of 18, on the 1st of June 1970 and my husband's name was also Chandy. So I didn't have to change my surname. I celebrated my 19th birthday after marriage. My husband is a wonderful person and he helped a lot in moulding me. You will be surprised to know that I didn't even know how to reply if someone asked me a simple "How are you?". My husband helped me to learn English and if it was not for him, I would not have been able to write this for you. We had the opportunity to travel around the world and visit 24 countries.

At the age of 65 I played a lead role in the movie "Oru Muthassi Gadha". It was a great experience. It made me familiar to Malayalis across the world and changed my life completely. I never knew that one movie can make someone very famous. I am thankful to director Mr. Jude Antony Joseph and all the other crew members. My next project - Gandhi nagaril Unniarcha - is expected to release after the holy festival of Eid. At present I am doing the program Malayalee Veettamma in Flowers Channel.

Forty six years have passed since my last visit to Newman College. I have never visited Newman College after my marriage and it must have changed beyond recognition. The present generation in Newman College is as young as my grand children. I feel proud of the up bringing of our generation. We were taught manners, discipline and to be humble and respect elders. Thanks to such a training, I still stand up involuntarily when an older person enters. I have felt that such an attitude is missing in the present generation. My mother knew stitching very well and she used to stitch me beautiful new dresses. This helped me to mingle with people from different classes without any inhibition. Life is so short. Try to enjoy it without hurting others. Do something good for this world which God has given to us. At the end of each day, analyze all that you have done-both good and bad- and reflect on how you had spent your day, because you are never going to get a chance to relive that day. Respect all religions and cultures and question anything that is wrong. Always try to maintain a cheerful personality and optimism in life. This is the message that I want to share with you. I wish you all the very best.

# Food Fest

Love & Food
are meant for sharing
not for wasting

























# നോട്ടുകെട്ടുകൾ കടലാസുകൾ



ഡിയോൺ കുര്യാക്കോസ്
ES4

ഇന്ത്യൻ ജനതയെ ഉദ്വേഗത്തിന്റെ മുൾമുന യിൽ നിർത്തിയ വർഷമായിരുന്നു 2016. 2016 ചരിത്ര ത്തിന്റെ ഭാഗമാകുമ്പോൾ ഇന്ത്യൻ സമ്പദ്മേഖല യിൽ ഉണ്ടായ ജയപരാജയങ്ങളും വിവാദങ്ങളും കുറവല്ല. നേട്ടങ്ങളുടെ ഒരു മറുവശവും ഈ വർഷം നമുക്ക് സമ്മാനിച്ചു. നവംബർ എട്ടിന് അർദ്ധരാത്രി രാജ്യത്തിന് ഒരു ഷോക്ക് ട്രീറ്റ്മെന്റ് നൽകിയാണ് പ്രധാനമന്ത്രി നരേന്ദ്രമോദി നോട്ട് നിരോധിക്കൽ എന്ന വിഭ്രാത്മക പ്രഖ്യാപനവുമായി നാടിനെ നടു ക്കിയത്. വെളുക്കുംമുമ്പ് നടത്തിയ ധ്രുതഗതിയി ലുള്ള ഈ തീരുമാനം രാജ്യത്ത് ഉയർത്തിയ ആക്ഷേ പങ്ങളും പ്രതിഷേധങ്ങളും നിരവധിയാണ്.

കള്ളപ്പണം പിടിക്കുക എന്ന സദുദ്ദേശ്യ ത്തോടുകൂടിയെങ്കിലും രാഷ്ട്രീയപരമായും അല്ലാ തെയും നോട്ട് നിരോധിക്കലിനെതിരെ ആക്ഷേപ ങ്ങൾ ഉയർന്നു. അതിനു കാരണം സാധാരണ ജനങ്ങൾക്കിടയിൽ ഈ തീരുമാനം ഉണ്ടാക്കിയ ബുദ്ധിമുട്ടാണ്. എന്നാൽ ഈ ബുദ്ധിമുട്ടെല്ലാം നല്ല ഭാവിക്കാണ് എന്ന ശുഭസന്ദേശം നൽകി ജനങ്ങളെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുകയാണ് പ്രധാനമന്ത്രി. ഏകദേശം 5 ലക്ഷം കോടി രൂപയുടെ കള്ളപ്പണം ഈ ഒരൊറ്റ നടപടിയിലൂടെ ഇല്ലാതാക്കാമെന്ന പ്രതീ ക്ഷയിൽ തുടങ്ങിയെങ്കിലും വേണ്ടത്ര വിജയം കണ്ടില്ല. കള്ളപ്പണക്കാരെ തടയാനും സാധിച്ചില്ല. അതിനാൽത്തന്നെ വിമർശനങ്ങൾ അർത്ഥരഹിതമാ ണെന്ന് പറയുന്നത് അസാധ്യം. എന്നാൽ കുറച്ചു കള്ളപ്പണക്കാരെ തുരത്തുക എന്നതല്ല നോട്ട് നിരോ ധനത്തിന്റെ ലക്ഷ്യം; മറിച്ച് പഴുതുകളില്ലാത്ത കെട്ടു റപ്പുള്ള ഒരു സമ്പദ്‌വ്യവസ്ഥ ഭാരതത്തിൽ വാർത്തെ ടുക്കുക എന്നതാണെന്ന് ലോക സാമ്പത്തിക ശാസ്ത്ര ജ്ഞൻമാരുടെ അന്വേഷണത്തിൽ തെളിയുന്നു...

## ചരിത്രത്തിലേയ്ക്ക് ഒരു എത്തിനോട്ടം

ഇന്ത്യയിലെ പല മുൻനിര ബിസ്സിനസ്സ് കുടും ബങ്ങളും രാഷ്ട്രീയ നേതൃത്വങ്ങളും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടുകൾ ആദ്യം തുറന്നുകാട്ടിയത് ജവഹർലാൽ നെഹ്റുവിന്റെ മരുമകനും ഇന്ദിരാഗാ ന്ധിയുടെ ഭർത്താവുമായിരുന്ന ഫിറോസ് ജഹാം ഗീർ ഗാന്ധിയായിരുന്നു. റാം കിഷോർ ഡാൽമിയ യുടെ ബാങ്കിലേക്ക് പൊതുമേഖലാ സ്ഥാ... ളിൽ നിന്നും ഫണ്ട് ഒഴുകുന്നത് അദ്ദേഹം ചൂണ്ടി ണിച്ചു. പിന്നീടുള്ള ഗവൺമെന്റുകളുടെ കാല... ഈ തെറ്റുകൾ ആവർത്തിച്ചു. രാജ്യത്തിന്റെ ... ദ്‌വ്യവസ്ഥയെ കാർന്നു തിന്നുന്ന വൻകിടക്കാ... തിരെ ഒരു വിരൽ പോലും അനക്കാൻ ആ... സാധിച്ചില്ല. അങ്ങനെ സമ്പദ്‌വ്യവസ്ഥയെ ... ക്കുംവിധം കള്ളപ്പണത്തിന്റെ കാട്ടുവള്ളി ഒരു ... ന്തര വ്യവസ്ഥയായി രാജ്യത്തു പടർന്നു പ... ഈ കാട്ടുവള്ളിയുടെ കടയ്ക്കൽ കത്തിവ... ലാണ് നോട്ട് നിരോധനം ലക്ഷ്യമിടുന്നത്.

## വ്യവസ്ഥാപിതമായ ഇടപാടുകൾ

വൻകിട ഇടപാടുകൾ ബാങ്കിലൂടെയേ ... ത്താവൂ എന്ന അവബോധം ജനങ്ങ... ഉളവാക്കാൻ ഈ പ്രഖ്യാപനത്തിന് സാധിച്ചി... കറൻസി പൂർണ്ണമായും ഇല്ലാതാക്കുക ... ലക്ഷ്യം കേന്ദ്രസർക്കാരിന്റെ അജണ്ടയിലില്ല. ... കിട ഇടപാടുകൾക്ക് കറൻസി തന്നെ ... പൂഴ്ത്തിവച്ചിരിക്കുന്ന പണം സ്വർണ്ണമായും ... യായും പലരും സമ്പാദിച്ചുകൂട്ടിയിട്ടുണ്ട്... അതൊന്നും തിരിച്ചുപിടിക്കുക സാധ്യമല്ല ... മാണ് മറ്റൊരു വിവാദം. എന്നാൽ ഇനി കൈ... ചെയ്യപ്പെടുമ്പോൾ അതിനു പണത്തിന്റെ ... ഉണ്ടാകും. അങ്ങനെ രാജ്യത്ത് ഒട്ടാകെ കള്ള... ത്തിന്റെ വ്യാപനത്തിൽ ഒരു തട തീർക്കുക ... താണ് ലക്ഷ്യം. വിദേശനിക്ഷേപങ്ങളായാലും ... സ്ഥാപിതമായ നിയമങ്ങളും കണക്കുകളും ... ടന്ന് രാജ്യാതിർത്തി കടത്തുക എന്ന ലക്ഷ്യ... അപ്രാപ്യമാക്കുക എന്ന ലക്ഷ്യവും ഇതിനുണ്ട്.

## ജനങ്ങളെ വലച്ച പ്രഖ്യാപനം

ജനജീവിതം പ്രതിസന്ധിയിലാക്കി... പ്രഖ്യാപനമായിരുന്നു ഇത്. വിമർശനമുനകൾ ... രുമ്പോഴും ജനങ്ങളെ സാമ്പത്തിക അച്ചടക്കം ... പ്പിക്കാൻ ഇത്തരത്തിലുള്ള ഒരു നടപടിയിലൂടെ... സാധിക്കൂ എന്നാണ് സാമ്പത്തിക വിദഗ്ദ്ധ... വിലയിരുത്തൽ. നിയമപരമല്ലാതെയുള്ള ധന... യോഗം വലിയ പ്രതിസന്ധികൾ സൃഷ്ടിക്കു... ഓർമ്മപ്പെടുത്തലുകൾ ജനങ്ങൾക്ക് നല്കുന്നതാ... നോട്ട് നിരോധനം.





പക്ഷെ സാധാരണക്കാരായ കർഷകർക്കും ചെറുകിടവ്യാപാരികൾക്കും ഇതൊരു തിരിച്ചടിയാ യിരുന്നു. കർഷകർക്ക് യഥാസമയം കൃഷിയിറ ക്കാൻ കഴിയാത്ത സാഹചര്യവും കറൻസി ഇല്ലാത്ത തിനാൽ സാധനങ്ങൾ വാങ്ങുന്നതിനു പലരും നിരോധനം കൊണ്ടുവന്നതോടെ കച്ചവടം കുറഞ്ഞ തുമെല്ലാം പ്രശ്നമായിട്ടുണ്ട്. നിർമാണമേഖലയിലു ണ്ടായ മാന്ദ്യം ദിവസക്കൂലിക്കാർക്ക് തൊഴിലില്ലാതാ കുന്ന സ്ഥിതിയും ഉണ്ടാക്കുന്നു.

വിവാഹ സീസൺ ആയതിനാൽ പണമുപ യോഗിച്ച് നടത്തേണ്ട ഇടപാടുകൾക്ക് മാർഗ്ഗമില്ലാതാ യെന്ന ആക്ഷേപവും പുറത്തുവരുന്നുണ്ട്. വളർച്ചാ നിരക്കിൽ ചൈനയെ പിന്തള്ളുന്ന സ്ഥിതിയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് കറൻസി നിരോധനം വന്നത്. രണ്ടു ശതമാനമെ ങ്കിലും ഇടിവ് വളർച്ചാനിരക്കിൽ സംഭവിച്ചേക്കാ മെന്ന വിലയിരുത്തലുകൾ വന്നുകഴിഞ്ഞു. ഇത്തര ത്തിൽ ചെറുതും വലുതുമായി സംഭവിച്ചുകൊണ്ടിരി ക്കുന്നതും സമീപഭാവിയിൽ സംഭവിക്കുന്നതുമായ നിരവധി തിരിച്ചടികൾ രാജ്യം നേരിടേണ്ടിവരും.

## കള്ളസമ്പാദ്യങ്ങൾക്ക് വിട

നല്ലൊരു സാമ്പത്തിക സിസ്റ്റം നടപ്പായി വരു ന്നതോടെ നല്ല ജീവിത സാഹചര്യമുള്ള ഒരു രാജ്യ മാകാൻ ഇന്ത്യക്ക് കഴിയും. കറൻസി നിരോധന ത്തിന്റെ ദുഷ്ഫലമെന്ന നിലയിൽ രാജ്യത്തിന്റെ സാമ്പത്തിക വളർച്ച താഴോട്ടുപോകുമെങ്കിലും ഇത് സമാന്തരസമ്പദ്‌വ്യവസ്ഥയെ ഇല്ലാതാക്കുമെന്ന താണ് വലിയ നേട്ടം.

ബാങ്കിംഗ് മേഖലയ്ക്ക് പുത്തൻ ഉണർ വാകും ഇപ്പോഴത്തെ കറൻസി നിരോധനം. കൂടു തൽ ലോണുകൾ നല്കാനുള്ള സാഹചര്യം ഇതി നകം തന്നെ ഉണ്ടായിരിക്കുന്നു. സാധാരണക്കാർക്ക് അവരുടെ സമ്പാദ്യത്തിന് അനുസരിച്ച് ലോൺ എളുപ്പം കിട്ടാനും സാധ്യത തെളിയും. സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതികൾക്ക് കൂടുതൽ ഫണ്ട് ലഭ്യമാക്കുമെന്നതിനാൽ അടിസ്ഥാന സൗകര്യ വികസനം വളരെയേറെ മുന്നോട്ടു പോകും. ഇതോ ടൊപ്പം അടുത്ത സാമ്പത്തിക വർഷം മുതൽ GST എന്ന ചരക്കു സേവനനികുതി വ്യവസ്ഥ നടപ്പിലാ ക്കുന്നതിലൂടെ നികുതി പിരിവ് കൂടുതൽ കൃത്യ തയും സുതാര്യതയും കൈവരിക്കും. ഓരോ സംസ്ഥാനത്തെ സർക്കാരിനും തന്നിഷ്ടപ്രകാരം നികുതിയിളവ് നല്കാൻ കഴിയാത്ത സാഹചര്യ മുൾപ്പടെയുള്ള നടപടികളാണ് വരുന്നത് എന്നതി നാൽ നികുതിയിളവ് നല്കിയും മറ്റും ആർക്കും നേട്ടമുണ്ടാക്കാനോ, കോഴ കൈപ്പറ്റാനോ കഴിയി ല്ലെന്ന താണ് മറ്റൊരു നേട്ടം.

പണം അക്കൗണ്ടിലൂടെയേ കൈമാറാവൂ എ ന്നതിനാൽ കള്ളപ്പണ റാക്കറ്റുകൾക്ക് ഇനി ഭാവിയി ല്ലെന്നു തന്നെ പറയാം. വലിയ അളവിൽ കോടികൾ കറൻസിയായി കൈമാറാൻ ഭയക്കുന്ന സാഹചര്യം വന്നതോടെ ഇതിനു സാധ്യത ഇല്ലാതെയാകും. ഭീക രപ്രവർത്തനങ്ങൾക്ക് ഫണ്ടിംഗ് വലിയൊരളവിൽ നിൽക്കുമെന്നതാണ് മറ്റൊരു പ്രധാനഗുണം. സംഘ ടനകളുടെ പേരിലും കുഴൽപ്പണമായുമെല്ലാം എത്തുന്ന പണത്തിൽ നല്ലൊരംശം ഇത്തരം ദേശ ദ്രോഹ ഇടപാടുകൾക്കായി വ്യാപകമായി കൈമാറ്റ പ്പെടുന്നുണ്ട്. ഇത് ഏതാണ്ട് പൂർണമായും തടയപ്പെ ടും. വലിയ തുകകൾ തലവരിപ്പണമായി വാങ്ങുന്ന സാഹചര്യത്തിലും മാറ്റമുണ്ടാകും. വൻകിട സ്കൂളു കൾ മുതൽ മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജു കൾ വരെ ഇത്തരത്തിൽ കോടികളുടെ ഇടപാടുക ളാണ് നടത്തുന്നത്. ഇതെല്ലാം ഒരു പരിധി വരെ ഇല്ലാ താകുമെന്നാണ് ഇപ്പോൾ ലഭിക്കുന്ന സൂചനകൾ വിരൽ ചൂണ്ടുന്നത്. വില കുറച്ച് കാട്ടി ഭൂമി വാങ്ങു കയും ഫ്ളാറ്റുകളും മറ്റും വിപണനം നടത്തുകയും ചെയ്യുന്ന പ്രവണതയും ഇല്ലാതാകും. ഇത്തരം നിയ ന്ത്രണങ്ങൾക്കായി പുതിയ നിയമനിന്ത്രണങ്ങൾ കൊണ്ടുവരുമെന്നാണ് കേന്ദ്രം നല്കുന്ന സൂചനകൾ.

സാമ്പത്തിക അച്ചടക്കവും ഭദ്രതയും ഇല്ലാത്ത ഒരു വ്യവസ്ഥയ്ക്ക് മാറ്റത്തിന്റെ പുത്തൻ മാനം സമ്പാദിക്കുവാൻ നോട്ട് നിരോധനം കൊണ്ട് സാധിക്കും എന്ന പ്രതീക്ഷകൾ അസ്ഥാനത്തല്ല. ഇടയ്ക്ക് കനം കുറഞ്ഞ ചെറിയ കണ്ണികളുള്ള വല തീർത്തുകൊണ്ടു നടത്തുന്ന ഈ പരീക്ഷണം വിജ യത്തിലേയ്ക്ക് എത്തുമെന്നു തന്നെയാണ് സാമ്പ ത്തികമേഖല പ്രതീക്ഷിക്കുന്നത്.

അഴിമതിയുടെയും കള്ളക്കടത്തിന്റെയും പൂഴ്ത്തിവയ്ക്കലിന്റെയും ഒരു യുഗത്തിന് വിരാമമി ടാനായാൽ രാജ്യാതിർത്തികൾ നിഷ്പ്രഭമാക്കുന്ന ഒരു പുത്തൻ സാമ്പത്തിക വ്യവസ്ഥിതിയി ലേയ്ക്കുള്ള വാതായനങ്ങൾ നമുക്ക് മുന്നിൽ തുറന്നു കിട്ടും. വിപ്ലവാത്മകമായ ചിന്തകളും പ്രഖ്യാ പനങ്ങളും പ്രസ്താവനകളും പലപ്പോഴും നമ്മെ പ്രതിസന്ധിയിലാഴ്ത്തിയെങ്കിലും അതൊരുപക്ഷെ നമ്മുടെ നല്ല നാളേയ്ക്കുള്ള ചുവടുവയ്പ്പാകും. നഷ്ടങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും നേരെ ചെറു തായൊന്ന് കണ്ണടച്ച് ഒരു പുത്തൻ സാമ്പത്തിക വ്യവസ്ഥയെ വാർത്തെടുക്കാൻ അതിനെ കള്ളച്ചു തിന്റെ കരുക്കളിൽ നിന്ന് മുക്തമാക്കാൻ നമുക്കോ രോരുത്തർക്കും ഒന്നിച്ച് അണി ചേരാം. ഇന്നത്തേ ക്കാൾ മെച്ചമായ, ഉച്ചനീചത്വങ്ങൾ കുറഞ്ഞ, സംഘർഷവേദികളായ രാജ്യാതിർത്തികൾ നിഷ്പ്ര ഭമാക്കുന്ന ഒരു പുത്തൻ സാമ്പത്തിക വ്യവസ്ഥിതി ഇവിടെ യാഥാർഥ്യമാകട്ടെ.

# തെരുവ് നായ്ക്കളും സാമൂഹിക ബോധവും



ജിറ്റോ ജോയി, ZS4

യജമാനഭക്തി ഏറ്റവും കുടുതൽ പ്രകടിപ്പിക്കുന്ന ഒരേയൊരു ജീവിവർഗ്ഗമാണ് നായകൾ. ആരും പ
ക്കാതെ ജന്മസിദ്ധമായ കഴിവിലുടെ മരണംവരെ യജമാനന്റേയും കുടുംബത്തിന്റേയും സുരക്ഷ
ആയുധമില്ലാതെ സദാ ജാഗ്രതയോടെ നിലകൊള്ളുന്ന സുരക്ഷാഭടൻമാരായിരുന്നു നായകൾ. അതി
ലക്ഷങ്ങൾ ചെലവഴിച്ചും അവയെ വാങ്ങി വളർത്താൻ പലരും തയ്യാറാകുന്നു. യജമാനൻ ഉപേക്ഷിച്ച
യജമാനനെ ഉപേക്ഷിക്കാത്ത ഈ ജീവി എത്ര ദൂരം താണ്ടിയും യജമാനനെ തിരഞ്ഞ് വീട്ടിൽ തിരിച്ചെ
ന്നു. മനുഷ്യൻ പ്രകടിപ്പിക്കാത്തത്ര സ്നേഹം പ്രകടിപ്പിക്കുന്ന ഈ മൃഗം ഇന്ന് മറ്റൊരു തരത്തിൽ മനു
ഭീഷണിയായിരിക്കുന്നു. ഇതിന്റെ ഉത്തരവാദികൾ ആരാണ്.?

വീട്ടിൽ വളർത്തുകയും പിന്നീട് ആഹാരം നല്കാതെ വീട്ടിൽ നിന്നും അടിച്ചിറക്കുകയും ചെ
നായകളാണ് ആഹാരത്തിനായി അലഞ്ഞുതിരിഞ്ഞ് കോഴികളേയും ആടുകളേയും കൊല്ലുന്നതും
വിലെത്തപ്പെടുന്നതും. അമിതമായ അളവിൽ ഉപ്പും മസാലയും അജിനോമോട്ടയുമൊക്കെ ക
ഹോട്ടൽ ഭക്ഷണാവശിഷ്ടങ്ങൾ കഴിക്കുന്നതിലുടെ നായകളുടെ യജമാനഭക്തിയും സഹജസ്വഭാവ
മാറി, കുട്ടികളിൽ കണ്ടുവരുന്ന ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ എന്ന രോഗം മൃഗങ്ങൾക്കുമുണ്ട
ക്കൊണ്ടിരിക്കുന്നു. ഇത്തരത്തിൽ വളരുന്ന മൃഗങ്ങൾ അതിന്റെ മൃഗീയ സ്വഭാവം വർദ്ധിച്ച് യജമാ
ത്തന്നെ കടിച്ചുകീറി ഭക്ഷിക്കുന്നു. ഇതിന്റെയൊക്കെ കാരണക്കാർ നാം തന്നെയല്ലേ? ഏതോ ഭ്രാന്ത
നായസംരക്ഷണസിദ്ധാന്തം സമൂഹത്തിനു ഭീഷണിയായിരിക്കുന്നു. എന്തെങ്കിലും ചെയ്യ
താമസിച്ചുപോയാൽ പിടിവിട്ടു പോകുമെന്നതിൽ സംശയമില്ല. ഓസ്ട്രേലിയയിലെ ഡിംഗോ നായകൾ
ഉദാഹരണം മാത്രമാണ്.

പ്രകൃതിയിലെ ഓരോ ജീവിക്കും ആഹാരശൃംഖലയുടെ ഭാഗമായല്ലാതെ മറ്റൊരു ജീവി
കൊല്ലാൻ അധികാരമില്ല. അത് മനുഷ്യനും ബാധകമാണ്. തെരുവുനായശല്യത്തിന് ഒരേയൊരു പരിഹ
മേയുള്ളു. അതിന്റെ ശരിയായ ആഹാരം ലഭ്യമാക്കൽ മനുഷ്യർ ഏറ്റെടുക്കുക. കാരണം മനുഷ്യനുവേ
ജൻമം കൊണ്ട ജീവിയാണത്. വീട്ടിൽ നിർത്തുന്നില്ലെങ്കിൽ മനുഷ്യൻ മനുഷ്യനുവേണ്ടി തയ്യാറാക്ക
അഗതിമന്ദിരങ്ങൾപോലെ നായകൾക്കും ജീവിതാലയം പണിയുക.

ഇനി നായ്ക്കളെ വേണ്ടായെങ്കിൽ ആൺ പെൺ നായ്ക്കളെ പ്രത്യേകം പ്രത്യേകം വാസസ്ഥല
ളിൽ പാർപ്പിക്കുക. 10–12 വർഷം കൊണ്ട് നായവർഗ്ഗം ഇല്ലാതാകും. ഇത്രയും ചെയ്യുന്നതിലുടെ തെരുവു
യ്ക്കളുടെ പ്രശ്നം മാത്രമേ പരിഹരിക്കപ്പെടുന്നുള്ളു. നായശല്യം ഇല്ലാതാകുന്നതിലുടെ തെരുവുമാലി
ഇല്ലാതാകുന്നില്ല. അതിനുള്ള പരിഹാരം ആദ്യം ഉണ്ടാകണം. അവ സംസ്കരിക്കുന്നതിനുള്ള പ്രവർത്ത
ങ്ങൾ ഹോട്ടൽ അറവുശാല ഉടമസ്ഥർ കൈക്കൊള്ളണം. തുറന്ന സ്ഥലത്ത് മൃഗങ്ങളെ കശാപ്പ് ചെയ്യുന്ന
കർശനമായി നിയന്ത്രിക്കണം. ഇവിടങ്ങളാണ് തെരുവ് നായ്ക്കൾ താവളമാക്കുന്നത്. മത്സ്യ-മാംസാ
ഷ്ടങ്ങളും ആഹാരാവശിഷ്ടങ്ങളും ഇത്തരത്തിൽ തന്നെ വീടുകളിൽ സംസ്കരിക്കാൻ നാം തയ്യാറാ
ണം. ഇങ്ങനെ ചെയ്യുന്നതിലുടെ മാത്രമേ ചെറുതു മുതൽ
വലുതുവരെയുള്ള മാലിന്യങ്ങളിൽ നിന്ന് രോഗം വരു
ന്നത് തടയാനും ഇതിന്റെ ആക്രമണങ്ങൾ ഇല്ലാതാ
ക്കുന്നതിനും നടപടികൾ ഉണ്ടായാൽ മാത്രമേ ആക്രമ
ണഭയവും രോഗവുമില്ലാതെ മനുഷ്യന് ജീവിതം
സാധ്യമാകു. ഇതായിരിക്കട്ടെ തെരുവുനായശല്യത്തിന്
സമുഹവും ഭരണകുടവും സ്വീകരിക്കേണ്ട പ്രതിവി
ധികൾ.







# കേരളം ഒരു ഭ്രാന്താലയമോ



വിനീത വിശ്വൻ, MS4

സ്വാമി വിവേകാനന്ദൻ കേരളത്തെ ഒരു ഭ്രാന്താലയമെന്നു വിളിച്ചു. ജാതി, മത, വർണ വ്യവസ്ഥ
നിലനിന്നിരുന്നതിനാലാണ് അദ്ദേഹം അത്തരമൊരു വിശേഷണം ദൈവത്തിന്റെ സ്വന്തം നാട് എന്ന്
നാം വിശേഷിപ്പിക്കുന്ന കേരളത്തിനു നൽകിയത്. എന്നാൽ ഇന്ന് അക്ഷരാർത്ഥത്തിൽ കേരളം ഒരു
ഭ്രാന്താലയം തന്നെയാണ്. അഴിമതിയും അക്രമവും കൊള്ളയും കൊലപാതകവും നിറഞ്ഞ ഒരു
നാട്. പണത്തിനും പദവിക്കും വേണ്ടി മനുഷ്യൻ മനുഷ്യനെതന്നെ കൊല്ലുന്നു.

മന:സാക്ഷി മരവിച്ചുപോയ മനുഷ്യമൃഗങ്ങളുടെ ഇടയിലാണ് നാം ഇന്ന് ജീവിക്കുന്നത്. പത്ര
ങ്ങളിൽ പീഡനകഥകളുടെ കുത്തൊഴുക്കുകൾ കാണാം. ഈ കുത്തൊഴുക്കിൽപ്പെട്ട് നഷ്ടപ്പെടുന്ന
കുറേ ജീവിതവും. അനേകം പെൺകുട്ടികളെ, അനേകം കുരുന്നുകളെ എന്തിനേറെ പറയുന്നു
വൃദ്ധരായ സ്ത്രീകളെപ്പോലും പൈശാചികമായി അക്രമത്തിനിരയാക്കി മരണത്തിന്റെ കാണാക്കയ
ത്തിലേയ്ക്കു തള്ളിവിടുന്ന ഗരുഡൻ നമുക്കു ചുറ്റുമുണ്ട്. സ്വന്തം അച്ഛനും, സഹോദരനും, അധ്യാപ
കനും, അയൽവാസിയും, ബന്ധുക്കളും തുടങ്ങി അപരിചിതനിൽ നിന്നുപോലും പീഡനം ഏറ്റുവാ
ങ്ങേണ്ട അവസ്ഥ.

സൗമ്യ എന്ന പേരുകേൾക്കുമ്പോൾ ഏതൊരു അമ്മയുടെ കണ്ണും നിറഞ്ഞുതുളുമ്പും.
പൈശാചികതയുടെ അങ്ങേയറ്റം എന്ന് വിശേഷിപ്പിക്കേണ്ടിവരും ആ മരണത്തെ. ആ അമ്മ സ്വന്തം
മകൾക്ക് നീതി ലഭിക്കുന്നതിനുവേണ്ടി പോരാടി. പക്ഷെ നീതിന്യായ വ്യവസ്ഥ ആ അമ്മയുടെ കണ്ണു
നീരിന്, ഒരു കുടുംബത്തിന്റെ പ്രതീക്ഷകൾക്ക് ഒരു വിലയും നൽകിയില്ല. കോടതിവിധി സൗമ്യയുടെ
അമ്മയെ മത്രമല്ല ലക്ഷക്കണക്കിനു വരുന്ന കേരളത്തിലെ അമ്മമാർക്കും താങ്ങാവുന്നതിനപ്പുറമാണ്.
ഇനി ഒരു ജിഷയോ ഒരു സൗമ്യയോ ഉണ്ടാകാതിരിക്കാൻ ആ അമ്മമാർ പ്രാർത്ഥിക്കുന്നു.

പണം മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി സൃഷ്ടിച്ച ഉപാധി. എന്നാൽ പണ
ത്തിനും സ്വത്തിനും വേണ്ടി മാതാപിതാക്കളെ പോലും കൊല്ലുന്ന മക്കൾ നമുക്കുചുറ്റുമുണ്ട്. ഈ
അടുത്ത ദിവസം പത്രത്തിൽ വന്ന ഒരു വാർത്തയുണ്ട്. ഒറ്റയ്ക്കു താമസിച്ചിരുന്ന വയോധികയെ
ക്രുരമായി വധിച്ച് അവരുടെ പണവും സ്വർണ്ണവും കവർന്നു. ഒരുവന്റെ രക്തത്താൽ അശുദ്ധമാക്ക
പ്പെട്ട പണത്തിന് എന്തു മാന്യതയാണ്.

അലക്സാണ്ടർ ചക്രവർത്തി കുതന്ത്രത്താലും, യുദ്ധത്താലും ഈ ലോകത്തിന്റെ ഭൂരിഭാ
ഗവും വെട്ടിപ്പിടിച്ചു. എന്നാൽ മരണാനന്തരം അദ്ദേഹത്തിന്റെ കരങ്ങൾ ശവപ്പെട്ടിക്കുപുറമെ ഏവരും
കാണും വിധത്തിൽ ആവണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. താൻ നേടിയതൊന്നും കൊണ്ടുപോകു
ന്നില്ല എന്ന് ബോധ്യപ്പെടുത്താൻവേണ്ടി. കൊള്ളയും കൊലപാതകവും അഴിമതിയും അക്രമവും
നടത്തി നാം നേടുന്നതൊന്നും നമുക്ക് സ്വന്തമല്ല.



ജനങ്ങളെ സേവിക്കുന്നതിനുവേണ്ടി ജനങ്ങൾ ജനപ്രതിനിധികളെ തിരഞ്ഞെ
ടുത്തു. എന്നാൽ ഈ ജനപ്രതിനിധികൾ സാധാരണക്കാരന്റെ അവകാശത്തെ
നിന്ദിക്കുകയാണ് ചെയ്യുന്നത്. അഴിമതിരഹിതമായ ഭരണം കാഴ്ചവയ്ക്കു
വാൻ ഒരു സർക്കാരിനും കഴിഞ്ഞിട്ടില്ല. മാറി വരുന്ന സർക്കാരിന്റെ ഭരണപ
രിഷ്കാരങ്ങളിൽ അസ്വസ്ഥരായി നെട്ടോട്ടമോടുന്ന ജനങ്ങൾ,
എന്നാൽ ഈ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ സർക്കാ
രിന് പലപ്പോഴും കഴിയാറില്ല.

കേരളത്തെ ഭ്രാന്താലയമായല്ല; മറിച്ച് ദൈവത്തിന്റെ
സ്വന്തം നാടായി വിശേഷിപ്പിക്കാൻ സാധിക്കണം. അതിനു
വേണ്ടത് അതിശക്തമായ ഒരു നീതിന്യായവ്യവസ്ഥയും,
സർക്കാരും; അതിനെല്ലാമുപരി മൂല്യബോധമുള്ള ഒരു ജനത
യുമാണ്. നമ്മുടെ നന്മയ്ക്കും സുഖത്തിനും വേണ്ടി
സ്വന്തം രക്തം വിയർപ്പാക്കിയ മഹാന്മാർ സ്വപ്നംകണ്ട
ഒരു സമുഹമാണ് നമുക്കാവശ്യം.

# അനുഭവം



CSUO SACHIN MATHEW

2016 Dec 28 ന് കോഴിക്കോട് നിന്ന് എന്റെ യാത്ര ഞാൻ ആരംഭിച്ചു. 120 ദിവസം നീണ്ട പരിശീലനത്തിനു ശേഷമാണ് Kerala & Lakshadeep (K & L) ടീം ഡൽഹിയിലേക്ക് യാത്ര തിരിച്ചത്. മൂന്ന് ദിവസം നീണ്ട ട്രെയിൻ യാത്രയ്ക്കൊടുവിലാണ് ഡൽഹിയിൽ എത്തിയത്. കടുത്ത കാലാവസ്ഥാവ്യതിയാന മുണ്ടായിരുന്നിട്ടും മത്സരങ്ങളുടെ തീക്ഷ്ണതയെ തുടർന്ന് തണുപ്പ് K&L ടീമിനെ ബാധിച്ചില്ല. രാവിലെ മൂന്നുമണി മുതൽ വിവിധ ജോലികളും പരിശീലനങ്ങളും ക്ലാസുകളും ആരംഭിച്ചു. വിവിധയിനം മത്സരങ്ങൾ നടന്നു. ഫ്ളാഗ് ഏരിയ മത്സരത്തിന് K & L ടീമിന് രണ്ടാം സ്ഥാനം കരസ്ഥമാക്കാൻ സാധിച്ചു. അവിടെ വച്ച് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, പ്രൈം മിനിസ്റ്റർ, ഡിഫൻസ് മിനിസ്റ്റർ തുടങ്ങി മറ്റു പ്രമുഖരോടൊപ്പം കുറച്ച് സമയം ചെലവഴിക്കാൻ സാധിച്ചു. സേനയെക്കുറിച്ച് കൂടുതൽ അറിയാനും വിവിധ ആയുധങ്ങൾ കാണാനും സാധിച്ചു. ഡൽഹിയിലെ വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ കാണാൻ സാധിച്ചു. പ്രൈം മിനിസ്റ്റർ റാലിയിൽ പങ്കെടുക്കാൻ സാധിച്ചത് വലിയൊരു അനുഭവമായി തോന്നി. ക്യാമ്പിൽ വച്ച് പരിചയപ്പെട്ട വിവിധ കൂട്ടുകാരും അവരോടുള്ള കൂട്ടുകെട്ടും എന്നെ കൂടുതൽ സന്തോഷവാനാക്കി. ഒരിക്കലും മറക്കാനാവാത്ത ഒരു പ്രഥമ അനുഭവമായിരുന്നു എനിക്ക് എന്റെ ഡൽഹിയാത്ര.







UO SARATH SASI

2017 സെപ്റ്റംബർ 17ന് ഡൽഹി... കയറുമ്പോൾ മനസ്സുനിറയെ സന്തോഷമായിരു... സഫലമാകാൻ പോകുന്നത് മാസങ്ങൾ നീണ്ട ക... രിപ്പും കഷ്ടപ്പാടും. പോകുന്ന വഴിയിൽ വ്യ... ഭൂപ്രകൃതികളും ജനജീവിതങ്ങളും. ഇന്ത്യ... വൈവിധ്യങ്ങളെ കണ്ടറിഞ്ഞ ഒരു ട്രെയിൻ യാത്ര... മാറി വരുന്ന തുരങ്കങ്ങളും മലകളും മരുഭൂമികളും... സ്തമായൊരനുഭവം നൽകി.

ഓരോ സ്റ്റേഷൻ പിന്നിടുമ്പോഴും വ്യ... തരത്തിലുള്ള ആളുകൾ, കച്ചവടക്കാർ, ശബ്ദ... അന്നന്നത്തെ വയറിനായി ഭിക്ഷ യാചിക്കുന്ന കുട്ടി... ഹിജഡകൾ. അതിൽ ഏറ്റവും ഹൃദയഭേദകമായ ക... കുട്ടികളുടെ ഈ ഭിക്ഷ യാചിക്കലായിരുന്നു.

അക്കൂട്ടത്തിൽ ഒരുവൾ, സാനിയ അ... വേഗത്തിൽ ഞങ്ങളുടെ എല്ലാവരുടേയും ശ്രദ്ധയാക... ച്ചു. നാലോ അഞ്ചോ വയസ്സ് മാത്രം പ്രായം തോന്നിക്കു... ഒരു കുരുന്ന്. തല മറച്ചിരുന്ന റോസ് തട്ടത്തിനുള്ളി... അവളുടെ മുഖത്തിന് ഒരു കാന്തിക സ്വഭാവം ഉണ്ടായി... ന്നു.

അങ്ങനെ സെപ്റ്റംബർ 20ന് അതികഠിനമ... ചൂടോടുകൂടി ഡൽഹി റെയിൽവേ സ്റ്റേഷൻ ഞങ്ങ... വരവേറ്റു. ഡൽഹിയിൽ ഞങ്ങളെ കാത്തിരുന്നത് ... യൊരു മത്സരമാണ്. ഇന്ത്യയിലെ 17 NCC Director ... തിരഞ്ഞെടുക്കപ്പെട്ട NCC കേഡറ്റുകൾ 7 ഇനങ്ങളിൽ ... മത്സരിക്കുന്നു. Obstacles, Firing, Map reading ... പോകുന്നു മത്സര ഇനങ്ങൾ. ഡൽഹിയിലെ ആ 12 ... സങ്ങൾ ശരിക്കും ഒരു പരീക്ഷണം തന്നെയായിരുന്നു... മത്സരത്തിന്റെ സമ്മർദ്ദവും ചൂടും പൊരുത്തപ്പെടാ... കാത്ത ഭക്ഷണരീതിയും എല്ലാം മനസ്സ് മടുപ്പിച്ചുകളഞ്ഞു... യഥാർത്ഥത്തിൽ നമ്മുടെ നാടും വീടും ഹരിതാഭയും ... പ്പുമൊക്കെ മിസ്സ് ചെയ്തു എന്ന് വേണം പറയാൻ. ആ... കിട്ടിയ ആശ്വാസം 'ഡൽഹി ദർശൻ' എന്ന പേരിൽ ... ത്തിയ യാത്രയായിരുന്നു. കുത്തബ് മിനാറും, ... ഫോർട്ടും ഇന്ത്യാ ഗേറ്റും കണ്ടു കൊണ്ടുള്ള യാത്ര. ജീവി... ത്തിൽ ആദ്യമായിട്ടും ഒരുപക്ഷെ അവസാനമായിട്ടും ആയിരിക്കാം ആ സ്ഥലങ്ങൾ കണ്ടത്.





അജ്മി റഹിം, ES2

## കാലത്തിനായ് മാറ്റപ്പെട്ടവർ

അന്ധകാരത്തിന്റെ മറനീക്കി
മാനം കൊതിക്കുന്ന താരമായ്
മിന്നാൻ വെമ്പുന്ന മനസ്സും
പിടയുന്ന ഹൃദയവും താൻ തന്നെയല്ലയോ
യെന്ന് ചിന്തിക്കാൻ മടിക്കുന്ന സമൂഹമോ
സ്ത്രീകൾ..............
കാരാഗൃഹത്തിൽ പിടയുന്ന
കാലത്ത് സ്വാതന്ത്ര്യമെന്നത്
കാരിരുമ്പും
കാലത്തിനൊപ്പം ചലിച്ചപ്പോൾ
അസ്ത്രങ്ങളായി പതിച്ചത്
സ്വാതന്ത്ര്യമെങ്കിലും, ഇനിയും
മാറാത്ത സമൂഹത്തിന്റെ
മറ്റൊരു കളിക്കോപ്പുകളോ
സ്ത്രീകൾ !!
കാട്ടാള വീചികൊണ്ട് നോക്കുമ്പോഴും
അഗ്നിച്ചുരുളാൽ കത്തിജ്വലിക്കാൻ
ശ്രമിക്കുമ്പോഴും ആനന്ദമെന്നതന്ധകാരം
ഈ കാലത്തിനായ് മാറ്റപ്പെട്ടവരോ
സ്ത്രീകൾ...............







ശിൽപ സണ്ണി, PS4

## ജനാധിപത്യം

അതിരുകൽപ്പിച്ചിരുന്ന സമൂഹത്തിന്റെ
അതിരുകല്ലിൽ മുറുക്കിത്തുപ്പി
വിശാലതയിൽ നീരാടിയിരുന്ന
തന്റെ ചിന്തകളെ തലയുയർത്തി
കുനിഞ്ഞിരുന്നെഴുതിയ
കവിയുടെ മഷിപുരണ്ട ഡയറിത്താളുകളിൽ
അവൻ സീലു വച്ചു
യുക്തി അറിയാതെ
മിഴിച്ചു നോക്കിയ
കവിയുടെമേൽ
പല്ലുകൾ കാട്ടിച്ചിരിച്ച്
അവരുടെ പരുക്കൻ
ശബ്ദം നിരോധനം
പ്രതിഷേധങ്ങൾക്ക്
നിരോധനം
തൂലികയെ വിലങ്ങുവച്ച്
പെട്ടിയിലടച്ച്
സംസ്കാരം ഒടുവിൽ
നാവുചലിപ്പിച്ച
കവിയുടെ വായിൽ
വെളുത്ത പോസ്റ്റർ
"ജനാധിപത്യം"

*Life is the art of drawing without eraser so be careful while taking small decision about your valuable pages of life.........*





Ans Mariya Xavier, LS4

## Rose


My petals are still wet and red
With the blood of my close one
Oh God! What've I done?
I hurt my heart's heart

What am I?
A product of Aphrodite's insanity
Or the result of Flora's pain,
Strucke by Cupid's arrow.

Don't embrace me
Don't touch me
Even though, it's for a wee
It's gonna hurt you, wound you.

I am a brute, donning the mask of nobility,
They call me, "Queen of Flowers"
"Love of Lovers"
But, I'm just a humbug, a dead trap.

My spines are fangs
Leave me alone, for God's sake
I'm only going to gave you ache
Because, I'm Rose, the Symbol of Love in vain.







Bismi Nizar, ELS2

## DO YOU KNOW

* Smiling releases endrophins in the body, which makes people feel better.
* Feeling unappreciated is one of the worst feelings ever.
* Cheering up others can make yourself happier too.
* To save money, think of it in 'hours of work' instead of cash.
* Smiling slows down aging and prevents wrinkles.
* Lack of sleep can cause weight gain.
* Positive self-talk relieves depression and builds confidence.
* Eating grapes can help the brain process information better.
* Using sarcasm can improve IQ.
* If you remember and use people's names in conversations, they will like you more
* Creative people tend to be more arrogant.
* Happiness is increased when tangible goals like making someone smile'are made.
* Misomaniac is someone who hates everything.
* Learning to play a musical instrument or learning another language can slow the aging process of the human bring.
* Pain has the ability to change the way a person looks at and deals with everyday life.





# ട്രംപിസം




ആതിര പി. പത്മനാഭൻ
KS6


**അ**മേരിക്കൻ പ്രസിഡന്റിന് അവിടുത്തെ മാധ്യമങ്ങളിൽ ഒരു വിളിപ്പേരുണ്ട്. വല്ല്യേട്ടൻ... കഴിഞ്ഞ കുറേ നാളുകളായി ആരാവും പുതിയ വല്ല്യേട്ടൻ എന്ന ചർച്ച ലോകം മുഴുവൻ കൊണ്ടാടു കയായിരുന്നു. ആദ്യ വനിതാ പ്രസിഡന്റായി ഹിലരി ക്ലിന്റൺ അധികാരമേൽക്കുമോ, അതോ അമേ രിക്കയുടെ പുതുമുഖം ഡൊണാൾഡ് ട്രംപ് ആവുമോ എന്നതായിരുന്നു ചർച്ച. കുറേ ദിവസത്തെ സംവാദങ്ങൾക്കും, സംഭവവികാസങ്ങൾക്കും ശേഷം പ്രവചനങ്ങൾ മുഴുവൻ തിരുത്തിയെഴുതി റിപ്പബ്ലിക്കൻ പാർട്ടി ഡൊണാൾഡ് ട്രംപിന് ഉജ്ജ്വല വിജയം. അമേരിക്കയുടെ 45-ാം പ്രസിഡന്റായി ട്രംപ് 2017 ജനുവരി 20 ന് ചുമതലയേൽക്കുന്നു.

അമേരിക്കൻ തെരഞ്ഞെടുപ്പ് ലോകത്തിന് കാഴ്ച്ചവെയ്ക്കുന്ന ഒട്ടേറെ സന്ദേശങ്ങൾ ഉണ്ട്. ജനാധിപത്യത്തിൽ ജനങ്ങൾ വിശ്വസിക്കുന്നതല്ല മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നതെന്ന് തെളിയി ക്കുന്ന വിജയമാണ് ട്രംപിന്റേത്. അമേരിക്കൻ ജനത തിരിച്ച് ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. എന്റെ രാജ്യം, എന്റെ മാത്രം എന്ന കാഴ്ച്ചപ്പാടിലേയ്ക്ക് ലോകം മുന്നേറുന്നു. അതിന് തെളിവാണ് അമേരിക്കൻ കുടിയേറ്റ വംശജർക്കെതിരെ ശക്തമായ തീരുമാനമെടുക്കും എന്ന ട്രംപിന്റെ മനോഭാവത്തിന് അമേരിക്ക വോട്ട് ചെയ്തത്.

അദ്ദേഹത്തിന്റെ തെരഞ്ഞടുപ്പ് ശൈലി തന്നെ മികച്ച മാനേജ്മെന്റ് ചിന്തയുടെ തെളിവാണ്. സാമ്പത്തികമാന്ദ്യവും ആഗോള തീവ്രവാദവും രാജ്യത്തുണ്ടാക്കിയ അരക്ഷിതാവസ്ഥ ട്രംപ് അതി സമർത്ഥമായി വിനിയോഗിച്ചു. പിന്നീട് അമേരിക്കയ്ക്ക് പുറത്തുനടക്കുന്ന കാര്യങ്ങളിൽപ്പോലും നിലപാടുകൾ വ്യക്തമാക്കിയ ഇദ്ദേഹം ഇലക്ഷനിലേയ്ക്ക് അടുക്കുംതോറും വിവാദങ്ങളുടെ കയ ങ്ങളിൽ അകപ്പെടുകയും ചെയ്തു. അവയിൽ ചിരവൈരികളായ റഷ്യയുടെ പ്രസിഡന്റ് പ്രകീർത്തി ച്ചതും പാകിസ്ഥാനിലെ ഭീകരവാദത്തിനെതിരെ അലമുറയിട്ടതുമെല്ലാം ഉൾപ്പെടും.

ഒരു ഘട്ടത്തിൽ സർവ്വേ ഫലങ്ങളിൽ അജയ്യനായി മുന്നേറിയ ട്രംപിനെ വിവാദങ്ങൾ ഒന്നായി പിന്തുടർന്നതോടെ ഹിലരി അമേരിക്കയിൽ കാലുകൾ ഉറപ്പിച്ചു. എന്നാൽ ട്രംപിനെ വിട്ട് വിവാദങ്ങളുടെ ദുർഭൂതം കഥാന്ത്യം ഹിലരിയുടെ ദേഹത്തേക്ക് കയറുകയായിരുന്നു. പുതുവർഷ ത്തിൽ അമേരിക്കയിൽ 45-ാമത് സാരഥിയായി പടിയേറുന്നു. റിപ്പബ്ലിക് പാർട്ടിയുടെ പാപ്പനായ ഡൊണാൾഡ് ട്രംപ് അമേരിക്കയുടെ പുരോഗമനത്തിന് എങ്ങനെ ചുക്കാൻ പിടിക്കുമെന്ന ആകാംക്ഷയിൽ ആണ് ലോകജ നത. വിവാദങ്ങളെയും വിമർശ നങ്ങളെയും ചവിട്ടിമെതിച്ച് ഗജ കേസരിയോഗത്തിന് തുടക്കം കുറിച്ച ട്രംപ് ലോകജനതയെ തെരഞ്ഞെടുപ്പിൽ വിജയിച്ചു ഞെട്ടിച്ചപോലെ ഇനിയങ്ങോട്ടും അമ്പരപ്പിക്കുമോ എന്ന് കണ്ടറി യണം.







# ഇത് നിനക്കായ്

സിസ്റ്റർ ഐറിൻ, PS4

ജിഷേ,
നീ ഒരു പെൺകുട്ടിയല്ല
ഒരുപാട് പെൺകുട്ടികളിൽ ഒരാൾ മാത്രം
തകർന്നടിഞ്ഞ സ്വപ്നങ്ങൾക്കും
പെയ്ത് തീരാത്ത കണ്ണീരിനും മീതെ,
ചങ്കിൽ തുളച്ചു കയറുന്നൊരോർമ്മയായ്
ഞങ്ങളിൽ നിറഞ്ഞു നിൽക്കുന്ന
ഒരുപാട് ജിഷമാരിൽ ഒരാൾ മാത്രം

അമ്മയുടെ താരാട്ടുകൾക്കിടയിൽ
കനത്ത് നിഴലിച്ച സ്നേഹരാഹിത്യത്തിന്റെ ഗർജ്ജനവും
പിച്ചകപ്പൂവിറുത്ത്  മുടിയിൽ ചൂടി
അണിഞ്ഞൊരുങ്ങേണ്ട ബാല്യം സമ്മാനിച്ച
ദാരിദ്ര്യത്തിന്റെ നൊമ്പരവും
അരക്ഷിതത്ത്വത്തിന്റെ കൊടും വേനലും
നിന്നെ തളർത്തിയില്ലേ.....

ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽ നിന്നും
ചോരാത്ത ആത്മവീര്യത്തിന്റെ ചിറകുമായി
താനെപറന്നുയരാൻ മോഹിച്ച അഗ്നിച്ചിറകുള്ള
രാജകുമാരീ നിന്റെ പെൺവീര്യത്തിന് പ്രണാമം!
നിന്റെ ചങ്കിൽ ആഴ്ന്നിറങ്ങിയ വാളിന്
നിന്റെ ശരീരത്തെ കൊല്ലാനായി
തകർക്കാനാവില്ല നിന്റെ വാളിനും
വഴങ്ങാത്ത വീര്യത്തെ.

മാപ്പ്
ഞങ്ങൾ കാണാതെ പോയ നിന്റെ സ്വപ്നങ്ങൾക്ക്
ഞങ്ങൾ വിലകൊടുക്കാതിരിക്കുന്ന നിന്റെ ജീവിതത്തിന്
എങ്കിലും നീ ഉരുകിവീണ മണ്ണിൽ ചുവടുറപ്പിച്ച്
കരങ്ങൾ കോർത്ത് പിടിച്ച് ഞങ്ങൾ തുടങ്ങട്ടെ.....
ഇനിയൊരു ജിഷ ഉണ്ടാവാതിരിക്കാനുള്ള
അവസാനിക്കാത്ത പോരാട്ടത്തിന്.......





**Amal Paul LS4**

# Religion an Outlook

One's beliefs about God have impact upon one's beliefs regarding society. As the prayer states, "God's will should be done on earth as it is in heaven". In orthodox beliefs, it was believed that people should fear their earthly ruler as they fear God. Hence it was more easy to subjugate the ordinary people in the name of religion. It is a fact that men belong to the religion in which they are born, humiliated from childhood with qualified generalization. We embrace our traditional rituals almost with 'blind faith' along with our brest milk and naturally cling to it passionately. Thus it becomes part of our identity. So our religious opinions are formulated, we claim it in absolute terms. But science regards all established truths (other than logical findings) as subject to possible doubts correction. Consider a simple man's or woman's attitude to anyone who tells our country is inferior in its merits of traditional rituals. The first reaction will be resentment rather than intellectual curiosity. The same applies to our attitude regarding religion. Here, it is conspicuously visible that intolerance of religion contrasted to the open-mindness of science. To religion, agreement is a practical and emotional necessity and doubt is a challenge or offence. On the other hand , being open minded, science widens possibilities to promote great enthusiasm for new investigations.

It is often claimed that religion is the protector of morals. Religion, being passionate and absolute in its claims formulate moral rules as inflexible taboos .Thus corroborating the statement of Rousseau; "Man is born free and everywhere he is in chains". The absolute character of religious mortality maintained by emphasizing the terrifying consequences of disobedience. Eventually a morally weak person, with an average intellect subconsciously clings to the blind religious faith. The contemporary events of beef-ban could be regarded as a reflection of blind faith which in turn tries to distort the diversity to be replaced by supremacy of one political ideology.

"I think, therefore I am"- Rene Descartes exerts the aid of reason as supreme. If reason drives a man and it is used well, the results wouldn't be catastrophic. I realize the truth to be dynamic and ever changing. Knowledge of spirit is found not by clinging to rituals and practices, but by looking within oneself. Self knowledge would lead to knowing god. A gnostic teacher named Monoismus wrote: "Look for (God) by taking yourself as the starting point...Learn the source of sorrow, joy, love, hate. If you carefully investigate those matters, you will find him in yourself."

Jesus had encouraged self-exploration. He said, "seek and you shall find, knock and it shall be opened to you, and the kingdom of God is within you."

# മണ്ണിനെ മറക്കുന്ന മലയാളി സംസ്കാരങ്ങൾ



ജോൺസൺ ആന്റണി, KS2

ദൈവത്തിന്റെ സ്വന്തം നാട് എന്ന തലക്കെട്ട് കണ്ടിട്ടാണ് കേരളത്തിലേക്ക് ടൂർ പോകാൻ ആ കുടുംബം തീരുമാനിച്ചത്. പച്ചപ്പട്ടുവിരിച്ചതുപോലെയുള്ള മൈതാനങ്ങളും വൃക്ഷങ്ങളുടെ ശീതളഛായയിൽക്കൂടി കുണുങ്ങിക്കുണുങ്ങി ഒഴുകുന്ന തടിനികളും കൊണ്ട് കാണികളുടെ കണ്ണും കരളും കവരുന്ന കേരളം ഇന്ന് അതിന്റെ ആകാരസുഷമ നഷ്ടപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു എന്ന് ഒരു പക്ഷേ അവർ അറിഞ്ഞുകാണില്ല. നെറ്റിൽക്കയറി കേരളത്തിന്റെ ചിത്രങ്ങൾ പരിശോധിച്ചപ്പോൾ വിശാലമായ വയലുകളും തെങ്ങുകളും കാടുകളും തുടങ്ങി കണ്ട ചിത്രങ്ങളിലെല്ലാം ഒരു ചെടിയെങ്കിലും കാണുമായിരുന്നു. ഉയർന്ന കെട്ടിടത്തിലെ നാലു ചുവരുകൾക്കുള്ളിലെ അവരുടെ ജീവിതത്തിന് ഒരു പുത്തൻ ഉണർവേകും ഈ ട്രിപ്പ് എന്നവർ വിശ്വസിച്ചു. എന്നാൽ കേരളത്തിലെത്തിയപ്പോൾ കാണുന്നതാകട്ടെ മാലിന്യക്കൂമ്പാരങ്ങളും തെരുവ് നായ്ക്കളും ഉയർന്ന് ഉയർന്നുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളും. ഇങ്ങനെയൊന്നും അല്ലല്ലോ ഞങ്ങൾ വിചാരിച്ചതും ഫോട്ടോയിൽ കണ്ടതും എന്ന് അവർ തങ്ങളുടെ ഗൈഡിനോട് ചോദിച്ചു. അയാൾ മറുപടി പറഞ്ഞു, പണ്ട് കേരളീയർ മണ്ണിനെ സ്നേഹിച്ചിരുന്നു, മണ്ണ് തിരിച്ചും. എന്നാൽ കാശിനോടുള്ള അവരുടെ ആർത്തി വയലുകൾ മൂടി, കുന്നുകൾ നിരത്തി അവിടെ വലിയ കെട്ടിടങ്ങളും റബർ മരങ്ങളും കൊണ്ട് നിറഞ്ഞു. അപ്പോൾ അവർ എന്ത് തിന്നും? പെട്ടെന്ന് ആ കുടുംബത്തിലെ ചെറിയ കുട്ടി ചോദിച്ചപ്പോൾ സർക്കാർ അവർക്ക് വളരെ ചെറിയ വിലയിൽ റേഷനരി നൽകുന്നു, കൂടാതെ ഫാസ്റ്റ് ഫുഡും. ഈ യാത്ര വിചാരിച്ച ഫലം കിട്ടില്ലെന്നു തോന്നിയ വിദേശിയെ സമാധാനിപ്പിച്ചുകൊണ്ട് ഗൈഡ് പറഞ്ഞു ഇപ്പോഴും ആ വിശുദ്ധി കാത്തു സൂക്ഷിക്കുന്ന ഗ്രാമങ്ങളുണ്ടിവിടെ, എന്നാൽ അവയും ഇന്ന് വംശനാശ ഭീഷണിയിലാണ്. അവികസിതം, നാണക്കേട് എന്നൊക്കെ പറഞ്ഞ് അവയെ ചൂഷണം ചെയ്യാൻ തയ്യാറായി നിൽക്കുന്ന അനേകരുണ്ടിവിടെ. നമ്മൾ അവിടെ എത്തുന്നതുവരെ അവ അവിടെ കാണുമോ എന്ന ഭീതിയുണ്ടെനിക്ക്.

ഈ കഥ മലയാളികളായ നമ്മളോടുള്ള ചോദ്യമാണ്. പണ്ട് പാടത്തെ വരമ്പുകളിൽക്കൂടി നഗ്നപാദരായി നടന്നുപോയിരുന്ന കുട്ടികൾ ഇന്ന് വാഹനത്തിൽ മാത്രം സഞ്ചരിക്കുന്നു. കാലിൽ ഇത്തിരിപോലും മണ്ണ് പറ്റാതിരിക്കാൻ സോക്സും ഷൂസും ധരിക്കുന്നു.

കേരളത്തിൽ ഇന്ന് എങ്ങോട്ടുനോക്കിയാലും ഭായിമാരെ (അന്യസംസ്ഥാന തൊഴിലാളികൾ) കാണാം. കേരളത്തിൽ തൊഴിലില്ലായ്മ വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ എന്ത് തൊഴിലാണ് ദിനംപ്രതി കേരളത്തിലേക്കു ഒഴുകുന്ന ഈ അന്യസംസ്ഥാന തൊഴിലാളികൾ ചെയ്യുന്നത്. അവർ അധ്വാനിക്കാൻ തയ്യാറാണ്. എന്ത് പണിയും തങ്ങളാൽ കഴിയുന്ന രീതിയിൽ അവർ ചെയ്യുന്നു. എന്നാൽ മലയാളികളോ? വൈറ്റ് കോളർ ജോലിക്ക് പിന്നാലെ പോകുന്നു. കൃഷിയോട് അവർക്ക് താല്പര്യം ഇല്ല. കൃഷിക്കാരുടെ മക്കൾ പോലും കൃഷിചെയ്യാൻ മടിക്കുന്നു. എന്തുകൊണ്ടെന്നാൽ നന്നായി പഠിച്ചില്ലെങ്കിൽ പറമ്പിൽ പണിയെണ്ടിവരും എന്ന വാക്കു കേട്ടാണ് അവർ ചെറുപ്പം മുതലേ സ്കൂളിൽ പോയിരുന്നത്. വലുതായപ്പോൾ അവർക്ക് മണ്ണിലിറങ്ങാൻ മടിയായി. ഒരു നുള്ള് മണ്ണുപോലും കൈയ്യിൽ പറ്റാൻ അവർ അനുവദിക്കില്ല.

കേരളത്തിലെ പഴയ വിശുദ്ധിയും ഭംഗിയും കാത്തുസംരക്ഷിക്കുവാൻ യുവാക്കളായ നാമെല്ലാവരും മുന്നിട്ടിറങ്ങണം. എന്നും രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും രാത്രിയും കഴിക്കുന്ന ഭക്ഷണം മണ്ണിൽ പണിയെടുത്ത കർഷകന്റെ ദാനമാണ്, വെറും പിച്ച... ലാഭനഷ്ടക്കണക്കുപറഞ്ഞ് പിഴുതുമാറ്റിയ നെൽച്ചെടിയും പച്ചക്കറിയും എല്ലാം തിരിച്ചുകൊണ്ടുവരാൻ നമുക്ക് സാധിക്കണം. സ്വന്തം വീട്ടിലേക്കു വേണ്ടത് മാത്രമെങ്കിലും ഉത്പാദിപ്പിക്കാൻ നമുക്ക് കഴിയണം.





# ഓടിതീർക്കാനുണ്ട് ദൂരങ്ങൾ ബാക്കി



ബിനിത കെ. വിജയൻ

ഒരു ചെറിയ പരാജയം വിളിപ്പാടകലെ എത്തുമ്പോഴേക്കും അടിതെറ്റി വീഴുന്ന യുവജനതയാണ് ഇന്നത്തെ നമ്മുടെ സമൂഹത്തിലെവിടെയും. കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയ്ക്ക് ഉണ്ടായ ഈ മാറ്റത്തിന് കാരണങ്ങൾ പലതും പലരും ചൂണ്ടിക്കാണിക്കുന്നുണ്ട്. എന്നാൽ, ഇതിന് ഏറ്റവും അടിസ്ഥാനപരമായ കാരണം ആരംഭിക്കുന്നത് ഓരോ വ്യക്തിയുടേയും ബാല്യത്തിൽ നിന്ന് തന്നെയാണ്. മക്കളെ തങ്ങളുടെ ചിറകിൻകീഴിൽ പൊതിഞ്ഞ് മാനം കാണിക്കാതെ വളർത്തുന്ന മാതാപിതാക്കളിൽ നിന്നാണ് ഇത് തുടങ്ങുന്നത്.

മറ്റെല്ലാ ജീവികളും സ്വന്തമായി ജീവിക്കാറായ കുഞ്ഞുങ്ങളെ അതിനനുവദിക്കുമ്പോൾ നാം മനുഷ്യർ മാത്രം കുഞ്ഞുങ്ങളെ വളരുംതോറും പൊതിഞ്ഞുപിടിക്കുന്നു. ഫലമോ ആത്മവിശ്വാസമില്ലാത്ത സ്വന്തമായി ഒരു കാര്യവും ചെയ്യുവാൻ കഴിവില്ലാത്ത ഒരു യുവസമൂഹം സൃഷ്ടിക്കപ്പെടുന്നു എന്നതാണ്.

ഓരോ പരാജയവും നമ്മെ വിജയത്തിലേക്ക് അടുപ്പിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്. എന്നാൽ ഇത് മനസ്സിലാക്കാത്ത നമ്മുടെ യുവതലമുറ പരാജയപ്പെടും എന്നുള്ള ഭീതിയാൽ ഒരു കാര്യവും ചെയ്യാൻ തയ്യാറാകുന്നില്ല. ഞാനിത് ചെയ്താൽ പരാജയപ്പെടും, നാണക്കേടാകും എന്നൊക്കെയുള്ള തെറ്റായ ധാരണകളാണ് അവരുടെ മനസ്സിനെ ഭരിക്കുന്നത്. എന്നാൽ നാം മനസ്സിലാക്കേണ്ട ഏറ്റവും വലിയ വസ്തുത ഇന്നോളം വിജയിച്ചവരെല്ലാം ഒരിക്കലെങ്കിലും പരാജയം അനുഭവിച്ചിട്ടുള്ളവരാണെന്നതാണ്. പൈലറ്റാകാൻ കഴിവില്ലെന്ന് പറഞ്ഞ് പുറത്താക്കിയ വ്യക്തിയാണ് പിന്നീട് നമ്മുടെ രാഷ്ട്രപതിയും മിസൈൽ മനുഷ്യനുമായി മാറിയ എ. പി. ജെ. അബ്ദുൾകലാം.

ഒരു പുഴു പിന്നീട് ചിത്രശലഭമായി മാറുന്നതുപോലെ ഓരോ പരാജയവും നിങ്ങളുടെ ഉള്ളിൽ ഒരു വലിയ ഊർജ്ജം മുന്നോട്ടു പോകാനുള്ള കരുത്ത് നിറയ്ക്കുന്നുണ്ട്. എന്നാൽ ആ ഊർജ്ജത്തെ തിരിച്ചറിയാനോ ഉപയോഗിക്കാനോ ഭൂരിഭാഗം പേർക്കും കഴിയാറില്ല. വിജയത്തിലേക്ക് ഓടിക്കയറാനുള്ള ഊർജ്ജം നിറച്ച സമ്മാനപ്പൊതികളാണ് പരാജയങ്ങൾ. അതിനാൽ ഒരിക്കൽ പരാജയപ്പെട്ടാൽ നിരാശപ്പെടുകയല്ല വേണ്ടത്. മറിച്ച്, സന്തോഷിക്കുകയാണ് വേണ്ടത്. എന്തെന്നാൽ, വിജയം നമ്മുടെ അടുത്തെത്തിക്കഴിഞ്ഞിരിക്കുന്നു. ഒന്നു കൈനീട്ടിയാൽ തൊടാവുന്ന അത്രയും അടുത്ത്.

അത്രയും അടുത്തെത്തിയ വിജയത്തെ കൈപ്പിടിയിലൊതുക്കാൻ വേണ്ടത് കഠിനാധ്വാനവും അർപ്പണബോധവും ഈശ്വരവിശ്വാസവുമാണ്. ഓരോ പ്രതിസന്ധിഘട്ടങ്ങൾ നേരിടുമ്പോൾ നാം ഓർമ്മിക്കേണ്ടത് ഈ പ്രശ്നം നേരിടുന്ന ലോകത്തിലെ ആദ്യത്തെ വ്യക്തി ഞാനല്ല എന്നാണ്. ഉയരം കുറവായിരുന്ന നെപ്പോളിയന് ഒരു സാമ്രാജ്യം വെട്ടിപ്പിടിക്കാൻ സാധിക്കുമായിരുന്നെങ്കിൽ വിക്കനായിരുന്ന ഡെമോസ്തനീസിന് വാക്ചാതുര്യം കൊണ്ട് ഒരു ജനതയെ കൈയ്യിൽ എടുക്കാമായിരുന്നെങ്കിൽ, ഒരു കുറവുകളും ഇല്ലാത്ത എല്ലാ അനുഗ്രഹങ്ങളും ലഭിച്ചിട്ടുള്ള നമുക്ക് ജീവിതത്തിൽ എന്തൊക്കെ ചെയ്യാൻ സാധിക്കും.

തിരിച്ചറിയുക ഓരോ നിമിഷവും വിലപ്പെട്ടതാണ്. ഓടിത്തീർക്കാൻ ഒരുപാട് ദൂരം ബാക്കിയാണ്. കഴിവുകളുടെ നിധിയാണ് നിങ്ങൾ ഓരോരുത്തരും. അസാധ്യം എന്ന വാക്ക് ഭീരുക്കൾക്കുള്ളതാണ്. അസാധ്യങ്ങളെ സാധ്യമാക്കി മാറ്റുന്നതാണ് യഥാർത്ഥ ജീവിതം. ഒരു രാത്രിയും ഏറെ നീണ്ടു നില്ക്കുന്നതല്ല. ഒരു പുലരി തീർച്ചയായും വന്നെത്തും. വെളിച്ചത്തിന്റെ, പ്രത്യാശയുടെ, വിജയത്തിന്റെ ആ പുലരിയിലേക്കുള്ള ദൂരം വളരെ ചെറുതാണ്. ഓടുക മുന്നോട്ട് ഓടുക, വെളിച്ചത്തിലേക്ക് ഓടുക.



Albin James CS4

# International Year of Pulses

The 68th UN General Assembly declared 2016 as the international year of pulses. The Food and Agriculture Organization of the United Nations (FAD) has been nominated to facilitate the implementation of the year in collaboration with governments, relevant organizations, non-governmental organizations and all other relevant stakeholders.

The IYP 2016 aims to heighten public awareness of the nutritional benefits of pulses as part of sustainable food production aimed towards food security and nutrition. The year will create a unique opportunity to encourage connections throughout the food chain that would better utilize pulse based proteins, further global production of pulses, better utilize crop rotations and address the challenges in the trade of pulses.

The specific objectives of the I Y P 2016 are to:

* Raise awareness about the important role of pulses in sustainable food production and healthy diets and their contribution to food security and nutrition.
* Promote the value and utilizations of pulses throughout the food system, their benefits for soil fertility and for combating malnutrition.
* Encourage connections throughout the food chain to further global production of pulses, foster enhanced research better utilize crop rotations and address the challenges in the trade of pulses.

Pulses are annual leguminous crops yielding between one and twelve grains or seeds of variable size, shape and color within a pod, used for both food and feed. The term "pulses" is limited to crops harvested green for food, which are classified as vegetable crops, as well as those crops used mainly for oil extraction and leguminous crops that are used exclusively for sowing purpose.





Smitha P. Benny, CS6

# NOTHING IS STILL, LET IT BE

Emotions and time never stays still...
It changes and moves on
Different on the morning...
Different in the eve...
Sometimes it might be slow
At times too much fast
Hot or cool, heavy or light
It can be intense or soft
Every second is different
And emotions in each second is different
This difference is the essence of life.
This very same difference is quiet essential
The pain you feel, the pleasure
Everything is just for a second
Let the feet of pain
The feel of pleasure
Remains for ever and ever
Let it never fade.





# ബെൻഹർ



അതുല്യ റാണി പോൾ HS4

ഇന്ന് സിനിമയുടെ ലോകമാണ്. എല്ലാ വിഷയങ്ങളും ഇന്ന് സിനിമയായി നമ്മുടെ മുന്നിലെത്തുന്നു. മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മൂല്യങ്ങൾ നിറഞ്ഞതും ചരിത്രമുറങ്ങുന്നതുമായ ഒരു സിനിമയിലൂടെ കടന്നുപോവുകയാണ് നാം ഇവിടെ.

ലൂവാലേസിന്റെ പ്രശസ്ത നോവലായ 'ബെൻഹർ ക്രിസ്തുവിന്റെ കഥ' പ്രസിദ്ധീകരിച്ചത് 1880ൽ ആണ്. 1907ലും 1926ലും ഈ നോവലിനെ അവലംബിച്ച് സിനിമകൾ നിർമ്മിക്കപ്പെട്ടു. 1926ലെ സിനിമ അതുവരെയുള്ള സിനിമാനിർമ്മാണ ചിലവിൽ റിക്കാർഡ് ആയിരുന്നു. നിശബ്ദ സിനിമകളുടെ ചരിത്രത്തിലെ ഏറ്റവും ചിലവേറിയ ചിത്രം.

1959ൽ വില്യം വൈലർ സംവിധാനം ചെയ്ത് ഹോളിവുഡിൽ വീണ്ടും ഒരു "ബെൻഹർ" കൂടി പിറന്നു. അത് ലോകസിനിമയിലെ ഒരു നാഴികക്കല്ലായി കണക്കാക്കപ്പെടുന്നു. സിനിമയുടെ സെറ്റുകളെക്കുറിച്ചുള്ള സങ്കല്പത്തെത്തന്നെ മാറ്റിമറിച്ചതായിരുന്നു ബെൻഹറിന്റെ സ്റ്റുഡിയോ ഫ്ളോറുകൾ. ലക്ഷക്കണക്കിനു ഡോളർ ചിലവഴിച്ച് നിർമ്മിച്ച ഈ സിനിമ. ഏറ്റവും മികച്ച ചിത്രം, സംവിധായകൻ, നടൻ, സഹനടൻ, സെറ്റ് ഡക്കറേഷൻ, ഛായാഗ്രഹണം, വസ്ത്രാലങ്കാരം, സ്പെഷ്യൽ എഫക്ട്സ്, എഡിറ്റിംഗ്, സംഗീതം, ശബ്ദം, എന്നിവയ്ക്കുള്ള ഓസ്ക്കാർ അവാർഡുകൾ നേടി. സിനിമയെന്ന മാധ്യമത്തിന്റെ സാദ്ധ്യതകളെ പരമാവധി ഉപയോഗിച്ച ഒരു സിനിമയായി "ബെൻഹർ" കൊണ്ടാടപ്പെട്ടു.

ബെത്‌ലഹേമിലെ കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണിയേശുവിനെത്തേടി ദിവ്യനക്ഷത്രത്തെ പിൻതുടർന്ന് ജ്ഞാനികൾ എത്തിച്ചേരുന്നതിനെ സൂചിപ്പിച്ചുകൊണ്ടാണ് സിനിമയുടെ ആരംഭം. കഥ ആരംഭിക്കുന്നത് യേശുവിന്റെ പിറവിക്കുശേഷം 26 വർഷങ്ങൾ കഴിഞ്ഞാണ്.

ജറുസലേമിലെ ജൂർദിയയിലെ ധനികനായ കച്ചവട പ്രമുഖനാണ് ജൂർദാ ബെൻഹർ. റോമാ സാമ്രാജ്യത്തിന്റെ അടിച്ചമർത്തലുകൾക്കെതിരെ ജനങ്ങളിൽ പ്രതിഷേധം പുകയുന്നുണ്ട്. പുതുതായി നിയമിതനായ ഗവർണ്ണർക്കൊപ്പം പട്ടാളം ട്രിബ്യൂണലായ മെസ്സാലയും ജൂർദിയയിൽ എത്തുന്നു. മെസ്സാലയുടെ ബാല്യകാലം ജൂർദിയയിലായിരുന്നു. അക്കാലത്തെ ഏറ്റവും അടുത്ത സുഹൃത്തായിരുന്നു ജൂർദാ ബെൻഹർ. ജൂദായുടെ കുടുംബവും മെസ്സാലയോട് വളരെ സ്നേഹത്തിലായിരുന്നു. വർഷങ്ങൾ നീണ്ട പട്ടാളജീവിതത്തിനിടയിൽ മെസ്സാല വളരെ മാറിപ്പോയിരിക്കുന്നു. റോമാ ചക്രവർത്തിയുടെ മതിപ്പ് നേടുന്നതിനായി അയാൾ എന്തു ചെയ്യാനും തയ്യാറായിരുന്നു.

തന്റെ പഴയ സ്നേഹിതൻ ഉന്നതപദവിയിൽ തിരിച്ചെത്തിയതിൽ ബെൻഹർ വളരെ സന്തോഷവാനായിരുന്നു. ഊഷ്മളമായ സമാഗമം. പക്ഷെ സൗഹൃദ സംഭാഷണങ്ങൾ പതുക്കെ വഴിമാറി രാഷ്ട്രീയ ചർച്ചകളിലെത്തുന്നു. റോമാക്കാർക്കെതിരെ കലാപമുയർത്തുന്നവരെക്കുറിച്ച് ബെൻഹറിന് അറിയാമെന്ന് മെസ്സാലക്ക് മനസ്സിലാക്കുന്നു. അവരെക്കുറിച്ച് വിവരം നൽകാൻ ബെൻഹർ സന്നദ്ധനല്ല. തന്റെ ജനതയെ ഒറ്റിക്കൊടുക്കില്ലെന്ന് ബെൻഹർ പ്രഖ്യാപിക്കുന്നു. എങ്കിൽ ശത്രുവായേ ഇനി പരിഗണിക്കൂ എന്ന് കുപിതനായി പറഞ്ഞുകൊണ്ട് മെസ്സാല ഇറങ്ങിപ്പോകുന്നു.

ഇതിനിടയിൽ ജൂദോ കുടുംബത്തിലെ അടിമയായ സിമോനിഡ്സും അയാളുടെ മകൾ എസ്റ്ററും അന്തോഖ്യയിൽ നിന്നുള്ള സാർത്ഥ വാഹക സംഘത്തോടൊപ്പം തിരിച്ചെത്തുന്നു. യജമാനസ്നേഹിയായ സിമോനിഡ്സ് തന്റെ മകളുടെ വിവാഹ നിശ്ചയ വിവരം യജമാനനായ ബെൻഹറിനെ അറിയിക്കുന്നു. സുന്ദരിയും സൽസ്വഭാവിയുമായ എസ്റ്ററിനോട് ബെൻഹറിന് മാനസികമായ ആകർഷണമുണ്ട്. പക്ഷെ അവളുടെ വിവാഹം നിശ്ചയിച്ചതറിഞ്ഞതിനാൽ അയാൾ വിവാഹ സമ്മാനമായി അവൾക്ക് അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം നൽകുന്നു.

പുതിയ ഗവർണറുടെയും പട്ടാളക്കാരുടെയും തെരുവിലൂടെയുള്ള ഘോഷയാത്ര തങ്ങളുടെ ബംഗ്ലാവിന്റെ ബാൽക്കണിയിൽ നിന്ന് കണ്ടുനിൽക്കുകയായിരുന്നു ബെൻഹറും സഹോദരി ടിർസാലയും. ഇരുവരെയും സംഘത്തിലെ മെസ്സാല കാണുകയും ചെയ്തു. ഇതിനിടയിൽ ടിർസാലയുടെ കൈ അബദ്ധത്തിൽ തട്ടി ഓടിളകി താഴെ റോഡിലെ ഘോഷയാത്രയിലേയ്ക്ക് വീഴുന്നു. ഗവർണറുടെ കുതിരയുടെ മേലാണ് അത് വീണത്. വിറളി പിടിച്ച കുതിരയുടെ പുറത്ത് നിന്ന് വീണ് ഗവർണർക്ക് ഗുരുതരമായി പരിക്കുപറ്റുന്നു. മനഃപൂർവ്വം ഗവർണറെ അപായപ്പെടുത്താനുള്ള അട്ടിമറിയാണെന്നാരോപിച്ച് ബെൻഹറിനെ മെസ്സാല തടവിലാക്കുന്നു. നിരപരാധിയാണെന്നറിഞ്ഞിട്ടും മെസ്സാല തന്റെ പകമൂലം ജൂദാ കുടുംബത്തെ ശിക്ഷിക്കുന്നു. അമ്മയെയും സഹോദരിയെയും ഇരുണ്ട തടവുമുറികളിലടയ്ക്കുന്നു. ജൂദായെ അടിമപ്പാളയത്തിലേയ്ക്കും പിരിയുംമുമ്പ് ബെൻഹർ താൻ തിരിച്ചുവരുമെന്നും പ്രതികാരം ചെയ്യുമെന്നും മെസ്സാലയോട് പറയുന്നുണ്ട്.

മരുഭൂമിയിലൂടെ ചങ്ങലയ്ക്കിട്ട് മറ്റ് അടിമകൾക്കൊപ്പം തുറമുഖത്തിലേയ്ക്ക് ബെൻഹറിനെയും നടത്തിക്കൊണ്ടുപോവുകയാണ്. ക്രൂരനായ പടയാളി ബെൻഹറിന് വെള്ളംപോലും കൊടുക്കുന്നില്ല. നസ്റേത്തിൽ വച്ച് ദാഹിച്ചുതളർന്ന് കുഴഞ്ഞുവീണ ബെൻഹറിന് അജ്ഞാതനായ ഒരാൾ വെള്ളം നൽകുന്നുണ്ട്.

അയാളുടെ കണ്ണുകളിലേയ്ക്ക് നോക്കിയ ബെൻഹർ ജീവിക്കാനുള്ള പ്രത്യാശ ലഭിച്ചവനാകുന്നു. വെള്ളം കൊടുക്കുന്നതു തടയുന്ന പടയാളിയും ആ മനുഷ്യന്റെ നോട്ടത്തിൽ പതറിപ്പോകുന്നു.

കപ്പൽത്തട്ടുകളിൽ ചങ്ങലയ്ക്കുള്ളിൽ നീണ്ട മൂന്നു വർഷങ്ങൾ അടിമയായി തുഴയുകയായിരുന്നു ബെൻഹർ. മാസിഡോണിയൻ കടൽക്കൊള്ളക്കാരെ തുരത്താൻ റോമാ ചക്രവർത്തി നിയോഗിച്ച കപ്പൽപ്പടയിലെ ക്വിന്റസ് അറിയസിന്റെ കപ്പലിലെ തുഴച്ചിൽക്കാർക്കൊപ്പമാണിപ്പോൾ. തളരാതെ എത്രയോ നേരം തുഴയുന്ന ആ അടിമയെ അറിയസ് ശ്രദ്ധിച്ചു. അയാളുടെ കരുത്തിൽ മതിപ്പുതോന്നി ഗ്ലാഡിയേറ്ററായോ രഥയോട്ടക്കാരനായോ പരിശീലിപ്പിക്കാമെന്ന് വാഗ്ദാനം ചെയ്തു. പക്ഷേ ജൂദാ നിരസിക്കുന്നു. ജൂദായുടെ കണ്ണുകളിൽ പ്രതികാരത്തിന്റെ അഗ്നി കെടാതെ തിളങ്ങുന്നത് അറിയസ് തിരിച്ചറിഞ്ഞു. അതാണ് തന്നെ ജീവിപ്പിക്കുന്നതെന്നും ദൈവം തനിക്ക് വേണ്ട മാർഗ്ഗം തെളിച്ചുതരുമെന്നാണ് ബെൻഹർ മറുപടി പറയുന്നത്. കടൽക്കൊള്ളക്കാർ അവസാനം റോമൻ കപ്പൽ വ്യൂഹത്തെ ആക്രമിക്കുകയും അറിയസിന്റെ കപ്പൽ തകർക്കുകയും ചെയ്യുന്നു. പടയാളികളോട് ബെൻഹറിന്റെ ചങ്ങലമാത്രം പൂട്ടാതിരിക്കാൻ അറിയസ് മുന്നേ നിർദ്ദേശം കൊടുത്തിരുന്നു. മുങ്ങുന്ന കപ്പലിൽ നിന്നും അതുകൊണ്ട് ബെൻഹർ രക്ഷപ്പെടുന്നു. അയാൾ മുങ്ങിത്താഴുകയായിരുന്ന അറിയസിനെയും രക്ഷിക്കുന്നു. തന്റെ പട പൂർണ്ണമായും തോറ്റുതകർന്നുവെന്ന് കരുതിയ അറിയസ് ആത്മഹത്യചെയ്യാൻ ശ്രമിക്കുന്നതും ബെൻഹർ തടയുന്നു. മരപ്പാളിയിൽ പിടിച്ചുകിടന്ന ഇരുവരെയും റോമൻ കപ്പൽ രക്ഷപ്പെടുത്തുന്നു. അപ്പോഴാണ് അറിയസ് അറിയുന്നത് കപ്പൽക്കൊള്ളക്കാർ മുഴുവൻ നശിക്കപ്പെട്ടെന്നും ദൗത്യം വിജയകരമായിരുന്നുവെന്നും. വിജയത്തിന്റെ പങ്ക് ബെൻഹറിനും പകുത്ത് നൽകാൻ അറിയസ് ഒരുക്കമായിരുന്നു. വിജയസമ്മാനമായി തന്റെ ജീവൻ രക്ഷിച്ച അടിമയുടെ പേരിലുള്ള കുറ്റങ്ങൾ മാപ്പാക്കി അയാൾക്ക് സ്വാതന്ത്ര്യം നൽകണമെന്ന് സീസറിനോട് അപേക്ഷിക്കുകയും സീസർ സമ്മതിക്കുകയും ചെയ്യുന്നു. തന്റെ സർവ്വസമ്പത്തിന്റെ അവകാശിയായി പ്രഖ്യാപിക്കുകയും ജൂദായെ പുത്രനായി ദത്തെടുക്കുകയും ചെയ്തു. റോമാക്കാരുടെ ജീവിതരീതികൾ പരിചയപ്പെട്ട ബെൻഹർ വിദഗ്ദ്ധനായ രഥയോട്ടക്കാരനായി പേരെടുത്തു.

തന്റെ ജീവിതലക്ഷ്യം നിറവേറ്റാനായി ജൂദിയായിലേക്ക് മടങ്ങുകയാണ് ജൂദാ. എസ്റ്ററിന്റെ വിവാഹം നടന്നില്ലെന്നും അവൾ ഇപ്പോഴും തന്നോടുള്ള പ്രണയം കൊണ്ടുനടക്കുന്നുണ്ടെന്നും അയാൾ തിരിച്ചറിയുന്നു. അറിയസ്സിന്റെ വളർത്തുമകനായി തിരിച്ചെത്തിയ ബെൻഹർ മെസ്സാലയെ കാണുന്നു. തന്റെ അമ്മയെയും സഹോദരിയെയും മോചിപ്പിക്കാൻ ആവശ്യപ്പെടുന്നു. വൃത്തികെട്ട ഇരുട്ടുമുറികളിലെ നീണ്ട അന്വേഷണത്തിനൊടുവിൽ മെസ്സാലയുടെ സഹായി കുഷ്ഠരോഗം പിടിപെട്ട ഇരുവരെയും കണ്ടെത്തി. അവരെ കുഷ്ഠരോഗികളുടെ താഴ്വരയിലേക്ക് നാടുകടത്തുന്നു. ഒരുനാൾ ഇവരെ എസ്റ്റർ കാണുന്നുണ്ട്. പക്ഷെ ഒരിക്കലും ഈ രഹസ്യം ബെൻഹറിനെ അറിയിക്കില്ലെന്ന് എസ്റ്ററിനെക്കൊണ്ട് അവർ സത്യം ചെയ്യിപ്പിക്കുന്നു. അതിനാൽ എസ്റ്റർ ബെൻഹറിനോട് അമ്മയും സഹോദരിയും തടവറയിൽ മരിച്ചുപോയെന്ന് നുണ പറഞ്ഞു.

ഇതിനിടയിൽ ബെൻഹർ ഷെയ്ക്ക് ഇൽഡെറിം എന്ന അറബിയെ പരിചയപ്പെടുന്നു. നാല് സുന്ദരൻ വെള്ളക്കുതിരകളുണ്ട് ഇയാൾക്ക്. കുതിരയെ കെട്ടിയ രഥങ്ങൾ ഓടിക്കുന്നതിൽ വിദഗ്ദ്ധനാണെന്നു മനസ്സിലാക്കിയ അയാൾ ജൂദായെക്കൊണ്ട് നിർബന്ധിച്ച് തന്റെ കുതിരകളെ പരിശീലിപ്പിക്കുന്നു. അടുത്ത് നടക്കുന്ന മത്സരത്തിൽ തന്റെ കറുത്ത കുതിരകളുമായി മെസ്സാലയും പങ്കെടുക്കുന്നെണ്ടന്നറിഞ്ഞ ജൂദാ പക പോക്കാനുള്ള അവസരമായി മത്സരത്തിൽ പങ്കെടുക്കാൻ സന്നദ്ധനാകുന്നു.

നാലു കുതിരകളെ പൂട്ടിയ ഒമ്പത് രഥങ്ങളാണ് മത്സരത്തിനുള്ളത്. മൂർച്ചയേറിയ കുന്തമുനകൾ ഘടിപ്പിച്ച ചക്രങ്ങളുള്ള ഗ്രീക്ക് രഥമാണ് മെസ്സാലയുടേത്. അരികിലെത്തുന്ന മറ്റു രഥങ്ങളുടെ ആരക്കാലുകൾ തകർക്കാൻ അതിനാകുമെന്നും ശ്രദ്ധിക്കണമെന്നും ജൂദായെ ഇൻഡെറിം ഓർമ്മിപ്പിക്കുന്നുണ്ട്. മത്സരത്തിനിടയിൽ പല രഥങ്ങളും മെസ്സാല തകർത്തു. ജൂദായെ അപകടപ്പെടുത്താൻ കഴിവതും ശ്രമിച്ചു. പക്ഷേ ജൂദാ തന്റെ വൈദഗ്ധ്യംകൊണ്ട് ഒഴിഞ്ഞുമാറി രക്ഷപ്പെട്ടു. അവസാനം മെസ്സാലയുടെ രഥം തകർന്ന് മറ്റുകുതിരകളാൽ മെസ്സാല ചവിട്ടി കുഴക്കപ്പെടുന്നു. വിജയകിരീടമണിഞ്ഞ ജൂദാ മെസ്സാലയെ മരണക്കിടക്കയിൽ സന്ദർശിക്കുന്നുണ്ട്. മരിക്കുംമുമ്പ് ജൂദായെ ഞെട്ടിച്ചുകൊണ്ട് മെസ്സാല അവന്റെ അമ്മയേയും പെങ്ങളേയും കുറിച്ചുള്ള രഹസ്യം വെളിപ്പെടുത്തുന്നു- മത്സരം അവസാനിച്ചിട്ടില്ലെന്നും.

ഇതിനിടയിൽ യേശുവിനെക്കുറിച്ച് കേട്ടറിഞ്ഞ എസ്റ്റർ അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാനായി ജൂദായെ നിർബന്ധിക്കുന്നുണ്ട്. പക മനസ്സിൽ നിന്ന് അകറ്റാനും. പക്ഷേ ജൂദാ ചെവികൊടുക്കുന്നില്ല.

കുഷ്ഠരോഗികളുടെ താഴ്വരയിൽ നിന്ന് അമ്മയെയും അനുജത്തിയെയും കണ്ടെടുത്ത് ജൂദാ യേശുവിനെത്തേടി യാത്രയാകുന്നു.

പക്ഷെ, വൈകിപ്പോയിരുന്നു. കുരിശുമേന്തി കാൽവരിയിലേയ്ക്ക് നടത്തിക്കൊണ്ടുപോകുന്ന യേശുവിനെയാണവൻ കാണുന്നത്. പണ്ട് തനിക്ക് ദാഹജലം നൽകിയ ജീവിക്കാനുള്ള ആഗ്രഹം നൽകിയ മനുഷ്യൻ ഇതാണെന്ന് ജൂദാ തിരിച്ചറിയുന്നു. തളർന്നു വീഴുന്ന യേശുവിന് ജൂദാ വെള്ളം നൽകാൻ ശ്രമിക്കുന്നുണ്ട്. യേശുവിന്റെ അനുഗ്രഹത്തിൽ കുഷ്ഠം മാറിയ അമ്മയോടും അനിയത്തിയോടും കൂടി എസ്റ്ററിനൊപ്പം പുതിയ ജീവിതം ആരംഭിക്കുന്ന ജൂദായിൽ സിനിമ അവസാനിക്കുന്നു.

മൂന്നരമണിക്കൂറിലധികം ദീർഘമായ ഈ സിനിമയിൽ ഏറെ പ്രധാനപ്പെട്ട സീൻ രഥയോട്ടമത്സരമാണ്. സാങ്കേതികത്തികവും സെറ്റിന്റെ വലുപ്പവും വസ്ത്രാലങ്കാരവും എഡിറ്റിംഗ് രീതിയും ക്യാമറയുടെ ഉപയോഗവുമൊക്കെക്കൊണ്ട് ഇരുപത് മിനിറ്റോളം ദൈർഘ്യമുള്ള ആ സീൻ സിനിമാപഠനത്തിനുള്ള ഒരു പാഠപുസ്തകമായാണ് കണക്കാക്കപ്പെടുന്നത്.

ജൂദായും മെസ്സാലയും തമ്മിലുള്ള സമാഗമവും തുടർന്നുള്ള വാഗ്വാദവും അഭിനയത്തികവുകൊണ്ട് ഷാർട്ടൺ ഹെസ്റ്റണും, സ്റ്റീഫൻ ബോയ്ഡും ചേർന്ന് അവിസ്മരണീയമാക്കി മാറ്റി. ഷാർട്ടൺ ഹെസ്റ്റണ് മികച്ച നടനുള്ള അക്കാദമി അവാർഡുലഭിക്കുകയും ചെയ്തു. യേശുവിന്റെ കഥയെന്ന് ടൈറ്റിലിൽ കാണിക്കുന്നെങ്കിലും യേശുവിന്റെ മുഖം ഒരിക്കലും പ്രേക്ഷകരെ കാണിക്കുന്നില്ല. വിദ്വേഷത്തിന്റെയും പകയുടെയും കഥ യേശുവിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നു എന്നുമാത്രം.





# The Future of Tomorrow



Aswathy K. R., KS6

Modern Commerce is global payments and banking consulting that serves leading businesses, banking sectors, governments, and many other organizations. In modern commerce we specialize in all things commerce as well as making key performance improvements for our clients that stand the test of time. Today there is no such thing as "e-commerce", there is just commerce or perhaps the "e" has come to denote "everywhere". Consider, for example, Amazon.com opening its first retail store, target partnering with Curbside for drive by pickup, Yelp buying Eat24 to extend its digital offering into food ordering, or Warby. Parker securing the top spot on Fast Company's list of the most innovative companies "for building the first great made-on-the-internet brand...." now with a thriving new retail presence. Now that customer expectations have evolved, brands have to seamlessly connect everything from the first marketing touchpoint through the final sale. Here are three pillars of the modern commerce experience that build loyalty and drive greater life time value:

1. Personalization


   Consumers want to be recognized as the same person no matter how or where they are shopping be it browsing in the mall or making a quick purchase on their tablet. Personalization is more effective than marketing and merchandising to the masses. It is also less complicated than it seems if you have the right system for collecting and analyzing customer insights.

2. Convenience

   Retailess must provide convenient services, both online and offline, to maintain a competitive edge. Today, consumers expect to buy online and pick up in-store, or have an out-of-sock item delivered at no cost. To retain customers for life, think about how to make the consumers buying journey as frictionless as possible.

3. Mobile Experiances

   More and more, brands are offering dedicated in-store experiences that take advantage of mobile to complete the omnichannel experience and ensure commerce happens anywhere and anytime. To do omnichannel right, retailess must think about how they can use mobile devices as shopping tools eg; offering exclusive deals, produce information, loyalty incentives etc.



# ഓർമ്മയിലെ ഒ. എൻ. വി



ബിസ്മി ഇബ്രാഹിം, MLS 4

കാലം മറക്കാത്ത കാവ്യോപാസക
അണയാത്ത ദീപമായ് ജ്വലിക്കുന്നു നീ
അറിയുന്നു നിന്നിലെ പ്രതിഭയിൽ നിന്നുമാ
യറിയാത്ത നാടും നാട്ടറിവും.
കൊച്ചുദുഃഖങ്ങളെ പാടിയുറക്കിയ
കാവ്യമാധുരി കേൾക്കുവാനായ്
കാത്തിരുന്നു ഞാൻ കവിതൻ
വറ്റാത്തൊരു കാവ്യത്തിനായ്
നിൻ മന്ദസ്മിതം പൊഴിക്കുന്നു
മണ്ണിലേക്കാനന്ദമാം ഗാനമാധുരി
അനന്തവിഹായസ്സിലേക്കതുല്യമാം
ആത്മഗീതത്തിന്റെ താളലയം.
ഓർമ്മകൾ മീട്ടുന്ന തന്ത്രിതൻ മാധുര്യമി-
ന്നൊഴുകിയെത്തീടുന്നു മാനസത്തിൽ
ശാലീനയാം മലയാള മണ്ണിനെ
പട്ടുടുപ്പിച്ചു നിൻ കാവ്യങ്ങളിൽ
തെളിയുന്നു ബാല്യം കളിത്തൊട്ടിലാടി
ഗ്രാമ വിശുദ്ധിയും ഒർമ്മകളും.
നെഞ്ചിൽ നിന്നുയരുന്ന വേദന നിറയുന്ന
കവനം പൊഴിക്കുന്നു കണ്ണുനീരും
കത്തിപ്പടർന്നവ സിരകളിൽ പാറുന്നു
കരിമ്പുക നീർത്തുന്ന ജ്വാലയായി
ജീവിതം കെട്ടുപോയ് നീറുന്ന വേളകളിൽ
കൈത്താങ്ങ് നൽകിയ മനുഷ്യസ്നേഹി
കാണാത്ത പൂമരച്ചോടും മരങ്ങളും
കവിതയിൽ കാണിച്ചു തന്ന നേരം
കാതോർത്തു ഞാനാ അപൂർവ്വ സുന്ദര
രാഗത്തിൻ താളത്തിലലിഞ്ഞുചേർന്നു
മിഴിപൂട്ടി നീയോ മറഞ്ഞുപോയി
മടക്കമില്ലാത്തൊരു യാത്രപോയി
ചേക്കേറി ഓർമ്മതൻ കൂട്ടിലേക്ക്
ചാഞ്ഞൊരു പൂമരക്കൊമ്പിലേക്ക്....





# എന്താണ് ?



അഭിജിത് എം.എസ്, LS10

നിങ്ങൾ മക്കൊണ്ടയെ അറിയുമോ?

മാർക്കേസിന്റെ മക്കൊണ്ട. ഒരു ഗ്രാമം. മറവിയുടെ ഗ്രാമം. എല്ലാവരും എല്ലാം മറന്ന ഒരു ഗ്രാമം. റബേക്ക? ഊർസ്വല? ജോസ് അർക്കേഡിയോ ബുവേണ്ടിയോ? മെൽകിയാഡിസ്? ഓർമ്മയുണ്ടോ?

ഓർമ്മയുണ്ടോ ആ മുഖം... ശ്ശെ, ആ ഗ്രാമം ഓർമ്മയുണ്ടാവില്ല, നമ്മളും മക്കൊണ്ടക്കാരല്ലെ, പിന്നെങ്ങനെ ഓർക്കും. ഓർക്കാൻ മറക്കും. കാണിച്ചു തരാൻ മാർക്കേസ് ഉണ്ടായിരുന്നെങ്കിൽ....

ഉണ്ടായിരുന്നെങ്കിലെന്താ? ഒടുവിൽ മാർക്കേസും മറന്നുപോയില്ലെ.

മറന്നുപോയാൽ എന്തു ചെയ്യും? മക്കൊണ്ടക്കാർ ചെയ്തത് ചെയ്യാം. പേരെഴുതി വയ്ക്കാം. ഓരോന്നിന്റെയും പേര്, പ്രസക്തി എല്ലാം അക്കമിട്ട് എഴുതി ഒട്ടിച്ച് വയ്ക്കണം, മണ്ണ്, അമ്മ, പശു,പെണ്ണ്, ആണ്, ആശാസ്യം, അനാശാസ്യം, വിശ്വാസം, അവിശ്വാസം, ആചാരം, സദാചാരം, കൊടി, ഗാനം....

എവിടെയോ ഇരുന്ന് മാർക്കേസ് ചിരിക്കുന്നുണ്ടാവും, നിങ്ങൾ ഗാന്ധിയെ പോലും മറന്നില്ലേ എന്ന്.

ഒന്നു പോ മാർക്കേസ്. ഞങ്ങൾ ആരെ മറന്നാലും ഗാന്ധിയെ മറക്കില്ല. നൂറിന്റെ, അഞ്ഞൂറിന്റെ, ആയിരത്തിന്റെ അല്ല, ആ ഗാന്ധിക്ക് വിലയില്ലത്രെ- രണ്ടായിരത്തിന്റെയൊക്കെ ഗാന്ധിക്ക്. പുതിയ ഗാന്ധി കളർഫുൾ ആണ്, മറുകരണം കാട്ടിയിട്ടുമുണ്ട്..

ഭാഗ്യം, അവിടെയെങ്കിലും കാണാൻ പറ്റുന്നുണ്ടല്ലോ, മറന്നതാവും, കളയാൻ മറന്നതാവും.

മറന്നത് ഒരുപാടുണ്ട്. അത്... ആ, അതൊക്കെ തന്നെ. ഏതൊക്കെ മറന്നു എന്ന് ഓർക്കുന്നില്ല. ഞാനും മക്കൊണ്ടക്കാരൻ ആണല്ലോ. മറന്നതൊക്കെ ഓർത്തെടുക്കാൻ നേരമില്ല, ഓടണം. വെളുപ്പിനെ ഓടിത്തുടങ്ങണം. പുലരിയെ എങ്ങനെ അറിയും, മറന്നുപോയി. എപ്പോഴും ഇരുട്ടാണ്. പിന്നെന്ത് പുലരി. മണി അടിക്കും, യാത്ര തുടങ്ങാനുള്ളത്. അപ്പോൾ ഓടണം. വിളമ്പിയതു വിഴുങ്ങണം. വിളമ്പിയവരെ ഓർക്കരുത്. കിട്ടിയതെല്ലാം വാരിക്കെട്ടി ഓടണം, തന്നവരെ ഓർക്കരുത്, പാലം കടന്ന് ഓടണം. "കൂരായണ കൂരായണ കൂരായണ" പാലത്തിനടിയിൽ ശവമുണ്ട്. പുഴയുടെ ശവം. ഒപ്പവും എതിരെയും ഓടുന്നവരുണ്ട്. കണ്ടോ, ചിരിച്ചോ, മിണ്ടിയോ? മൂന്നു കുരങ്ങന്മാരത്രേ നമ്മൾ. ഇടവഴിയിലേക്ക് ചാഞ്ഞ് നിന്ന പൂക്കൾ, ചുവപ്പ് നിറമാണവയ്ക്ക്. റോസയോ? ചെത്തിയോ?, ചെമ്പരത്തിയോ? വ്യക്തമായി നോക്കിയില്ല. പ്രണയം, പൂജ, ഭ്രാന്ത്. ഒരേ നിറം, പല കർമ്മം, മനുഷ്യരേപ്പോലെ തന്നെ. ഒരേ നിറമുള്ള ചോര. പക്ഷേ പൂജകൾ പലതാണ്. ആയതിനാൽ പ്രണയവും പലതാവണമത്രെ. ഭ്രാന്ത്!

പൂച്ചെടി നിന്ന മുറ്റത്ത് പൂവുപോലെ ഒരു മുഖമുണ്ടായിരുന്നോ? ഓർക്കുന്നില്ല. മുഖം മാത്രം കണ്ടതായി ഓർക്കുന്നില്ല. മുഖം മാത്രം കണ്ടില്ല. ഇനി... മുഖം ഇല്ലായിരുന്നുവോ? പൂക്കൾ ചുവന്നതല്ലെങ്കിലോ? പാലപ്പൂക്കളാവാമല്ലോ, അവൾ യക്ഷിയും. യക്ഷി. വെളുത്ത സാരി ചുറ്റിയ നിറഞ്ഞ സൗന്ദര്യത്തിനടിയിലെ രക്തദാഹിയായ യക്ഷി. ഒരു മുത്തശ്ശിക്കഥയാണ്. കേട്ടവരുണ്ടോ അയ്യേ, നിങ്ങളുടെ മുത്തശ്ശി പറഞ്ഞു തന്നിട്ടില്ലേ. മുത്തശ്ശിക്ക് യക്ഷിക്കഥ അറിയില്ലേ? മറന്നതാവും. മുത്തശ്ശി മറക്കില്ല, നിങ്ങൾ മുത്തശ്ശിയെ മറന്നതാവും സാരമില്ല. യക്ഷി ഇല്ലെങ്കിലും, മുത്തശ്ശിക്കഥയിലെ പോലെ പ്രതികാരം വരും നിങ്ങളുടെ മക്കൾക്കും കൊച്ചുമകൾക്കും മറവി വരും. മക്കൊണ്ടയുടെ പ്രതികാരം, ഓർമ്മകളെ വലിച്ചു കുടിക്കുന്ന യക്ഷി. നവയുഗ യക്ഷിക്കഥകളിൽ വെള്ള സാരിയില്ല, കിടക്കയിലും മരണകിടക്കയിലും മങ്ങാത്ത മേക്കപ്പ്, ഉടയാത്ത പട്ട്, താങ്ങിയെടുക്കാൻ കനത്തിൽ ആഭരണ ആഭാസങ്ങൾ, കൊമ്പുള്ള പെണ്ണ്, വാലുള്ള ആണ്. കൂർത്ത കോമ്പല്ലിന് പകരം ചോര കിനിയുന്ന നാവ്. ദാർശനികർക്കും, എന്ന് ഭാവിക്കുന്നവർക്കും പഞ്ഞമില്ല. വഴിവാണിഭക്കാരാണ്. സംസ്കാരം, ദൈവം, പ്രത്യയശാസ്ത്രം, ഏതെടുത്താലും പത്തുരൂപ, വമ്പിച്ച ആദായ വിൽപ്പന ആശയസംവാദങ്ങൾ, കൂടെ തിട്ടൂരങ്ങളും എന്തിനെപ്പറ്റി, ലോകം മറിച്ച് വയ്ക്കാനുള്ള തിയറികളെപ്പറ്റിയോ?പുളിക്കും.

താടി വളർത്തരുത്, മുടി നീട്ടരുത്, പെണ്ണാണോ മുടി വെട്ടരുത്, ഉച്ചത്തിൽ ചിരിക്കരുത്, അമർത്തി ചവിട്ടി നടക്കരുത്, നടന്നാൽ കുലുങ്ങരുത് (ഭൂമി), ബുക്ക് ഇങ്ങനെ പിടിക്കണമെന്ന് അമ്മ പറഞ്ഞ് തന്നിട്ടില്ലേ മോളെ. താടി ഇങ്ങനെ ചെരക്കണമെന്ന്....മോനെ. കൊന്ത, ചരട്, ഏലസ്സ്, തൊപ്പി, കീറിയ ജീൻസ്, ഇറുകിയ ലെഗിംഗ്സ്, കഴുത്തിറങ്ങിയ റ്റീഷർട്ട്, സ്ലിറ്റ് കയറിയ ടോപ്പ്, ഇത്ര വലിയ ഫോണെന്തിന്? അതിൽ എന്താണ് എപ്പോഴും, ആരോടാണ്, എങ്ങനാണ്, എവിടാണ്.... അവന്റെ നോട്ടം കണ്ടില്ലേ. അവൾ ചിരിക്കാൻ പോയിട്ടല്ലേ, ചേർന്ന് നടക്കരുത്.

മുട്ടി നില്ക്കരുത്,.. ഗർഭം ഉണ്ടായാലോ?

“അല്ല എന്റെ ഗർഭമല്ല, എന്റെ ഗർഭമിങ്ങനല്ല.” കൊതിക്കെറുവിന്റെ കുന്നായ്മകൾ. മുന്തിരി പുളിച്ച കുറുക്കന്മാരുടെ ഓരിയിടൽ, കരഞ്ഞ് തീർക്കുന്ന കഴുതകൾ പിടിച്ചിട്ട് നിൽക്കാതെ പറന്നുപോയ കാലത്തിന്റെ ജല്പനങ്ങൾ എല്ലാം സംസ്കാരത്തിന് വേണ്ടി.

ഒറ്റ മുണ്ടും മേൽമുണ്ടും കുടുമയും കടുക്കനും വച്ച് നടന്നവർ, മാറു മറയ്ക്കാൻ അറിയാത്തവർ, ചോദ്യം ചോദിച്ചവരെ കൽത്തൂണിൽ കെട്ടി നിർത്തി തീയിട്ട് ചുട്ടുതിന്നവർ, പുഴകൾ വറ്റിച്ചവർ, കുന്നുകുടിയ മാലിന്യങ്ങൾക്ക് പിന്നിൽ മാന്തിപ്പൊളിക്കുന്ന മലകൾ തുരന്നെടുക്കുന്ന മടകൾ, മടവീണ പാടങ്ങൾ. മണ്ഡരി കയറി തലകരിഞ്ഞ തോപ്പുകൾ, പൂത്തുലയുന്ന മുളംകാടുകൾ, പ്രേതങ്ങൾ, പേക്കോലങ്ങൾ, കുലം മുടിച്ച് കലമുടച്ച്, അരിയും തിന്ന് ആശാരിച്ചേച്ചിയെയും കടിച്ചിട്ട് മുറുമുറുക്കുന്ന നായ്ക്കൾ കുരച്ചു ചാടുന്നു. ഞങ്ങൾ ചോദിച്ചു പോവുകയാണ് “പുതിയ തലമുറ എവിടേക്കാണ് പോകുന്നത്?”

ചുടുകാട്ടിലേക്ക്! അല്ല പിന്നെ.

നിങ്ങളാൽ ചാപ്പിള്ളകളായവയെ വാരിക്കൂട്ടി ദഹിപ്പിക്കാൻ പോകുന്നു, എന്നിട്ട് ആ തീയിൽ ചാടി ചുടല നൃത്തമാടും, ഭസ്മം വാരി പൂശും.

മുക്കിനും മൂലയ്ക്കും കോട്ടകളുണ്ട്. ഭസ്മാസുരന്റെ, ഹിരണ്യകശിപുവിന്റെ, പൂതനയുടെ, മെഫിസ്റ്റൊഫിലീസിന്റെ, മെഡൂസയുടെ.....

രാവണൻ കോട്ടയിലേക്ക് നടക്കാം. വരിവരിയായി നിരനിരയായി ഉറുമ്പുകളായി. മുന്നോട്ട് പേരില്ല. ചാപ്പകുത്തി അക്കമിട്ടിട്ടുണ്ട്. വരി തെറ്റരുത് ഇടം വലം നോക്കരുത്. നേരെ നോക്കാമോ? ഒരിക്കലും നോക്കരുത്. മുൻപേ പോയവന്റെ കാലടിയിൽ നോക്കണം. മുന്നേ പോയവർ മുടങ്ങാതെ പണിയെടുക്കുന്നുണ്ട്. തീരുമ്പോൾ പണി കൊടുക്കുന്നുണ്ട്. കുപ്പിയിൽ നിന്ന് വന്ന ഭൂതങ്ങൾ ആണെന്നാണല്ലോ വയ്പ്പ്.

രാജാ രവി വർമ്മയുണ്ട്, വെള്ള കോട്ടുമിട്ട് ടെസ്റ്റ്ട്യൂബുമായി പോകുന്നു. തിളക്കുന്ന ചായക്കൂട്ടുകളാവും ട്യൂബിൽ, പിക്കാസോയും ബെർണിനിയും കോശങ്ങളെ സസൂക്ഷ്മം കൊത്തിപ്പറിക്കുന്നു. മൈക്കിൾ ജാക്സന്റെ കൈയിൽ നിന്ന് പിടയ്ക്കുന്ന കോംപസ്, ഡിവൈഡർ ഇല്ല, ആടുതോമ എടുത്താണ്, ദോഷം പറയരുതല്ലോ, എടുത്തുപോകും സഹികെട്ടിട്ടാണ്. ഷേക്സ്പിയറിന്റെ കൈയിലെ സ്കാൽപെലിന് തരിക്കുന്നുണ്ട്, മുഖം കീറി തലയോട് കൈയിൽ എടുക്കണം. ചോര കഴുകികളയാൻ അറേബ്യയിലെ പെർഫ്യൂം മുഴുവൻ വരുത്തണം. പക്കിന്റെ മരുന്ന് കണ്ടെത്തണം, നാട്ടിൽ മുഴുവൻ ഒഥല്ലോമാരാണ്. “ടു ബി, ഓർ നോട്ട് ടു ബി.” ടാലിയാവാത്ത ജീവിതത്തിന്റെ ലയബിലിറ്റികളുമായി ചാപ്ലിൻ ഇരുട്ടുമുറിയിൽ അടച്ചിരിപ്പുണ്ട്. ആപ്പിൾ ലാപ് ടോപ്പിൽ തന്റെ മുഴുവൻ ഫോഴ്സും പ്രയോഗിക്കുന്നുണ്ട് ന്യൂട്ടൺ. ശകുന്തളയുടെ കാലിൽ ദർഭമുന കൊള്ളാനുള്ള പ്രോബബിലിറ്റിയുടെ ഇക്വേഷൻ അന്വേഷിച്ച് നടന്ന ഐൻസെറ്റൻ, ചരിത്രത്തിന്റെ താളിൽ കിടന്നുപോയ സ്റ്റീഫൻ ഹോക്കിങ്ങിന്റെ ചെകിടത്ത് ഒന്നുകൊടുത്തു. അവൻ തിരിച്ചടിക്കില്ലല്ലോ.

ജോവാനും കണ്ണകിയും ലക്ഷ്മിഭായിയും, ബെർത്തിമേസണും നാഗവല്ലിയും പിന്നെ തെക്കിനിയിലെ മറ്റ് ഭ്രാന്തികളും പുസ്തകങ്ങൾക്ക് അടയിരിക്കുകയാണ്.

കാഴ്ചകൾ കണ്ട് വരി തെറ്റിയപ്പോൾ തോളിൽ കൈ വീണു. പാൻ ഒപ്റ്റിക്കോൺ ആണ്. ഞാൻ അറിഞ്ഞില്ല, എന്നോട് ആരും പറഞ്ഞില്ല, അശരീരി വന്നു.

നീയാര്, നിനക്ക് എന്തു വേണം.

ആവശ്യം അറിയിച്ചപ്പോൾ ദക്ഷിണ വയ്ക്കാൻ പറഞ്ഞു.

ഊരു തെണ്ടിയുടെ ഓട്ടകീശയിൽ.....ഉണ്ട്! ഓട്ടക്കാലണ! ബാക്കി ലോൺ കിട്ടുമത്രെ.

ചങ്ങലയും കൈയാമവും അന്തേവാസിയ്ക്കുള്ള വസ്ത്രവും തന്നു. കഴുത്തിലണിയാൻ ചങ്ങലയിൽ കൊരുത്ത ഫിരങ്കി ഉണ്ടയും. “തല ഉയരരുത്, നട്ടെല്ല് നിവരരുത്. തുടയിൽ പിടിച്ച് വലിച്ച് അവർ നടന്നു.” മുട്ടിലിഴഞ്ഞ് വാ, നിനക്ക് ഉയരങ്ങളിലേക്ക് ഞങ്ങൾ വഴികാട്ടിത്തരാം.

അലറി വിളിച്ച് പറഞ്ഞു, “ഇത് ശരിക്കുള്ള ഞാൻ അല്ല. ശരിക്കുള്ള ഞാൻ വേറെ എവിടെയോ ആണ്.” എല്ലാം അറിയുന്നവന്റെ തിട്ടൂരം വന്നു.

“നീയാരാണെന്ന് നിനക്കറിയില്ലെങ്കിൽ നീ എന്നോട് ചോദിക്ക് നീ ആരാണെന്ന് അപ്പൊ ഞാൻ പറയാം നീ ആരാണെന്ന്. ഇനി, ഞാനാരാണെന്ന് നിനക്ക് അറിയില്ലെങ്കിലും നീ എന്നോട് തന്നെ ചോദിക്കണം ഞാനാരാണെന്ന്. ഞാൻ പറയും, നീ കേൾക്കും ഞാൻ കാണുന്നു, ഞാനേ കാണുന്നുള്ളു.”

ഒരു ഞരക്കം, ഒരു പാട്ട്, ചുമരിന്റെ വിടവുകളിൽ നിന്ന് തികട്ടി തികട്ടി വരുന്നു.

തമ്പുരാൻ നുള്ളിയാൽ ഞെട്ടറ്റു വീഴുന്ന.......... കാതോർത്തു, അല്ല, പാട്ടു മാറി.

കനക സിംഹാസനത്തിൽ കയറിയിരിക്കുന്നവൻ, ശുംഭനോ അതോ ശുനകനോ?.

ഭിത്തിയിലെ വിള്ളലിലൂടെ നോക്കിയാൽ ഒരു കണ്ണാടി, കാലത്തിനു നേരെ തിരിച്ചുവച്ച കണ്ണാടി. അതിൽ ഓർമ്മകളുണ്ട്, നിറങ്ങളുണ്ട്, പ്രണയമുണ്ട്, വിപ്ലവമുണ്ട് ചിലങ്കയുടെയും വീണയുടെയും ശബ്ദമുണ്ട്, മൈതാനത്തെ വിയർപ്പിന്റെ ഗന്ധമുണ്ട്. ആവാഹിച്ച് തളച്ച് മറവ് ചെയ്ത ഓർമ്മകൾ കണ്ണാടിക്ക് കാവലിനായി അവളുണ്ട്. യക്ഷി! രാവണൻ കോട്ടയിലെ





യക്ഷി, ശൂർപ്പണഖ. അടിച്ചമർത്തപ്പെട്ട ആഗ്രഹങ്ങളുടെ ശേഷിപ്പുകൾ കാത്തുസൂക്ഷിക്കാൻ അവളെക്കാൾ യോഗ്യത ആർക്കാണ്.

സൗന്ദര്യത്തെ വസ്ത്രമാക്കിയ വന്യത. കോമ്പല്ലുകളില്ല, കണ്ണുകളാണ്, കണ്ണുകൾ. നക്ഷത്രങ്ങളിലെ തിളയ്ക്കുന്ന തീ ഉറഞ്ഞ് കനലായ പോലെയുള്ള കണ്ണുകൾ, മയക്കുന്ന ചിരിയോടെ ഒരു ചോദ്യം “എന്താണ്?” ഒരു നോട്ടം, മെഡൂസയുടെ നോട്ടം. കണ്ണിൽ നോക്കരുത്, നോക്കിയാൽ....... ചുറ്റുമുള്ളതൊന്നും ഓർക്കാൻ പറ്റൂല്ല! മറക്കും സർവ്വവും സർവ്വസ്വവും.

മക്കൊണ്ടയുടെ ഭാവി അടിച്ച് പരത്തി ചുട്ടെടുക്കുകയാണ്. ഭൂതങ്ങൾ ഭാവി പരത്തുമ്പോൾ വർത്തമാനം കരിഞ്ഞ് കരിഞ്ഞ് കാർമേഘങ്ങളായി ചുവന്ന് മഴ പെയ്യും, ചോര മഴയായി പെയ്യും പെയ്യട്ടെ, ശൂർപ്പണഖയുടെ ദാഹം ചോര കുടിച്ച് തീരട്ടെ.

നേരമായി ഇനി തിരികെ യാത്ര. വരിവരിയായി, നിരനിരയായി, നീരും ചോരയും വാർന്നു പോയവരുടെ തിരികെ യാത്ര. വന്ന വഴിയിലൂടെ പറഞ്ഞതു തന്നെ പറഞ്ഞ്, കേട്ടതു തന്നെ കേട്ട്, ആവർത്തന വിരസമായ ചതുപ്പിലൂടെ. വശങ്ങളിൽ ശവകുടീരങ്ങൾ കാണാം, പലനിറങ്ങളിൽ സ്വന്തം നിറം നോക്കി, ചേരുന്ന നിറമുള്ള ശവകുടീരങ്ങളിൽ എത്താം, തല വെട്ടി തളികയിലാക്കി അവിടെ നൽകണം എന്നാലെ ആത്മശാന്തി കിട്ടൂ.

എന്റെ നിറത്തിലുള്ള കുടീരം എവിടെ? നിന്റെ നിറം ഏത്? തളികയുമായെത്തിയവർ ചോദിച്ചു.

രക്തത്തിന്റെ നിറം, തീക്കനലിന്റെ നിറം.

തളികാവാഹകൻ ഭാവമാറ്റം വന്ന് പറക്കും തളികാവാഹകനായി. കണ്ണ് തുറിച്ച് അയാൾ അലറി നിനക്ക് ശാന്തിയില്ല, നീ ഗതികിട്ടാതെ അലയും.

തുടങ്ങിയിടത്ത് യാത്ര അവസാനിക്കാറായി. എല്ലാ യാത്രകളും അങ്ങനെ ആണല്ലോ. നേരം വൈകിയിട്ടാവും, ഇണക്കിളികൾ, വർണ്ണക്കിളികൾ മുന്നേ പാറി പറന്നു പോകുന്നു. വർണ്ണമുള്ളവയോ അസംഭവ്യം. മക്കൊണ്ടയിൽ കാക്കകൾ മാത്രമെ ഉള്ളൂ. പിന്നെ കാപട്യത്തിന്റെ വെള്ളരിപ്രാവുകളും. അപ്പോൾ വർണ്ണക്കിളികൾ? ദേശാടകരാവും, വഴി തെറ്റിയതാവും മക്കൊണ്ടയിൽ ഇല്ലാത്തതെല്ലാം അവരിലുണ്ട്, എല്ലാ നിറങ്ങളും ഉണ്ട്. കണ്ണു തട്ടിയല്ലോ! ഒരു വർണ്ണക്കിളി 11 കെ.വി. ലൈനിൽ തൂങ്ങിയാടുന്നു, വെളിച്ചപ്പാട് തുള്ളുന്നു. ഓരോ വർണ്ണത്തൂവലും നിന്ന് കത്തുന്നു. മാംസം കരിയുന്ന ഗന്ധം. ഇത് കാണാൻ കണ്ണടക്കാരൻ ഉണ്ടെങ്കിൽ പാടിയേനെ, ബാഗ്ദാദ് ആണ് ഇതെന്ന്. ഞാൻ തിരുത്തിയേനെ. ഇത് മക്കൊണ്ടയാണ്. കരിഞ്ഞ മാംസം നിലംപതിച്ചു. വർണ്ണക്കിളി കാക്കയും കരിങ്കാക്കയുമായി. ഇണക്കിളി അതിന്റെ അരികിലിരുന്ന് കരഞ്ഞു. ഇണയുടെ തല മടിയിൽ വയ്ക്കാൻ എടുത്തപ്പോൾ അവരെ ചതച്ചരച്ച് ഒരു ലോറി കടന്നുപോയി.

സബാഷ് ! ഇപ്പോഴാണ് ശരിയായത്. മക്കൊണ്ടയിൽ വർണ്ണങ്ങളുമായി പറക്കുന്നോ? ദേശ ദ്രോഹികൾ! ഈ നാടിന് പാരമ്പര്യമുണ്ട് അതിനൊരു നിറമുണ്ട്. ആ നിറം മതി, നിറം മാറാൻ ശ്രമിച്ചാൽ, കണ്ടല്ലോ കത്തിക്കും.

സന്ധ്യ മയങ്ങുന്നു. നരസിംഹം മാറുപിളർന്ന് രക്തമൊഴുക്കിയ നേരം. ഇനി നിൽക്കാനാവില്ല, ചുമരുകൾക്കുള്ളിൽ ഒളിക്കണം. മണിച്ചിത്രത്താഴിട്ട് പൂട്ടണം, പുറത്തിറങ്ങരുത്. നായ്ക്കളുണ്ട്. ഹേഡിസിന്റെ മൂന്നു തലയുള്ള കറുത്ത നായുടെ പിഴച്ചു പെറ്റ സന്തതികൾ. ശ്രദ്ധിച്ചിരുന്നാൽ അവയുടെ മുരൾച്ച കേൾക്കാം. നഖങ്ങൾ മൂർച്ച കൂട്ടുന്നത് കേൾക്കാം. ജാലകത്തിലൂടെ നോക്കിയാൽ അവയുടെ വിഷം നിറഞ്ഞ പല്ലുകളും കാമം നിറഞ്ഞ കണ്ണുകളും കാണാം. ഇവയെ പേടിച്ചാണ് യക്ഷി പാവം സന്ധ്യ കഴിഞ്ഞാൽ പാലയുടേയും പനയുടേയും മുകളിൽ ഒളിക്കുന്നത്. കൈയ്യിൽ പെട്ടുപോയാൽ നായ്ക്കൾ പിച്ചിചീന്തും. മാംസം തിന്നും, രക്തം കുടിക്കും, അസ്ഥികൾ കൂട്ടിയിട്ട് കണ്ണീരൊഴിച്ച് കത്തിക്കും. അതിന് ചുറ്റും നിന്ന് ഓരിയിടും.

ചെവി പൊത്തി വിളക്കണച്ച് പുതപ്പിനുള്ളിൽ ഒളിക്കണം. ഓരിയിടൽ കേൾക്കരുത്. കേട്ടാൽ ഉള്ളിന്റെ ഉള്ളിലെ നായയുടെ ചങ്ങല പൊട്ടും. പൗർണ്ണമിയാണെങ്കിൽ ദേഹമാസകലം രോമം നിറയും, കോമ്പല്ല് നീണ്ട് ദംഷ്ട്രകളാവും, കണ്ണ് ചുവക്കും, ദാഹിക്കും രക്തത്തിനായി ഒടുക്കത്തെ ദാഹം. അതിന് മുന്നേ ഉറങ്ങണം. സ്വപ്നം കാണണം, സ്വപ്നത്തിൽ കാടു കയറണം. ഡിയറാമേസ്ട്ര എന്ന കാട്, ആ കാട്ടിൽ അവൻ അലയുന്നുണ്ട്. കാണണം, അവന്റെ കണ്ണിൽ നോക്കണം. അവന്റെ ചുണ്ടിൽ എരിയുന്ന ക്യൂബൻ സിഗാറിന്റെ കനൽ ഉള്ളം കൈയിൽ വാങ്ങണം. ആ കനൽ നെഞ്ചിൽ വച്ച് ഊതി ഊതി പടർത്തണം. ആ തീ കോരിയെടുത്ത് ഉണരണം, മക്കൊണ്ടയിലെ ചവറു കൂനകൾക്ക് തീയിടണം. വരണ്ട പുഴയിൽ തീ ഒഴുക്കണം. ആ ഒഴുക്കിൽ ഈജിയൻ തൊഴുത്തുകൾ കഴുകണം. പാടങ്ങളും തോപ്പുകളും മലകളും പന്തങ്ങളുമായി ആളിക്കത്തണം. ഉരുകി നില്ക്കുന്ന മക്കൊണ്ടയുടെ മാറിൽ പുതിയ വിത്തുകൾ വീശി എറിയണം. എന്നിട്ട്, ആ ചുറ്റിക പിടിച്ചു വാങ്ങി പഴുത്തു കിടക്കുന്ന ചങ്ങലയുടെ തലയ്ക്ക് നോക്കി ഒറ്റ അടി!

മക്കൊണ്ടയ്ക്ക് ഇത് അറിയാം. ഉറങ്ങിയാൽ സ്വപ്നം കാണുമെന്ന്, സ്വപ്നം വിൽക്കാനാവില്ല എന്ന്, അതുകൊണ്ട് ഉറക്കില്ല. കണ്ണടച്ച് എത്ര കിടന്നാലും ഉറങ്ങാനാവില്ല. മക്കൊണ്ടയുടെ ശാപം. ഉറക്കം നടിക്കാം സ്വയം ബോധിപ്പിക്കാം. എന്നിട്ട് അതിരാവിലെ ഓട്ടം തുടരാം. അവൾ കാത്തിരിപ്പുണ്ട് ശൂർപ്പണഖ. രാവണൻ കോട്ടയിലെ യക്ഷി, എല്ലാം മായ്ക്കുന്ന ചിരിയോടെ, കണ്ണിൽ നോക്കി അവൾ ചോദിക്കും. എന്താണ്!

# The Land of Burning Minds



RASAL SABU, LS6

We the people of India victoriously concluded the struggle for freedom in 1947. India became a democracy and remained a secular, socialist republic. Emancipation from the colonial power brought enormous progress to our nation. As a free nation, India became one of the top three countries in the world in terms of social, economic, political and cultural life. Even though we gained freedom before 70 years back, most of the people remained under brutal slavery.

The issue of intolerance reached at its culmination during last three years. Many conservative people raise strong threats against new innovative ideas and progressive steps. Kalburgi, the famous Kannada writer had to sacrifice his life because he stood against idolater. Govind Pansare and Narendhra Debolkher also were put to death by the facist extreme write activists. Perumal Murukan the Tamil writer who expoused the evil practices in the society through his book "One Part Woman"-. faced social ostracisatation, conservatives arised strong clamour for his crucification, as a result he had to abandon his pen. Respectable political leaders irresponsibly spat communal poison to create riots to create vote banks. According to many fascists even the sons and daughters of late freedom fighters have no place here.

New form of terrorism creats a threat for the society. The poor and marginalized section of society are victimised because of terrorism. Dalits still live in the island of poverty in the midest of the vast ocean of material prosperity. The upper class exploit Dalits for their selfish motives.

Corruption and nepotism became a remarkable feature of our land. The history of India is also the history of corruption. No parties are free from corruption and nepotism. Coal block allegation, Adarsh Flat controversy, 2G spectrum and DCA corruption, how much it has become our land. The political executives appoint unqualified relatives among their personal staffs which in turn promote and propagates corruption. Our leaders wear a mask and shed crocodile tears during calamities. Women confront new challenges in our society. The sexual maniacs in the society behave like barbarians towards our sisters. Alas sometimes our judiciary fail to punish this wretched beings because of the lack of evidence.

People of our nation now live in the vortex of discontent. The people hold strong indignation and detest towards our system. We will no longer remain a clumsy puppet in the hands of politicians. We will not be satisfied as long as the hypocrisy of policies prevail in the society. Let us educate the illiterate People of Bihar. Let us eradicate poverty from the NorthEast states. Let the terrorism of Kashmir change into peaceful settlement. Let us transform the slums of Mumbai into a land of heaven. Let us say farewell to the claims of torch bearers of ancient past, the claims of the followers of freedom struggle and the spoke persons of archaic form of socialism. Let us wake up to the reading newspapers without pictures of cold blooded political assassination.

We, the people of new generation of our land are indebted to reawaken the society which still remains in a dormant stage. We should use our brawn and brain to uplift the poorer section of society. We should ensure the resurrection of the marginalised sections of society who still live under oppression . Let me conclude with the words of Abdul Kalam "Let us do what India calls us to do."





# നിലയ്ക്കാത്ത ഓർമ്മകൾ



കിഷോർ രാമചന്ദ്രൻ, ELS4

ജീവിതത്തിൽ യാത്ര പോകാനാഗ്രഹിക്കാത്തവരായി ആരും തന്നെ ഉണ്ടാവില്ല. അങ്ങനെ ഒരു യാത്രാവഴിയിൽ ഒരു സോഫ്ട്വെയർ എഞ്ചിനീയർക്കുണ്ടായ അനുഭവം അയാൾ നമ്മോട് പങ്കുവയ്ക്കുന്നു.


ഞങ്ങളുടെ യാത്രയുടെ ഉദ്ദേശം ഇന്ത്യയിലെ പ്രധാനപ്പെട്ട പുണ്യസ്ഥലങ്ങൾ സന്ദർശിക്കുക എന്നതായിരുന്നു. കാശി, മധുര, ഹരിദ്വാർ, മാനസസരോവർ തുടങ്ങി ഒട്ടുമിക്ക സ്ഥലങ്ങളിലും ദർശനം നടത്തി അവസാനം എത്തിയത് തമിഴ്നാട്ടിലെ പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ പഴനിയിലായിരുന്നു. ഒരുപാട് നേരം വരിയിൽ നിന്നിട്ടാണെങ്കിലും ദർശനം കിട്ടി. ശേഷം പഴനിയിലെ ദണ്ഡായുധപാണി (മുരുകൻ) സ്വാമിയുടെ വിഗ്രഹം മനസിലോർത്ത് പുറത്തേക്കിറങ്ങി. കൂടെ വന്നവർ ചുറ്റും കറങ്ങുവാൻ പോയി. ഞാൻ ക്ഷേത്രാങ്കണത്തിൽത്തന്നെ ഒരിടത്തായി സ്ഥാനം ഉറപ്പിച്ചു. ചുറ്റും നോക്കി. പല കാഴ്ചകളും കാണാം.

കൂടുതൽ ശ്രദ്ധയിൽപ്പെട്ടത് ഒരു സാധു മനുഷ്യന്റെ രൂപമാണ്. കീറിയ ഷർട്ട്, കാവിമുണ്ട്, തലയിൽ ഒരു കമ്പിളിത്തൊപ്പി വച്ചിട്ടുണ്ട്. നെറ്റിയിൽ പൂശിയ ഭസ്മത്തിന്റെ അതേ നിറത്തിലുള്ള താടിയും മീശയും കട്ടികുടിയ പൂരികങ്ങളുമായി ഒരു വിളറിയ മുഖം. നല്ല പരിചയമുള്ള മുഖമാണല്ലോ അത്. ഞാൻ പതുക്കെ അടുത്തേക്കു ചെന്നു. മുഖത്തേക്ക് സൂക്ഷിച്ചുനോക്കിയപ്പോൾ ആളെ പിടികിട്ടി. പത്താംതരത്തിൽ രസതന്ത്രം പഠിപ്പിച്ച ബാലൻമാഷ്. കണ്ടയുടനെ ഞാൻ അദ്ദേഹത്തെ "ബാലൻമാഷേ" എന്നു വിളിച്ചു. എന്തെന്നില്ലാത്ത അത്ഭുതത്തോടെ അദ്ദേഹം എന്നെ നോക്കി ചോദിച്ചു. "ആരാ? എവിടുന്നാ ?" പഴയ സംഭവങ്ങളും മറ്റും പറഞ്ഞപ്പോൾ മാഷിന് എന്നെ ഓർമ്മ വന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ ഒരു ശിഷ്യനോടുള്ള ഗുരുവിന്റെ സ്നേഹത്തിൽ ആനന്ദാശ്രുപൊഴിച്ചു. പിന്നീട് ഞാൻ അദ്ദേഹത്തോട് കുടുംബത്തെപ്പറ്റിയും അവിടെ എങ്ങനെ എത്തിയെന്നും മറ്റും ചോദിച്ചു.

സ്വത്തിനെ സ്നേഹിച്ച്, വളർത്തി വലുതാക്കിയ തന്നെ ഉപേക്ഷിച്ചുപോയ വ്യാമോഹികളായ മക്കൾക്ക് ജന്മം നൽകിയതിന്റെ ദുഃഖം വളരെ വിഷമത്തോടെയാണെങ്കിലും അദ്ദേഹം എന്നോട് ആവർത്തിച്ചു.

വർഷങ്ങൾക്ക് ശേഷം, എഞ്ചിനീയറിംഗ് കഴിഞ്ഞ് രാപ്പകലില്ലാതെ കമ്പ്യൂട്ടർ എന്ന മനുഷ്യനിർമ്മിതമായ ഉപകരണത്തിന്റെ മുന്നിൽ, കണ്ണട കണ്ണിൽ നിന്നെടുക്കാതെ, നടുവേദനിച്ചാലും കസേരയിൽ നിന്നെഴുന്നേൽക്കാതെയുള്ള തിരക്കിട്ട ജീവിതത്തിനിടയിലും അദ്ദേഹത്തെപ്പോലെയുള്ള സാധുജന്മങ്ങളെ കണ്ടില്ലെന്നു നടിക്കുന്ന ഇന്നത്തെ സമൂഹത്തിലെ ഒരു കണ്ണിയാണല്ലോ ഞാനും എന്നോർത്ത് എനിക്ക് ലജ്ജ തോന്നി.

രാവിലെയും ഉച്ചയ്ക്കും വൈകുന്നേരങ്ങളിലും അന്നദാനമുണ്ടെന്നും ആ ഭക്ഷണം കഴിച്ച്, ക്ഷേത്രമുറ്റത്തെ രാത്രി വീശുന്ന തണുത്ത കാറ്റിന്റെ താരാട്ടുപാട്ടും കേട്ട് മാനത്തെ താരങ്ങളുടെ വർണ്ണകേളികളും കണ്ട് സുഖമായി ഉറങ്ങുന്നു. അങ്ങനെ ജീവിതം സുഖമാണെന്നും മാഷ് പറഞ്ഞു. അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്ന് "ഒന്നും പ്രതീക്ഷിച്ച് ഒരു കാര്യവും ചെയ്യരുത്" എന്ന് ഗുരു ഉപദേശിച്ചു തരുന്നതുപോലെയാണ് എനിക്ക് തോന്നിയത്. പാലു കൊടുത്ത കൈക്ക് തന്നെ കൊത്തുന്ന വിഷപ്പാമ്പുകളെയോർത്ത് ഞാൻ അദ്ദേഹത്തോട് യാത്ര പറഞ്ഞു. അദ്ദേഹത്തിന്റെ കീറിയ ഷർട്ടിന്റെ പോക്കറ്റിൽ കുറച്ച് പണം നൽകിയിട്ട് ഞാൻ പോവുകയാണെന്ന രീതിയിൽ തലയാട്ടി. അദ്ദേഹം എന്നെ നെഞ്ചോടുചേർത്തു പിടിച്ചു. എന്നിട്ടു പറഞ്ഞു "നന്നായിവരും". അദ്ദേഹത്തിന്റെ ആ വാക്കുകൾ ഇന്നും എന്റെ കാതുകളിൽ മുഴങ്ങുന്നു. ആ സ്നേഹവാത്സല്യം നിറഞ്ഞ വാക്കുകൾ ഞാനെന്റെ മനസ്സിന്റെ പുസ്തകത്താളിൽ സ്വർണ്ണലിപികളിൽ ആലേഖനം ചെയ്തു. ഒരു മനുഷ്യജീവിക്കും അദ്ദേഹത്തിന്റെ അനുഭവം ഉണ്ടാകരുതേ എന്നു മാത്രം പ്രാർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ആ മുഖം പൂർണ്ണ ബഹുമാനത്തോടെ നോക്കിക്കൊണ്ട് പഴനിയിലെ പടികളിറങ്ങി. പിന്നീട് എല്ലാ വർഷവും ഒരിക്കൽ ഞാൻ അവിടെപ്പോകുമായിരുന്നു. ബാലൻ മാഷിനെക്കാണാൻ. എന്നാൽ കഴിഞ്ഞവർഷം അദ്ദേഹത്തെ കാണാൻ സാധിച്ചില്ല. അദ്ദേഹത്തെപ്പറ്റി അവിടെയുണ്ടായിരുന്നവരോട് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മരണവാർത്തയാണറിയാൻ സാധിച്ചത്. വിഷമത്തോടെ........ അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്.... ഒരിക്കൽകൂടി ആ പടികളിറങ്ങി. ബാലൻമാഷുടെ നിലയ്ക്കാത്ത ഓർമ്മകളോടെ.......



BEEMA T. MOIDEEN, ELS4

# Those were the Days

Those days, I hold so dear to my heart
My school days, my classmates
My heart aches, my eyes fill with tears
Where have all those days gone by?
None of us escaped destiny's games
Those lovely memories I cherish, embrace me
Like a butterfly, which freaquently please
The flowers with its presence.
Everything that was fresh and awesome
Has passed in the blink of an eye
Those were days, the days of perfect happiness
From bookworms to last benchers
Nicknames to love proposals
Our big bang of friends, silly fights, daily-dullying
Friendly teachers, combined studies, group photos
Rocking annual days, group discussions, week- end outings
A lot of hands in a singlelunch box


All seems like yesterday
The nostalgia, deeply rooted in my hand
Today life is full of commitments and worries
Still I cannot stop my mind from
Engaging in that sweet memories
Those cherished moments well
Live forever in my heart
For whatever I may have achieved today,
Are all built on my past experience
I wish I could hug you all right now,
But the distance will never allow
Oh,God ! I just never really
Want a perfect life
Just one that's as happy
As my school days








# Lucid Dreams



JAISON MANUEL, KCS4

*"Immersive works of art or entertainment are increasingly not content to simply produce a new range of sensations instead, they often function as portals into Other Worlds" -Erik Davis.*

The idea of lucid dreams begins with finding the answers for the question of how do you want to feel. It becomes interesting with the idea of mediating the experience in our minds. It can be defined as directly engaging in the several specialised informations of subjectivity itself, occupying various technologies of rhetoric like language, songs, storytelling, cinema to capture and control attention and thrust one's presence of mind and into a state of deep immersion or absorption a necessary predecessor for any kind of interpersonal transformation or change or education to take place within one's psyche. We are all in a way storytellers and narrators and as narrators, we are immersed, we want to be merged with the narrative to destroy all sense of separation and to be involved in the mediated environment of the story world. We want to disappear and come out on the other side. Our desire is to be immersed, that it's not just that we suspend disbelief, but that we actively create belief using our sophisticated intelligence to support our belief in the story world rather than to question it. We actively medialise our belief and story. An artist of the 21st century knows this. His challenge is to create our technological desire to virtualize reality. We should keep in mind that we have this immense opportunity to creatively construct these worlds of stories and thus the narratives of the future have the potential to literally transform what it means to be human and to employ landscapes of mind and turn subjective experience into a living breathing painting, a wake-walking lucid dream.



# ലോകാ സമസ്താ സുഖിനോ ഭവന്തു



അർജുൻ എസ്. കുമാർ
IInd B.Com

ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നാണ് തീവ്രവാദം. അത് ഏതെ
ങ്കിലും ഒരു സമൂഹത്തെയോ സമുദായത്തെയോ ബാധിക്കുന്ന വിഭാഗീയ പ്രശ്നമല്ല. മറിച്ച് സമൂഹ
ത്തിന്റെ വികസനത്തെ തകർക്കുന്ന നശീകരണചിന്തയാണ്. ശാന്തിയും സമാധാനവും ആഗ്രഹി
ക്കുന്ന ആർക്കും തീവ്രവാദത്തെ ന്യായീകരിക്കാനാവില്ല. മനുഷ്യനെ വർഗ്ഗീയവും വംശീയവുമായി
വിഭജിക്കുന്നു എന്നതിനാൽത്തന്നെ അത് മാനവവിരുദ്ധമാണ്. വർഗ്ഗീയതയ്ക്കും തീവ്രവാദത്തിനുമെ
തിരെ വിശാലമായ കൂട്ടായ്മകൾ അനിവാര്യമാണ്. ഈ അവസരത്തിൽ അവയെക്കുറിച്ചുള്ള
ചർച്ചക്ക് ഏറെ പ്രസക്തിയുണ്ട്.

യഥാർത്ഥത്തിൽ എന്താണ് തീവ്രവാദവും ഭീകരവാദവും? മതത്തിലെയോ രാഷ്ട്രീയത്തി
ലേയോ വീക്ഷണവ്യത്യാസങ്ങൾ ന്യായവും സമുചിതവുമായ രീതിയിൽ അവതരിപ്പിക്കുന്നത് മിത
വാദമാണ്. എന്നാൽ വിയോജിക്കുന്നവരെ അതിരൂക്ഷമായ ശൈലിയിൽ സത്യസന്ധതയ്ക്കു നിര
ക്കാത്ത വിധത്തിലും വിമർശിക്കുകയാണെങ്കിൽ അത് തീവ്രവാദമാണ്. എതിരാളികളെ ചാവേർ
ആക്രമണത്തിലൂടെയും മറ്റും കൊന്നൊടുക്കുവാൻ ആഹ്വാനം ചെയ്യുന്നത് ഭീകരവാദവും. എതിരാളി
കളെ ഏതുവിധേനെയും ആക്രമിച്ചു നശിപ്പിക്കുവാൻ ആഹ്വാനം ചെയ്യുന്ന ഭീകരവാദികൾ സമൂഹ
ത്തിനു ഭീക്ഷണിയാണ്. അൽഖയ്ദയും താലിബാനും പോലുള്ള ഭരണോത്സുക വിഭാഗങ്ങൾ
സൃഷ്ടിച്ച ബുദ്ധിമുട്ടുകൾ ചെറുതല്ല. മാവോയിസ്റ്റുകളും നക്സലുകളും ഭീകരാക്രമണങ്ങളിൽ
ഏർപ്പെടുന്നു.

രാജ്യങ്ങൾ അങ്ങോട്ടുമിങ്ങോട്ടും നടത്തുന്ന ഔദ്യോഗിക ഭീകരതയും രാഷ്ട്രത്തിന്റെ പിന്തു
ണയില്ലാതെ തീവ്രവാദ ഗ്രൂപ്പുകൾ നടത്തുന്ന അനൗദ്യോഗിക ഭീകരതയുമുണ്ട്. ലോകത്ത് ഏതാണ്ട്
എല്ലാ രാജ്യങ്ങളും ഇതര രാജ്യങ്ങളിലെ ഭീകരതയെ സാമ്പത്തികമോ സൈനികമോ ആയി സഹായി
ക്കാറുണ്ട് എന്ന് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ചില രാജ്യങ്ങളിലെ സൈനികർ നടത്തുന്ന നയ
തന്ത്രഭീകരതയും ശ്രദ്ധേയമാണ്. സാമ്പത്തിക അരക്ഷിതാവസ്ഥ സൃഷ്ടിക്കുവാനായി എക്കണോ
മിക് ടെററിസവും മാർക്കറ്റിംഗ് തന്ത്രങ്ങളായി ഉപയോഗിക്കുന്ന പ്രചരണതന്ത്രഭീകരതയും ഉദാഹര
ണങ്ങളാണ്.

തീവ്രവാദത്തിന്റെ മുഖം ഭീകരമാണ്, ശരീരം ക്രൂരമാണ്, ആത്മാവാകട്ടെ, ഹിംസയും,
ചെയ്തികൾ മാനവവിരുദ്ധവും. അതുകൊണ്ടു തന്നെ തീവ്രവാദം മതവിരുദ്ധമാണ്, മാനവവിരുദ്ധ
മാണ്. മതത്തിന്റേയും രാഷ്ട്രീയത്തിന്റേയും പേരിൽ തീവ്രവാദത്തിലേയ്ക്കും ഭീകരവാദത്തി
ലേയ്ക്കും വീഴാതെ നമ്മുടെ യുവത്വത്തിന്റെ കർമ്മശേഷി സൃഷ്ടിപരമായി ഉപയോഗപ്പെടുത്താ
നുള്ള പദ്ധതികൾ സമുദായരാഷ്ട്രീയനേതൃത്വങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഒറ്റക്കെട്ടായ് ഭീകര
വാദത്തിനെതിരെ നമുക്ക് പോരാടാം





# FADING FRAGRANCE



RICHU BABY, CS6

Silvery threads cascade my window sill
Weaving extant to the gone
Time had sucked my sap of youth
Now, an octogenarian cradling the aide memory
Faded in the passage of the greatest healer
Turning back to the archaic
Fills my eyes to the brim
But never flows down
After all, time had made me adamant
The very first drop carried me
In to the hands of the oblivion
Each drizzling drop carries the carefree laughter
of heaven may care childhood
merriment gallops into nefarious youth
the sins of ommisions and commissions
dashing into my volition
qualm awaits this hindsight
pace of cantring youth diminishes
when age of wisdom steps in
again time had sewn away the
un retractable mistakes of my youth
still the saudade lingers in
causing a deep pain down my heart
spring had blossomed off forever
season of mirth and joy effaced out
I remain to embrace the flavour less winter
Every other life has withered away
Abandoning me with a Pandora's box
Impetously Zeus became angry
Dragging me to the present
"I" continue to live to kiss the
Rear side of the life.

# ലൂസിയ

India's first crowd funded film




JOSE AUGUSTINE, PS4

ക്രിസ്റ്റഫർ നോളൻ എന്ന ഒറ്റ പേര് മതി സിനിമ കാണികളിൽ എത്തിക്കാൻ. പലപ്പോഴും തലച്ചോറിനെ ചൂടാക്കാൻ മാത്രം ആവശ്യമുള്ള പുതുമകളുമായി വരുന്ന നോളൻ ചിത്രങ്ങൾ എന്നും വിസ്മയാവഹമാണ്. പൈങ്കിളി ക്ലീഷേകളും, അന്യഭാഷ റീമേക്കും വന്നുകൊണ്ടിരിക്കുന്ന കന്നടയിൽനിന്നും ഒരു അത്ഭുതവുമായ് വന്നിരിക്കുന്ന സംവിധായകനാണ് പവൻകുമാർ. "Lucid dreaming" എന്ന മനസ്സിന്റെ അവസ്ഥയെ പശ്ചാത്തലമാക്കി പവൻകുമാർ എഴുതി സംവിധാനം ചെയ്ത ചിത്രമാണ് 'ലൂസിയ.' തരംതാഴ്ന്ന മസാല സിനിമകൾ കണ്ടു വളർന്ന കന്നടക്കാർക്ക് പുതിയൊരു സിനിമാനുഭവവും, ഇന്ത്യൻ സിനിമയ്ക്കു വലിയൊരു മുതൽക്കൂട്ടമാണ് ലൂസിയ.

സൈക്കോളജിക്കൽ വിഭാഗത്തിൽപ്പെടുത്താവുന്ന ചിത്രമാണ് ലൂസിയ. ചൈനീസ് ചിന്തകനായ സ്വാങ്സുവിന്റെ ചിത്രശലഭ കഥയുമായി ഈ സിനിമയെ ബന്ധപ്പെടുത്താം. ഒരിക്കൽ സ്വാങ്സു താനൊരു ചിത്രശലഭമാണെന്ന് സ്വപ്നം കണ്ടു. ഉണർന്നപ്പോൾ താൻ ചിത്രശലഭമാണെന്ന് സ്വപ്നം കണ്ട സ്വാങ്സുവാണോ അതോ താൻ സ്വങ്സു ആണെന്ന് സ്വപ്നം കാണുന്ന ചിത്രശലഭമാണോ എന്ന സംശയത്തിലായി അദ്ദേഹം. ഇതാണ് ഈ സിനിമയുടെ അടിസ്ഥാനചിന്ത.

ഒരു നോൺ ലീനിയർ രീതിയിൽ വികസിക്കുന്ന ലൂസിയയുടെ കഥ രണ്ടുപേരുടെ സ്വപ്നങ്ങളും യഥാർത്ഥ്യങ്ങളുമായി വേർത്തിരിച്ചറിയാനാവാത്ത വിധം ഇടകലർന്നു കിടക്കുന്നതാണ്. കഥാനായകൻ നിഖിൽ ഉറക്കമില്ലായ്മ പരിഹരിക്കാനാണ് ലൂസിയ എന്ന അഡിക്ടീവായ മരുന്ന് കഴിച്ചു തുടങ്ങിയത്. സ്വപ്നങ്ങൾക്കു തുടർച്ച നൽകുകയും അവ ഓർത്തുവയ്ക്കാനുള്ള കഴിവുണ്ടാകുകയും ചെയ്യുമെന്നതാണ് ലൂസിയ എന്ന മരുന്നിന്റെ പ്രത്യേകത. ക്രമേണ യാഥാർത്ഥ്യങ്ങളും സ്വപ്നങ്ങളും ഇടകലരുകയും, ഏതാണ് യാഥാർത്ഥ്യമെന്നുള്ള വിഭ്രാന്തി നിഖിലിലും പ്രേക്ഷകരിലും ഉണ്ടാവുകയും ചെയ്യുന്നു. സ്വപ്നത്തിൽ അയാൾ സൂപ്പർസ്റ്റാർ നിക്കിയാണ്. യഥാർത്ഥ ജീവിതത്തിൽ ചെയ്യാൻ കഴിയാത്തതെല്ലാം സ്വപ്നജീവിതത്തിൽ അയാൾ നേടിയെടുക്കുകയാണ്. പണം, പ്രശസ്തി, ഇഷ്ടപ്പെട്ട പെൺകുട്ടി എല്ലാം ക്ലൈമാക്സിൽ തുടങ്ങി ക്ലൈമാക്സിൽ എത്തിച്ചേരുന്നത് ഈ സിനിമയുടെ മറ്റൊരു സവിശേഷതയാണ്.

ഇന്ത്യയിൽ ആദ്യമായി ജനങ്ങൾ നിർമ്മാതാക്കളായ സിനിമ കൂടിയാണ് ലൂസിയ. സിനിമയുടെ ഭൂരിഭാഗം ചിലവു വഹിച്ച 120 പേരുടെ പേരുകൾ ചിത്രത്തിന്റെ ആരംഭത്തിൽ എഴുതികാണിക്കുന്നുണ്ടെങ്കിലും അഞ്ഞൂറിലധികമാളുകൾ ചെറിയ തോതിൽ നിർമ്മാണച്ചിലവു വഹിച്ചിട്ടുണ്ട്.. ഇത്തരമൊരു വിഷയം സിനിമയാക്കുവാൻ നിർമ്മാതാക്കളൊന്നും തയ്യാറാകാതെ വന്നപ്പോൾ ഒരു








ഫേസ്ബുക്ക് ഗ്രൂപ്പ് തുടങ്ങിയാണ് നിർമ്മാണ ചിലവിനുള്ള പണം സമാഹരിച്ചത്. കന്നടയിലെ ആദ്യത്തെ ജനകീയ സിനിമ ആരേയും നിരാശപ്പെടുത്തിയില്ല. ലണ്ടൻ ചലച്ചിത്രോത്സത്തിൽ പ്രേക്ഷകരുടെ ഏറ്റവും പ്രിയപ്പെട്ട ചിത്രമായി ലൂസിയ മാറി. ഓസ്കർ അവാർഡിനുവേണ്ടിയുള്ള ഇന്ത്യൻ ചിത്രങ്ങളിൽ ആദ്യ ലിസ്റ്റിലും ലൂസിയ ഇടം നേടി.

സ്വപ്നമേത് യാഥാർത്ഥ്യമേത് എന്ന് തിരിച്ചറിയാനാകാതെ വന്നാൽ എങ്ങനെയിരിക്കുമെന്ന ചോദ്യത്തോടുകൂടി തുടങ്ങുന്ന ചിത്രം വ്യത്യസ്തമായ പ്രമേയമാണ് അവതരിപ്പിക്കുന്നത്. റിയലിസ്റ്റിക്കായ സംവിധാനം, അപ്രതീക്ഷിത ക്ലൈമാക്സ് രംഗങ്ങൾ തുടങ്ങിയവ ചിത്രത്തിനെ മറ്റൊരു തലത്തിലേക്കുയർത്തുമ്പോഴും ചിത്രത്തിന്റെ ഏറിയ ഭാഗവും ബ്ലാക്ക് & വൈറ്റ് കളർ ടോണിൽ ചിത്രീകരിച്ചത് ചിലരിലെങ്കിലും വിരസത പ്രകടിപ്പിക്കുന്നതാണ്.

ചില സീക്വൻസിലേയും ചിത്രസംയോജനം മുകവുറ്റതായി നിന്നു. സിനിമയിൽ ചെറിയ വേഷങ്ങൾ ചെയ്തിരുന്ന സതീഷിനെ നായകനാക്കി ചെയ്തത് ഒട്ടുംതന്നെ അദ്ദേഹം മോശമാക്കിയില്ല. പശ്ചാത്തല സംഗീതവും ക്യാമറയുമെല്ലാം സിനിമയുടെ സ്വഭാവത്തോട് ഇണങ്ങി നിന്നു. എങ്കിലും Inception, Machinist, Fight Club പോലുള്ള സിനിമകൾ ഇഷ്ടപ്പെട്ടവർക്ക് ധൈര്യമായി ലൂസിയ കാണാം. അവസാന 10 മിനിറ്റുകൾ ലോക ക്ലാസിക്ക് ക്ലൈമാക്സുകളിൽ വെച്ചുതന്നെ വേറിട്ടൊരു അനുഭവമായിത്തീർന്നു.

ഈ സിനിമയുടെ പേര് ലൂസിയ എന്നാണ്. എന്താണ് ലൂസിയ? ലൂസിയ ഒരു സ്വപ്നമാണ്. നിറങ്ങൾ ചാലിച്ച സുന്ദരമായൊരു സ്വപ്നം. ആ സ്വപ്നത്തിനു തിരക്കഥ എഴുതുന്നു ചിലർ. ആ തിരക്കഥയിൽ ചിലർ ജീവിക്കുന്നു. എന്നാൽ സ്വന്തമായി നിർമ്മിച്ച സ്വപ്നലോകത്ത് ജീവിക്കുന്നവർ യഥാർത്ഥ്യങ്ങളുടെ അടിമയാണ്. ആരും സ്വന്തം ജീവിതത്തിൽ സന്തുഷ്ടരല്ല എന്ന തിരിച്ചറിവും ഈ ചിത്രം നൽകുന്നു. നേരിട്ട് അനുഭവിച്ചില്ലെങ്കിലും കഥാപാത്രങ്ങളിലൂടെയെങ്കിലും ലൂസിയ എന്താണെന്ന് തിരിച്ചറിയാൻ ശ്രമിക്കുക. നമ്മുടെയൊക്കെ ചെറിയ ജീവിതങ്ങൾ മറ്റു ചിലരുടെ വലിയ സ്വപ്നങ്ങളാണ് എന്ന കണ്ടെത്തലിലാണ് സിനിമ അവസാനിക്കുന്നത്. ഈ സിനിമയുടെ പാത പ്രണയത്തിന്റെയാണ്, നഷ്ടസ്വപ്നങ്ങളുടെയാണ്!




# പലായനം



അനു ഫ്രാൻസീസ്
CS4

ബന്ധുസുരയും മാഞ്ചരയും
വറ്റിവരണ്ടിതാ കിടപ്പൂ
ഇനിയൊരു ഗോദാവരിയോ
സായിയോ ബാക്കിയാകുമോ
നിങ്ങൾക്കൂറ്റുവാൻ കുഴലിറക്കുവാൻ
മധുരം നിറച്ച ഡാഡിയിതാ
വരൾച്ചതൻ ദുഃഖത്തിലമരുന്ന
ദൈവത്തിൻ ഗ്രാമത്തിനാകുമോ
ഇനിയൊരു പുനർജന്മം
നിങ്ങളാണ് നമ്മളാണ്
ഈ ദുരവാസം തൻ ഹേതു
എത്രയോ ബാല്യങ്ങൾ
എത്രയോ കൊച്ചുജീവിതങ്ങൾ
കാണുന്നില്ലേ നിങ്ങൾ
മരണം പരത്തിയൊരിരുളിൽ
കണ്ണീരറ്റു കേഴുന്നിതാ
നോക്കുക ദൈവത്തിൻ നാട്ടിലേക്ക്
ശ്യാമസുന്ദരകേരകേതാര ഭൂമിയെ-
ന്നുറക്കെപ്പാടുവാനാകുമോ?
ഇവിടെയിതാ മറ്റൊരു ഗോദാവരീതീരം
ഓർക്കുക പ്രകൃതിയാമമ്മതൻ
നെടുവീർപ്പിലലിയുന്ന കണ്ണീർക്കണം

മലകളെ നിങ്ങളിന്നെവിടെ?
ഞങ്ങൾക്കൊരിറ്റു ദാഹജലം
നൽകുവാൻ വർഷം മറന്നുവോ
അല്ല...........ഞാൻ വഴി മറന്നതാണ്
നദികൾ തൻ കളകളാരവവും
മലകൾതൻ ഉച്ചിയിൽത്തട്ടി
ത്തലോടുവാൻ ഇന്നെനിക്കാവുമോ
എവിടെയാണ് എവിടെയാണ്
മലകളും പുഴകളും കാടുകളും?
വീണ്ടുമിവിടെത്തെളിയുന്നു
ഗോദാവരീതീരവും പലായനവും
എവിടേയ്ക്കാണെന്നറിയില്ല
കോളക്കമ്പനികൾ തരുമോ
ദാഹമകറ്റാൻ ഒരിറ്റു ജലം
പ്രാണവായുതൻ ബോട്ടിലുകൾ
ഭാവിയായി മുന്നിൽ തെളിയുന്നു
ഇനിയൊരാലത്തൂർ
പുനർജ്ജനിക്കുമോ ഏലക്കാടുകളിൽ
കാണുന്നിതാ ഞാനീ പലായനം
പലായനം.............. പലായനം










# ഓർമ്മയിലെ ന്യൂമാൻ

കേരനിരകളാൽ സമ്പൽസമൃദ്ധമായ നാട്-കേരളം. അവിടെ ഇടുക്കി എന്നൊരു ജില്ലയുടെ അഴകായി മാറിയ തൊടുപുഴ പട്ടണത്തിൽ ന്യൂമാൻ എന്നൊരു കലാലയത്തിലാണ് ഞാൻ പഠിച്ചത്. എന്നെ ഞാനാക്കിയ കാലാലയം ന്യൂമാൻ എന്നും മറക്കാനാവാത്ത വസന്തമാണ് സമ്മാനിച്ചത്. ഒരു മറക്കാനാവാത്ത വസന്തമാണ് സമ്മാനിച്ചത്. ജീവിതത്തിന്റെ നാൽക്കവലകളിൽ വഴിതെറ്റി ഞാനലഞ്ഞപ്പോൾ എന്നെ കൈപിടിച്ചു നടത്തിയ അദ്ധ്യാപകരെ സമ്മാനിച്ച, ഇണക്കങ്ങളും പിണക്കങ്ങളും ജീവിതത്തിന്റെ മനോഹാരിത കാണിച്ചുതന്ന കൂട്ടുകാരെ സമ്മാനിച്ച, സൗഹൃദങ്ങൾ സൗഭാഗ്യങ്ങൾ ആയിമാറാൻ പഠിപ്പിച്ച ആത്മബന്ധങ്ങളുള്ള ഒരു കോളേജ്.................. സ്വർണ്ണലിപികളാൽ എഴുതപ്പെടേണ്ട ഹൃദയത്തിൽ കൊത്തിവെയ്ക്കേണ്ട ഒരു നാമം ന്യൂമാൻ......

ഈ പേരു സൂചിപ്പിക്കുന്നതുപോല തന്നെ പുതിയൊരു മനുഷ്യനെ രൂപപ്പെടുത്തുന്നതിൽ ഒത്തിരി സ്വാധീനിച്ച ഒരു കലാലയമാണ് ഇത്. കാലഘട്ടത്തിന്റെ രഥചക്രം പുറകോട്ടുതിരിയുമ്പോൾ പുണ്യങ്ങളുടെ കേദാരമാകാൻ ഞാൻ ശ്രമിച്ചതും ഇന്ന് കൂട്ടിനുള്ളതും ന്യൂമാനിൽ നിന്ന് ഞാൻ ആർജ്ജിച്ചെടുത്ത പുണ്യങ്ങളും നന്മകളും തന്നെ. ഇന്ന് ഒട്ടനവധി ആളുകൾ എന്നെ നോക്കി വിലപിക്കുന്ന പലരും പൂച്ചെണ്ടുകൾ അർപ്പിക്കുന്ന എന്റെ പ്രിയ കലാലയമേ, ഇന്ന് ഈ ശവമഞ്ചത്തിൽ കിടന്ന് നിന്നോടു ഞാൻ വിടപറയുന്നു. കാരണം നീയാണ് എനിക്ക് മറക്കുവാൻ ആകാത്ത ഓർമ്മകൾ സമ്മാനിച്ചത്.



# Noopura 2K17 A Grade Winners

## First Prize Winner



**KIRAN SHAJI**
A Grade in Malayalam Elocution



**AMMU MARIA ALEX**
A Grade in Malayalam Essay Writing



**NITHYA N. R.**
A Grade in Bharathanatyam



**JAMES BINU CHACKO**
A Grade in Classical Music & Light Music



**NEENU JOSE**
A Grade in English Essay Writing



**KRISHNAPRIYA S.**
A Grade in Keralanadanam



**NAVEEN THOMAS**
A Grade in English Elocution



**AMBADY MOHANAN**
A Grade in Photography



**ADITHYAN VIJAY**
A Grade in Folk Dance & Kavithaparayanam



**ALEENA GEORGE**
A Grade in Light Music



**BINEESHA SHAJI**
A Grade in Hindi Elocution



**TEEN MARIA GEORGE**
A Grade in Hindi Recitation



**AKSHARA SUDHAKARAN**
A Grade in Aksharaslokam









Lightening the Lamp


Rangapooja

Dance Club Inauguration





Jittin Joy, ES3



Anand Viswanath, PS5

# നിറച്ചാർത്ത്



Manju Vincent, B. Com Self




Jismon, KS3





Jismon, KS3




Jishnu Santhosh, ES3





Donna Thomas, MS3













Inaugural Speech





























Flag Hoisting

# College Teams



Weight Lifting




Men Cricket




Women Cricket



# University Winners



Piesty Abraham KCS2
Gold Medal in M. G. University competition and participated in All India Inter University Competition



Aravind Mohan M56
Second Position in Weight Lifting and Second Position in M. G. University Powerlifting



Yeswanth Raju PS4
First in M. G. University Weight lifting and Third Position in the Power Lifting



Arshad K. M. KS4
First in MG University Weight Lifting



Jiss Mathew
Second position in MG University weight lifting, best Physique Competition & Gold Medal in State level Armwrestling.



Tony Thomas
Second position in M. G. University Weight Lifting Championship



Devaprasad M. KS2
Got Gold medal in the M. G. University Taekwondo Championship



Abin Baby HS2
Represented Kerala in All India Junior Tug of War competition



Rahul Premji HS2
Represented Kerala in All India Junior Tug of War competition



Aby Abraham KFS10
Silver Medal in State Level Shooting Championship



Ashil Joy LS10
First Prize in MG University Weight Lifting



Sinu Joy MLS2
Second position in M. G. University Wrestling Championship



Anitha Sunny ZS6
Second position in M. G. University Wrestling Championship



Anupriya Biju MS4
Represented Kerala Junior National Tug of War and secured third position, participated in state kerala championship & Boxing Championship, secured IInd position in state Jnr. Boxing.



Milan James LS6
Gold medal in Kerala State Shooting Championship and participated in National Competition

# യൂണിയൻ റിപ്പോർട്ട്

2016–2017 കലാലയ വർഷത്തെ ന്യൂമാൻ കോളേജ് യൂണിയന്റെ പ്രവർത്തനറിപ്പോർട്ട്. 2016 സെപ്തംബർ മാസം 8–ാം തീയതി മാർ മാത്യു പോത്തനാമുഴി ഹാളിൽ വച്ച് കോളേജ് പ്രിൻസിപ്പൽ റവ. ഡോ. വിൻസെന്റ് നെടുങ്ങാട്ടിന്റെയും വൈസ് പ്രിൻസിപ്പൽ റവ. ഡോ. മാനുവൽ പിച്ചളക്കാട്ടിന്റെയും ബർസാർ ഫാ. തോമസ് പുവത്തിങ്കലിന്റെയും സ്റ്റാഫ് അഡ്വൈസർ പ്രഫ. കെ. പി. ബെന്നിയുടെയും നേതൃത്വത്തിൽ കോളേജ് യൂണിയൻ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

| | |
|---|---|
| **ചെയർമാൻ** | – **അമൽ സെൽവി** |
| **വൈ. ചെയർപേഴ്സൺ** | – **അമ്മു മരിയ അലക്സ്** |
| **ജനറൽ സെക്രട്ടറി** | – **കിരൺ ഷാജി** |
| **യൂണി: യൂണിയൻ കൗൺസിലേഴ്സ്** | – **അമ്പാടി മോഹനൻ, അമൽ കൃഷ്ണ ഇ. എസ്.** |
| **ആർട്ട്സ് ക്ലബ് സെക്രട്ടറി** | – **ഡിന്റോ ബെന്നി** |
| **മാഗസിൻ എഡിറ്റർ** | – **ജിബിന ജയിംസ്** |
| **സ്പോർട്ട്സ് ക്ലബ് സെക്രട്ടറി** | – **ബ്രോഫിൻ ഡയസ്** |
| **വനിത പ്രതിനിധികൾ** | – **ഗോപിക രാജഗോപാൽ, അശ്വതി കെ. ആർ.** |
| **ഒന്നാം വർഷ പ്രതിനിധി** | – **അഷ്ക്കർ അലി** |
| **രണ്ടാം വർഷ പ്രതിനിധി** | – **ആൽബിൻ ജയിംസ്** |
| **മൂന്നാം വർഷ പ്രതിനിധി** | – **കൃഷ്ണകാന്ത് എൻ. എസ്.** |
| **പി. ജി. പ്രതിനിധി** | – **കൃഷ്ണദത്ത്** |

- **പ്രതിജ്ഞ**

ഒക്ടോബർ മാസം 31–ാം തീയതി മാർ മാത്യു പോത്തനാമുഴി ഹാളിൽ വച്ച് നടന്ന ലളിതമായ ചടങ്ങിൽ ചെയർമാൻ അമൽ സെൽവിയുടെ നേതൃത്വത്തിൽ യൂണിയൻ ഭാരവാഹികൾ സത്യ പ്രതിജ്ഞ ചെയ്ത് അധികരമേറ്റെടുത്തു. സ്റ്റാഫ് അഡ്വൈസറായി പ്രൊഫ. കെ. പി. ബെന്നി നിയമിത നായി.

- **യൂണിയൻ ഉദ്ഘാടനം**

ഈ വർഷത്തെ കോളേജ് യൂണിയന്റെ ഉദ്ഘാടനം 2016 നവംബർ 4–ാം തീയതി ഓഡിറ്റോറിയ ത്തിൽ വച്ച് നടത്തപ്പെട്ടു. ആനന്ദം സിനിമ അഭിനേതാക്കൾ ഉദ്ഘാടനകർമ്മം നിർവഹിച്ചു. കോളേജ് യൂണിയൻ ചെയർമാൻ അമൽ സെൽവി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രിൻസിപ്പൽ റവ. ഡോ. വിൻസെന്റ് നെടുങ്ങാട്ട്, വൈസ് പ്രിൻസിപ്പൽ റവ. ഡോ. മാനുവൽ പിച്ചളക്കാട്ട്, സ്റ്റാഫ് അഡ്വൈസർ പ്രൊഫ. കെ. പി. ബെന്നി എന്നിവർ പ്രസംഗിച്ചു.

- **അനാഥാലയ സന്ദർശനം**

എല്ലാ മാസവും യൂണിയൻ അംഗങ്ങൾ സാന്ത്വനപരിചരണം, അനാഥാലയ സന്ദർശനം എന്നിങ്ങനെയുള്ള കാരുണ്യപ്രവർത്തനങ്ങൾക്ക് നേതൃത്വവും സഹായവും നൽകുകയുണ്ടായി.

- **രക്തദാന ക്യാമ്പ്**

കോളേജിലെ നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ ഐ. എം. എ. രക്തബാങ്കു മായി ചേർന്ന് നടത്തിയ രക്തദാന ക്യാമ്പിൽ നൂറോളം വിദ്യാർത്ഥികൾ പങ്കെടുക്കുകയും രക്തഗ്രൂപ്പ് നിർണയവും രക്തദാനവും നടത്തുകയും ചെയ്തു.

- **കേരളപ്പിറവി ദിനാഘോഷം**

എല്ലാ വർഷത്തെക്കാൾ വ്യത്യസ്തമായി ഈ കലാലയ വർഷത്തിൽ കേരളപ്പിറവി ദിനത്തോട നുബന്ധിച്ച് കോളേജ് യൂണിയനും, വിമൺ എംപവർമെന്റ് സെല്ലിന്റയും സംയുക്താഭിമുഖ്യത്തിൽ



വിദ്യാർത്ഥികൾക്കായി നവംബർ ഒന്നാം തീയതി കോളേജ് ഗ്രൗണ്ടിൽ വടംവലി മത്സരം സംഘടിപ്പി ക്കുകയും അന്നേദിവസം തന്നെ കോളേജ് ഓഡിറ്റോറിയത്തിൽ പുരുഷകേസരി, മലയാളി മങ്ക എന്നീ മത്സരങ്ങൾ നടത്തുകയും ചെയ്തു. അറുപതോളം വിദ്യാർത്ഥിനി വിദ്യാർത്ഥികൾ മത്സരിച്ചതിൽ നിന്നും പുരുഷ കേസരിയായി ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ അലൻ ജോസും മലയാളി മങ്കയായി മാത്ത്സ് ഡിപ്പാർട്ട്മെന്റിലെ ഗോപിക മോഹനും തിരഞ്ഞെടുക്കപ്പെട്ടു.

- **ഡിബേറ്റ് ക്ലബ്**

ബഹു. വൈസ് പ്രിൻസിപ്പൽ റവ. ഡോ. മാനുവൽ പിച്ചളക്കാട്ട് ഇംഗ്ലീഷ് വിഭാഗ അധ്യാപിക പ്രൊഫ. പ്രിൻസി ജേക്കബ് എന്നിവരുടെ നേതൃത്വത്തിൽ ഡിബേറ്റ് ക്ലബിന്റെ പ്രവർത്തനങ്ങൾ സജീ വമാക്കുകയും വിവിധ കോളേജിലെ മത്സരങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ പങ്കെടുത്ത് സമ്മാ നാർഹരാവുകയും ചെയ്തു.

- **വോയ്സ് ഓഫ് ന്യൂമാൻ**

മികച്ച ഗായകരെ കണ്ടെത്താനുള്ള തേസ്ഡേ റൈംസ് എന്ന സംഗീതപരിപാടിയുടെ ഫൈനൽ കോളേജ് ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. അമ്പതോളം ഗായകർ മാറ്റുരച്ച മത്സരം മുൻവർഷങ്ങളെ അപേക്ഷിച്ച് വലിയ വിദ്യാർത്ഥി പ്രാതിനിധ്യം കൊണ്ട് ശ്രദ്ധേയമായിരുന്നു. രണ്ടാം വർഷ ആംഗലേയഭാഷ വിദ്യാർത്ഥി ജയിംസ് ബിനു ചാക്കോയും ജന്തുശാസ്ത്ര വിദ്യാർത്ഥി അലീന ജോർജും മികച്ച ഗായകരായി തിരഞ്ഞെടുക്കപ്പെട്ടു.

- **മുദ്ര 2017**

ഈ വർഷത്തെ ആർട്ട്സ് ഫെസ്റ്റ് ജനുവരി 5, 6 തീയതികളിൽ നടന്നു. കോളേജ് പ്രിൻസിപ്പൽ റവ ഡോ. വിൻസെന്റ് നെടുങ്ങാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് അരങ്ങിലും അണിയറയിലു മായി നിരവധി വിദ്യാർത്ഥിനി വിദ്യാർത്ഥികൾ കലാവാസനകൾ മാറ്റുരച്ചു. ഇംഗ്ലീഷ്, റെഗുലർ ബി.കോം., ഫിസിക്സ് യാഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

- **സെമിനാർ – കാർഷികവൃത്തിയും ആധുനിക ലോകവും**

യുവജന കമ്മീഷന്റെ നേതൃത്വത്തിൽ കാർഷികവൃത്തിയും ആധുനികലോകവും എന്ന വിഷ യത്തെ ആസ്പദമാക്കി ജനുവരി മാസം 20–ാം തീയതി കോളേജ് ഓഡിറ്റോറിയത്തിൽ സെമിനാർ നട ത്തപ്പെട്ടു. യുവജനകമ്മീഷൻ ചെയർപേഴ്സൺ ചിന്താ ജെറോം അദ്ധ്യക്ഷത വഹിച്ച യോഗം ബഹു. വൈദ്യുതി വകുപ്പ് മന്ത്രി എം. എം. മണി ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ റവ. ഡോ. വിൻസെന്റ് നെടുങ്ങാട്ട്, NSS കോ-ഓർഡിനേറ്റർ ഡോ. പ്രൊഫ. സാജു എബ്രഹാം, കോളേജ് യൂണിയൻ ചെയർമാൻ അമൽ സെൽവി എന്നിവർ ആശംസകൾ അർപ്പിച്ചു.

- **സ്പോർട്ട്സ്**

ഈ വർഷത്തെ കായികമേള ഫെബ്രുവരി മാസം മൂന്നാം തീയതി നടത്തി. തിളക്കമാർന്ന മാർച്ച് പാസ്റ്റോടെ തുടക്കം കുറിച്ച കായികമേളയുടെ ഉദ്ഘാടനം കേരള ക്രിക്കറ്റ് അസ്സോസിയേഷൻ പ്രസിഡന്റ് ശ്രീ. ബി. വിനോദ് നിർവ്വഹിച്ചു. നിരവധി വിദ്യാർത്ഥി വിദ്യാർത്ഥിനികൾ വിവിധയിന കായിക മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനാർഹരായി.

- **ഫുഡ് ഫെസ്റ്റ് – 2017**

വിമൺ എംപവർമെന്റ് സെല്ലിന്റെയും കോളേജ് യൂണിയന്റെയും സംയുക്താഭിമുഖ്യത്തിൽ ഫെബ്രുവരി 7–ാം തീയതി നടത്തിയ ഫുഡ്ഫെസ്റ്റ് മുട്ടം റീജണൽ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ജോൺസൺ മാത്യു ഉദ്ഘാടനം ചെയ്തു. ഡിപ്പാർട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഫെസ്റ്റ് മുൻ വർഷങ്ങളിലേതിനേക്കാൾ വ്യത്യസ്ത വിഭവങ്ങളും മത്സരപരിപാടികളും കൊണ്ട് മിക വുറ്റതായി.

- **ന്യൂമാൻ 20–20 ക്രിക്കറ്റ് കപ്പ്**

ഫെബ്രുവരി മാസം പതിമൂന്ന് മുതൽ പതിനാറുവരെ സ്പോർട്ട്സ് ക്ലബ് സെക്രട്ടറി ബ്രോഫിൻ ഡയസിന്റെ നേതൃത്വത്തിൽ കോളേജ് ഗ്രൗണ്ടിൽ സംഘടിപ്പിച്ച ന്യൂമാൻ 20–20 ഇന്റർ കോളേജിയേറ്റ് ക്രിക്കറ്റ് ടൂർണമെന്റ് കേരള ക്രിക്കറ്റ് ടീം ക്യാപ്റ്റൻ ശ്രീ. സച്ചിൻ ബേബി ഉദ്ഘാടനം ചെയ്തു. കേരള ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. ബി. വിനോദ് വിശിഷ്ടാഥിതിയായിരു ന്നു. ആവേശകരമായ ഫൈനൽ മത്സരം എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരി വിരുദ്ധ ബോധ വത്കരണ പ്രചരണാർത്ഥം വിമുക്തി–2017 എന്ന പേരിൽ നടത്തപ്പെടുകയും മത്സരത്തിൽ ന്യൂമാൻ കോളേജ് ടീം കപ്പു നേടുകയും ചെയ്തു.

- **എം. ജി. കലോത്സവം – നൂപുര 2017**

തികച്ചും വ്യത്യസ്തമായി ഈ കലാലയ വർഷത്തിൽ കോഴഞ്ചേരി സെന്റ്. തോമസ് കോളേജിൽ വച്ച് നടന്ന നൂപുര 2017 എന്ന എം. ജി. യൂണിവേഴ്സിറ്റി കലോത്സവത്തിൽ എല്ലാ മത്സരയിനങ്ങളിലും തന്നെ നമ്മുടെ കോളേജിനെ പ്രതിനിധീകരിച്ച് വിദ്യാർത്ഥികൾ പങ്കെടുക്കുകയുണ്ടായി. ഇതിൽ മലയാള പ്രസംഗം യൂണിവേഴ്സിറ്റി ഒന്നാം സ്ഥാനം കിരൺ ഷാജി കരസ്ഥമാക്കുകയും, പതിനാലു വിദ്യാർത്ഥികൾ എ ഗ്രേഡിന് അർഹരാവുകയും ചെയ്തു.

- **അവയവ ദാനം**

ഈ വർഷത്തെ യൂണിയന്റെ ഏറ്റവും വലിയ ലക്ഷ്യമായിരുന്നു അവയവദാന ബോധം വിദ്യാർത്ഥികളിൽ ഉണ്ടാക്കുക എന്നത്. പ്രഭാഷകൻ ഫാ. ഡേവിസ് ചിറമേലിന്റെ നേതൃത്വത്തിൽ അവയവ ദാന ബോധവൽക്കരണ ക്ലാസ് നൽകുകയും നിരവധി വിദ്യാർത്ഥികൾ അവയവം ദാനം ചെയ്യാമെന്നുള്ള സമ്മതപത്രം നൽകുകയും ചെയ്തു.

- **തക്ഷക് 2017**

ഈ വർഷത്തെ കോളേജ് ഡേ ദിനാഘോഷ പരിപാടികൾ 2017 മാർച്ച് മാസം 8–ാം തീയതി കോളേജ് ഓഡിറ്റോറിയത്തിൽ ഭംഗിയായി ആഘോഷിച്ചു. ചെയർമാൻ ശ്രീ അമൽ സെൽവിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം 'ഒരു മെക്സിക്കൻ അപാരത' ഫിലിം നായകൻ ശ്രീ. ടോവിനോ തോമസും സഹപ്രവർത്തകരും ഉദ്ഘാടനം ചെയ്തു. അന്നേ ദിവസം ഡിപ്പാർട്ട്മെന്റ് ഡേ ആഘോഷങ്ങളും നടത്തപ്പെട്ടു.

ഈ കലാലയ വർഷത്തിൽ നമ്മുടെ വിദ്യാകേന്ദ്രത്തിന്റെ സൽപ്പേരിന് മകുടം ചാർത്തികൊണ്ട് എം. ജി. യൂണിവേഴ്സിറ്റി കലോത്സവത്തിൽ പങ്കെടുത്ത് വിജയിച്ച എല്ലാവർക്കും പ്രത്യേകിച്ച് മലയാള പ്രസംഗം യൂണിവേഴ്സിറ്റി ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കിരൺ ഷാജിക്കും യൂണിയന്റെ പേരിൽ അനുമോദനങ്ങൾ അറിയിക്കുന്നു. ഈ കലാലയ വർഷത്തിൽ നമ്മെ നൊമ്പരപ്പെടുത്തിക്കൊണ്ട് നമ്മിൽ നിന്നും വിട്ടുപിരിഞ്ഞ പ്രിയ സഹോദരൻ സുധീറിനേയും ജിബിൻ ചേട്ടനെയും സ്മരിച്ചുകൊണ്ട് ഇവരുടെ ആത്മാവിന് നിത്യശാന്തി നേർന്നു കൊള്ളുന്നു.

ദീർഘകാലത്തെ വിശിഷ്ട സേവനത്തിനുശേഷം സർവ്വീസിൽ വിന്നും വിരമിക്കുന്ന പ്രൊഫ. കൊച്ചുറാണിയും ഓഫീസ് സ്റ്റാഫ് തോമസ് ചേട്ടനും യൂണിയന്റെ പേരിൽ എല്ലാ ഭാവുകങ്ങളും നേരുന്നു.


യൂണിയന്റെ പ്രവർത്തനങ്ങളിൽ മുഴുവൻ സമയവും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന ബഹു. പ്രിൻസിപ്പലിനോടും എല്ലാറ്റിനും ഞങ്ങളോടൊപ്പം സഹകരിച്ച് പ്രവർത്തിച്ച സ്റ്റാഫ് അഡ്വൈസർ പ്രൊഫ. കെ. പി. ബെന്നി സാറിനോടുമുള്ള ഞങ്ങളുടെ അകൈതവമായ കടപ്പാട് വാക്കുകളിൽ ഒതുങ്ങുന്നില്ല. യൂണിയൻ പ്രവർത്തനങ്ങളിൽ ഞങ്ങളോടു സഹകരിച്ച എല്ലാ അദ്ധ്യാപകരോടും അനദ്ധ്യാപകരോടും സർവ്വോപരി ഞങ്ങളെ ഇതിനായി നിയോഗിച്ച പ്രിയ കൂട്ടുകാരോടും ഞങ്ങൾക്കുള്ള നന്ദി ഈയവസരത്തിൽ രേഖപ്പെടുത്തട്ടെ.

ചുരുങ്ങിയ ഈ കാലയളവിൽ ചെയ്തുതീർത്ത കാര്യങ്ങളിൽ അഭിമാനത്തോടും എന്നാൽ വന്നുപോയ വീഴ്ചകൾ സമ്മതിച്ചുകൊണ്ടുതന്നെയും നിങ്ങൾക്കെല്ലാവർക്കും ഒരിക്കൽക്കൂടി എല്ലാ വിജയാശംസകളും പ്രാർത്ഥനകളും നേർന്നുകൊണ്ട് ഈ പ്രവർത്തന റിപ്പോർട്ട് പ്രിൻസിപ്പൽ, വിശിഷ്ടാതിഥി, ഗുരുജനങ്ങൾ, സഹപാഠികൾ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിച്ചു കൊള്ളുന്നു.

സ്നേഹപൂർവ്വം
**കിരൺ ഷാജി**
ജനറൽ സെക്രട്ടറി




# Magazines and Editors





Joseph Thomas
Dept. of Mathematics
Ist Prize







Diyon Kuriakose
Dept. of Economics
IInd Prize




Jovitha Jojo
Dept. of Commerce Regular
IIIrd Prize











Anoop Krishna
Dept. of Commerce Self
Vth Prize






Ambady Mohanan
Dept. of Communicative English




Dinto Joy
Dept. of Physics




Aneeta Mathew
Dept. of Malayalam






Sandeep Sabu
Dept. of History





Roshan B. Karimpaniyil
Dept. of English






Sreejith K. Peethambaran
Dept. of Botany




Teena Jaison
Dept. of Zoology





Suja Shaji
NSS

# നന്ദി

മനസ്സിന്റെ മാണിക്യക്കോവിലിൽ വിടർന്ന
അക്ഷരങ്ങളുടെ പനിനീർപ്പൂക്കളെ
അണിയിച്ചൊരുക്കുവാൻ
പരിശ്രമിച്ചവർ അനവധിയാണ്.
സ്നേഹത്തിന്റെ പ്രത്യയശാസ്ത്രം
നിരോധിക്കപ്പെടുന്ന കാലത്ത് ഒപ്പം നടന്നവർക്ക്
നൽകാനുള്ളത് സ്നേഹം മാത്രം....
ഈ വസന്തം ഒരാളുടെ സ്വന്തമല്ലെന്നറിയുക...
കൂട്ടായ പരിശ്രമത്തിന്റെ പ്രതിഫലനമാകുമ്പോൾ
വസന്തത്തിന്റെ സൗരഭ്യമേറുന്നു...
നിർദ്ദേശങ്ങളിലൂടെ.... അഭിപ്രായസമന്വയങ്ങളിലൂടെ...
അക്ഷരങ്ങളുടെ ഈ പൂമരം
അണിയിച്ചൊരുക്കുവാൻ
സഹായിച്ചവർക്ക്....
നന്ദിയുടെ പൂച്ചെണ്ടുകൾ
അർപ്പിക്കുന്നു....





# ശില്പി

| | | |
|---|---|---|
| പ്രസാധകൻ | : | റവ. ഡോ. വിൻസെന്റ് നെടുങ്ങാട്ട്<br>പ്രിൻസിപ്പൽ |
| സ്റ്റാഫ് എഡിറ്റേഴ്സ് | : | റവ. ഡോ. മാനുവൽ പിച്ചളക്കാട്ട്<br>ഡോ. ബിജിമോൾ തോമസ്<br>ശ്രീമതി ലാലി തോമസ് |
| ചീഫ് എഡിറ്റർ | : | ജിബിന ജെയിംസ് പുളിയ്ക്കൽ |
| സബ് എഡിറ്റേഴ്സ് | : | അമ്പാടി മോഹനൻ<br>അശ്വിൻ ബാബു<br>ജോസ് അഗസ്റ്റിൻ<br>വിഷ്ണു സോമരാജൻ<br>ജോസഫ് തോമസ്<br>ടോമിൻ സണ്ണി<br>റെക്സിമോൾ മാത്യു |
| ലേ ഔട്ട് & ഡിസൈനിംഗ് | : | ജെമിനി പ്രസ്, തൊടുപുഴ<br>ഫോൺ. 04862 229080 |



# My own Light in silent darkness



LEAD KINDLY LIGHT

## Newman College

Thodupuzha, Idukki (Dist.), Kerala-685 584, India
(Re-accredited by NAAC with 'A' Grade &
affiliated to MG University, Kottayam)
Ph: 04862 222686 (Off.) 229797 (Principal), 222486 (Bursar)
E-mail: newmancollegethodupuzha@gmail.com
Url:www.newmancollege.ac.in

Gemini Press Tdpa, 04862 229080